Reg. No C· 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല”

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കന്നി 12 | ലക്കം 7

## നിത്യജീവന്റെ നീരുറവ

(ജയിംസ് കെ. സി., മണിമല)

മദ്ധ്യാഹ്നം; ചണ്ഡഭാസ്കരൻ ചെങ്കനൽപ്രഭ വിതറുന്നു. പഥികന്മാർ വിവശരായി തണൽപ്പരപ്പിലേക്കോടിയണഞ്ഞു. പ്രഭാതത്തിന്റെ മാർത്തട്ടിൽ പുഞ്ചിരിതൂകിനിന്നപൂക്കളെല്ലാം വാടിത്തളർന്നുപോയി. അംബരതലത്തിൽ തുള്ളിക്കുതിച്ചു മേഘക്കിടാങ്ങൾ നിശ്ചലരായി ആരെയോ നോക്കിനിന്നു.

* * *

കരിമ്പാറകളുടെ ഉൾത്തലമുരുക്കുന്ന ആ ഘോരകിരണങ്ങൾ ഏതോ ദിവ്യതേജസ്സിൽ ലയിച്ചു ശാന്തതയെ പുണരുന്നതെന്തുകൊണ്ടു്? ഗലീലിയ കടലിലെ തരംഗപരമ്പരകൾ തഴുകിവരുന്ന കുളിർവാതം ആരുടെ സന്നിധിയിലേക്കാണു് ഇത്ര വെമ്പലോടെ ഓടിയണയുന്നതു്? തരുനിരകൾ തങ്ങളുടെ ഛായാതലങ്ങൾ ഏതൊരു ദിവ്യസവിധത്തിലേക്കാണു നീട്ടിക്കൊള്ളുന്നതു്? താരും തളിർച്ചില്ലകളും ആരുടെ വഴിത്താരയിലാണു് ഈ നട്ടുച്ചയ്ക്കും നിർല്ലോപം വിതറപ്പെടുന്നതു്? !·! ശരി, എരിവെയിലിൽ ഹൃദയനാഡികൾ വരണ്ടുപോയ അവററകൾ അങ്ങേ പാദപാംസുക്കൾ ചുംബിച്ചു നിർവൃതിയടഞ്ഞുകൊള്ളട്ടെ.



* *

പ്രേമാത്മൻ! ഈ കൊടുംവെയിലത്തു്, വിയർത്തൊലിച്ചു് അവിടുന്നു് എങ്ങോട്ടു പോകുന്നു? സൂര്യനെ ഉടയാടയാക്കി, നക്ഷത്രമുടി ധരിച്ചുകൊണ്ടു ചന്ദ്രപീഠത്തിൽ നില കൊള്ളുന്ന, അമലകന്യകയുടെ നറും ചുംബനങ്ങളാൽ തുടുത്തുമിനുത്ത ആ കോമളഗാത്രം എന്തുകൊണ്ടിത്ര വിവശമായി? ........ പ്രഭോ ക്ഷമിക്കണേ! അല്പജ്ഞതയുടെ ഹൃദയത്തിൽനിന്നു തള്ളിപ്പുറപ്പെട്ട ഈ നിരർത്ഥകങ്ങളായ ചോദ്യചിഹ്നങ്ങൾ അങ്ങു മായിച്ചേക്കണേ! ക്ലേശങ്ങളുടെ മൂശയിൽ സ്വന്തവ്യക്തിത്വം ഉരുക്കിയൊഴിച്ചു പാപത്തിന്റെ പരിരംഭണത്താൽ ആകാരമററ മനുഷ്യാത്മാവിനു രൂപം നൽകുവാൻ പണിപ്പെടുന്ന അവിടത്തെ മഹനീയലക്ഷ്യങ്ങൾ ആരു കണ്ടു?

II

ശാക്കോർ, സസ്യശ്യാമളമായ ആ സ്ഥലം പ്രാക്തനപ്രസിദ്ധമത്രെ. ഗ്രീഷ്മർത്തുവിന്റെ പ്രാഭവങ്ങൾക്കു വഴങ്ങാത്ത ഒരു കിണറുമുണ്ടവിടെ, ആ പ്രദേശത്തിന്റെ ഹൃദയംപോലെ. ഹീനരെന്നു യഹൂദന്മാർ മുദ്രയടിച്ചു മാററിനിറുത്തിയിരിക്കുന്ന സമര്യാക്കാർക്കാണു് ഇപ്പോൾ അതിന്റെ ഉടമസ്ഥത. എന്നിരിക്കിലും ദാഹവിവശനായ ഒരു യഹൂദപഥികൻ അവിടെ ശിലാതലത്തിൽ ഉപവിഷ്ടനായിരിക്കുന്നു.

അതാ വരുന്നുണ്ടു്; ലോകനേത്രങ്ങളെ സൗന്ദര്യപ്പരപ്പിലിട്ടു് തുള്ളിക്കളിപ്പിക്കുന്ന ഒരു യുവസുന്ദരി. വെള്ളംകോരുന്നതിനിടയിൽ അവൾ ആ യുവകോമളന്റെ നേർക്കു് ഒരു ഭ്രൂപ്രയോഗം! പക്ഷെ, മാർബിൾശിലയിൽവീണ മുത്തുച്ചിപ്പിപോലെ തകർന്നുപോയി അവളുടെ കടക്കൺമുനകൾ. ആയുസ്സിൽ മുമ്പൊരിക്കലും അവൾക്കനുഭവപ്പെട്ടിട്ടില്ലാത്ത ഒരു തിരിച്ചടി!

ഗാംഭീര്യവും അഭൗമതേജസ്സും നിഴലിച്ചുനിന്ന ആ വദനത്തിൽനിന്നു പ്രസരിച്ച കിരണങ്ങളാൽ അവളുടെ ചില്ലിവില്ലുപോലും അസ്തപ്രജ്ഞമായി. ആശയും ആദർശവും തമ്മിലുള്ള ഒരു സംഘട്ടനം! ജഡവും ആത്മാവുമായുള്ള ഒരേററുമുട്ടൽ!! പാപം പവിത്രതയുടെ പാർശ്വതലത്തിൽവന്നു് ഒന്നുരസിനോക്കി.

“സ്ത്രീ! ഞാൻ ദാഹവിവശനാണു്. ജലം തരൂ” ആശയഗംഭീരമായ ഒരു ചോദ്യം.

“എന്തു്? ഭവാൻ ഒരു യഹൂദൻ, ഞാനോ സമരിയക്കാരി; അവിടുന്നു് എന്നോടു കുടിക്കാൻ ജലം ചോദിക്കുകയോ?” ആഭിജാത്യത്തിന്റെ ഇരുമ്പുകോട്ടയുടെ മുമ്പിൽ തകർന്നുനില്ക്കുന്ന മനുഷ്യത്വത്തിന്റെ വെറും പ്രലപനം.

“സോദരി!” അദ്ദേഹം പ്രതിവചിച്ചു. “നിന്നോടു വെള്ളം ചോദിക്കുന്നതു് ആരെന്നു നീ അറിഞ്ഞിരുന്നെങ്കിൽ, അയാളോടു നീ ജീവന്റെ വെള്ളം ആവശ്യപ്പെടുമായിരുന്നു.”

“അങ്ങേക്കു വെള്ളം കോരാൻ പാത്രമില്ല; കയറില്ല; കിണറു വളരെ ആഴമേറിയതും. പിന്നെ അങ്ങേക്കു വെള്ളം എങ്ങനെ ലഭിക്കും? ഞങ്ങളുടെ പിതാവായ യാക്കോബും സന്താനപരമ്പരയും അവരുടെ അജവൃന്ദവും ഈ വെള്ളമാണു കുടിച്ചതു്. അങ്ങു യാക്കോബിനെക്കാൾ വലിയവനാണോ?”

“ഈ വെള്ളം കുടിക്കുന്നവർക്കു വീണ്ടും ദാഹമുണ്ടാകുന്നു. എന്നാൽ ഞാൻ നൽകുന്ന ‘ജീവജലം’ പാനംചെയ്യുന്നവർ പിന്നീടൊരിക്കലും ദാഹിക്കുകയില്ല; നിത്യജീവന്റെ നീരുറവയായിരിക്കും അതു്.” പ്രശാന്തഗംഭീരമായ ആ വദനത്തിൽനിന്നു് അങ്ങനെ അലൗകികാശയങ്ങൾ അനവദ്യമായി, അതിലളിതമായി, അടർന്നുവീണു.

“ഗുരോ! അങ്ങെനിക്കു നൽകിയാലും ആ അത്ഭുതജലം; പിന്നെ ഞാൻ ഇവിടെ നിത്യവും ഇങ്ങനെ വെള്ളംകോരാൻ വരേണ്ടതില്ലല്ലോ.”

“ശരി, നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരൂ.”

“എനിക്കു ഭർത്താവില്ല.”

“കൊള്ളാം, സ്ത്രീയേ! നീ വാസ്തവം പറഞ്ഞു. നിനക്കു് അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. ഇപ്പോൾ നിന്നോടുകൂടെ വസിക്കുന്നവൻ നിന്റെ ഭർത്താവല്ല.”

ആ ലലനാമണിയുടെ സൗന്ദര്യവിലാസങ്ങൾ പൊടുന്നനവെ ഒന്നു നടുങ്ങി. അവളുടെ സ്മരണ ഭൂതകാലത്തിന്റെ തിരശ്ശീലകളിലേക്കു മിന്നൽവേഗത്തിൽ പാഞ്ഞുപോയി. ആശ്ചര്യം പിന്നെയുമവളെക്കൊണ്ടു പറയിക്കുകയാണു്:—

“മഹാത്മൻ! അവിടുന്നു് ഒരു പ്രവാചകനാണെന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഇവിടെ ആരാധന നടത്തി. നിങ്ങളോ ആരാധനസ്ഥലം ഓർശ്ലേമാണെന്നാണല്ലോ പറയുന്നതു്.”

“സോദരി, എന്നെ വിശ്വസിക്കുക” ജീവാത്മകങ്ങളായ വൈഖരികൾ അതാ വീണ്ടും പ്രവഹിക്കുന്നു. “സത്യമായ ആരാധനാസ്ഥലം ഇവിടെയുമല്ല, ഓർശ്ലേത്തുമല്ല, എന്നുള്ള കാലം വരുന്നു. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു; ഞങ്ങളോ അറിയുന്നതിനെയും. രക്ഷ യഹൂദരിൽ നിന്നു തന്നെയാണല്ലോ — തന്നെയുമല്ല, സത്യാരാധകർ പിതാവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന കാലം സമാഗതമാകുന്നു; അതു ഇപ്പോൾത്തന്നെയാണു്. ഏതാദൃശരായ ആരാധകരെയാണു പിതാവന്വേഷിക്കുന്നതും. ദൈവം അരൂപിയാണു്. അതിനാൽ അങ്ങേ ആരാധിക്കേണ്ടതു് അരൂപിയിലും സത്യത്തിലുമാകുന്നു.”

“മിശിഹാ വരുമ്പോൾ, ഞങ്ങളെ സകല കാര്യങ്ങളും വിശദമായി പഠിപ്പിക്കും.” അവൾ തന്റെ അജ്ഞതയുടെ കൈത്തലം നിറഞ്ഞ പ്രതീക്ഷകളോടെ ഉയർത്തിക്കാണിച്ചു.

“നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാണു മിശിഹാ.” ആ പെണ്മണിയുടെ വികാരവീചികളിലെ ഓളപ്പരപ്പിൽ ഒരു മനോജ്ഞമൗക്തികംപോലെ ആ വാചകം തെന്നിക്കളിച്ചു.

അവൾ കുടം താഴെ വച്ചിട്ടു പട്ടണത്തിലേക്കോടി. കണ്ണിൽക്കണ്ട ജനങ്ങളോടൊക്കെ തനിക്കനുഭവപ്പെട്ടതെല്ലാം അവൾ പറഞ്ഞുകേൾപ്പിച്ചു. അവർ ആവേശഭരിതരായി അങ്ങേ ദിവ്യസന്നിധിയിൽ ഓടിയെത്തി. ജീവിതക്ലേശങ്ങളിൽ എരിപൊരികൊണ്ടിരുന്നവർ ആ “നിത്യജീവന്റെ നീരുറവ”യിൽനിന്നു് ആവോളം കുടിച്ചു സംതൃപ്തരായി. ഒടുവിൽ അവർ ആ യുവതിയോടു പറയുകയാണു്:—“നിന്റെ വാക്കു നിമിത്തമല്ല ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നതു്; അവിടുന്നു സത്യമായി

# കൽക്കദോനിയാസൂനഹദോസ്

അഥവാ

# യാക്കോബായസഭയുടെ ഉത്ഭവം

(ചരിത്രസംഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു പ്രഹസനം)

(ററി. ജെ. വി.)

## രംഗം 2

റോമ്മായിലെ

ഒരു ആലോചനായോഗം

[സൂത്രധാരൻ പ്രവേശിച്ചു കഥാസാരം പറയുന്നു:— മാന്യരേ, ലെയോൻ മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ റോമ്മായിൽ നടന്ന ഒരു ആലോചനായോഗമാണു് ഇനി അഭിനയിക്കപ്പെടുന്നതു്.

എവുത്തിക്കോസിനെ കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് പാഷണ്ഡിയായി ശപിച്ച കാര്യം ഫ്ളാവിയൻ പാത്രിയർക്കീസ് ലെയോൻ മാർപ്പാപ്പായെ അറിയിക്കുന്നു. എവുത്തിക്കോസ് മാർപ്പാപ്പായുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കുന്നു. ഒരു പൊതുസൂനഹദോസ് വിളിച്ചുകൂട്ടുന്നതു നല്ലതാണെന്നുള്ള അഭിപ്രായത്തെ മാർപ്പാപ്പാ അംഗീകരിക്കുന്നു. എഫേസൂസിൽ കൂടാൻ നിശ്ചയിച്ച ഈ സൂനഹദോസിലേക്കു ജൂലിയോസ് എന്ന മെത്രാനെയും, റെനാറാസ് എന്ന പട്ടക്കാരനെയും, ഹില്ലാരി എന്ന ഡീക്കൻ അഥവാ ആറാം പട്ടക്കാരനെയും തൻെറ പ്രതിനിധികളായി മാർപ്പാപ്പാ അയക്കുന്നു. എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ സവിസ്തരം പ്രതിപാദിച്ചു വിമർശിച്ചിട്ടുള്ള ഒരു ലേഖനം മാർപ്പാപ്പാ പ്രതിനിധിമാരെ ഏല്പിക്കുന്നു. ആ ലേഖനത്തിൽ തെളിയിച്ചിട്ടുള്ളപ്രകാരം ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നുള്ള സത്യവിശ്വാസത്തെ എവുത്തിക്കോസും അനുയായികളും നിഷേധിക്കുന്നെങ്കിൽ അവരെ പാഷണ്ഡികളായി ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിക്കണമെന്നു മാർപ്പാപ്പാ പ്രതിനിധിമാരോടു ആജ്ഞാപിക്കുന്നു. പ്രതിനിധിമാർ മാർപ്പാപ്പായുടെ ആശീർവ്വാദം വാങ്ങി എഫേസൂസിലേക്കു പുറപ്പെടുന്നു]

(ലെയോൻ മാർപ്പാപ്പായും ഏതാനും മെത്രാന്മാരും സന്നിഹിതരായിരിക്കുന്നു. മാർപ്പാപ്പായുടെ പ്രതിനിധികളായി എഫേസൂസ് സൂനഹദോസിലേക്കു് അയക്കപ്പെടേണ്ട ജൂലിയോസ് മെത്രാനും, റെനാറാസ് എന്ന പട്ടക്കാരനും, ഹില്ലാരി എന്ന ആറാംപട്ടക്കാരനും ഈ യോഗത്തിൽ സന്നിഹിതരായിരിക്കുന്നു)

മാർപ്പാപ്പാ (അദ്ധ്യക്ഷസ്ഥാനത്തു് ഇരുന്നു പറയുന്നു):-വത്സലമക്കളേ, മനുഷ്യാവതാരംചെയ്ത ദൈവപുത്രൻെറ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചുപോയെന്നും തന്നിമിത്തം ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേയുള്ളുവെന്നും കോൺസ്റ്റൻറിനോപ്പിൾ നഗരത്തിൽ എവുത്തിക്കോസ് എന്നുപേരുള്ള ഒരു സന്യാസി ഇപ്പോൾ പഠിപ്പിച്ചുവരുന്നു. കോൺസ്റ്റൻറിനോപ്പിളിലെ പാത്രിയർക്കീസായ ഫ്ളാവിയനും, മററുപല മെത്രാന്മാരും സംബന്ധിച്ചിരുന്ന ഒരു സൂനഹദോസിൽവച്ചു് എവുത്തിക്കോസിൻെറ ഈ അബദ്ധോപദേശത്തെ ശപിച്ചു നിശ്ചയങ്ങൾ പാസ്സാക്കി അംഗീകാരത്തിനായി ഇതാ! നമ്മുടെ പേർക്കു് അയച്ചിരിക്കുന്നു. അവരുടെ വിധിയിൽ അതൃപ്തനായി എവുത്തിക്കോസ് നമ്മുടെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടു്. ഇതാ! ഫ്ളാവിയൻെറയും എവുത്തിക്കോസിൻെറയും എഴുത്തുകൾ. ഇവ വായിച്ചു നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുവിൻ. ഇതു ഫ്ളാവിയൻെറ എഴുത്താണു്. (മാർപ്പാപ്പാ ഫ്ളാവിയൻെറ എഴുത്തെടുത്തു് അടുത്തിരിക്കുന്ന ഒരു മെത്രാൻെറ കൈവശം കൊടുക്കുന്നു. കൈമുത്തിയശേഷം അദ്ദേഹം അതു വാങ്ങി ഇപ്രകാരം ഉറക്കെ വായിക്കുന്നു.)

പരിശുദ്ധ പിതാവേ, മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻെറ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചുപോയെന്നും തന്മൂലം ക്രിസ്തുവിൽ ഒരു സ്വഭാവം മാത്രമേ—ദൈവസ്വഭാവം മാത്രമേ—ഉള്ളുവെന്നും പഠിപ്പിക്കുന്ന എവുത്തിക്കോസ് എന്ന സന്യാസിയുടെ അബദ്ധോപദേശത്തെ കോൺസ്റ്റൻറിനോപ്പിളിൽ കൂടിയ ഒരു സൂനഹദോസിൽവച്ചു ഞാനും സമീപസ്ഥരായ

ലോകരക്ഷകനായ മിശിഹാ ആകുന്നുവെന്നു് ഞങ്ങൾ കേൾക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.” (യോഹന്നാൻ IV—42)

മാറു മെത്രാന്മാരും ശോധനചെയ്തു. ഞങ്ങൾ കഴിയുന്നത്ര ഉപദേശിച്ചിട്ടും എവുത്തിക്കോസ് ഈ അബദ്ധോപദേശത്തെ ഉപേക്ഷിക്കാതെ ദുശ്ശാഠ്യപൂർവ്വം അതുതന്നെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ എവുത്തിക്കോസിനെ ഒരു പാഷണ്ഡിയായി പരിഗണിച്ചു് ഞങ്ങൾ വിധി പ്രസ്താവിച്ചു * “ബുദ്ധിമാനായ അവിടുന്നു് എല്ലായിടത്തും പ്രശാന്തതയും സമാധാനവും നൽകുന്നവനാണല്ലോ. ദൈവാനുഗ്രഹത്താൽ അവിടുത്തെ സ്തുത്യർഹമായ ലേഖനങ്ങൾ ഇപ്പോൾ ഉത്ഭവിച്ചിട്ടുള്ള പാഷണ്ഡതയെയും, തൽഫലമായി ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെയും അവസാനിപ്പിക്കതന്നെ ചെയ്യും. ഒരു സൂനഹദോസ് വിളിച്ചുകൂട്ടണമെന്നുള്ള ശ്രുതികൾ കേൾക്കുന്നു. എന്നാൽ സൂനഹദോസുമൂലം ലോകം മുഴുവനിലുമുള്ള പള്ളികളിൽ കുഴപ്പമുണ്ടായേക്കും. ആകയാൽ സൂനഹദോസ് കൂടുന്നതിനെ അവിടുന്നു തടയണം. കാനോനികമായി ഞങ്ങൾ ചെയ്ത തീരുമാനങ്ങളെ ഉറപ്പിച്ചു് ഒരു വിധി പ്രസ്താവിച്ചാൽ സകല തർക്കങ്ങളും എന്നേക്കുമായി തീർന്നുകൊള്ളും.” (1)

എന്നു്,

അവിടുത്തെ വിനീത ദാസനായ
ഫ്ളാവിയൻ, കോൺസ്റ്റൻറി
നോപ്പിളിലെ പാത്രിയർക്കീസ്.

മാർപ്പാപ്പാ:—എവുത്തിക്കോസ് നമ്മുടെ പേർക്കു് അയച്ചിരിക്കുന്ന അപ്പീൽ ഇനി വായിക്കുക.

(മാർപ്പാപ്പാ എവുത്തിക്കോസിൻെറ എഴുത്തെടുത്തു വേറൊരു മെത്രാനെ ഏല്പിക്കുന്നു. അദ്ദേഹം അതു ആദരപൂർവ്വം വാങ്ങി ഇപ്രകാരം ഉറക്കെ വായിക്കുന്നു.)

പരിശുദ്ധ പിതാവേ, ഒരു തുള്ളി പാൽ മഹാസമുദ്രത്തിൽ വീണാൽ സമുദ്രജലത്തിൽ അതു എങ്ങനെ ലയിക്കുന്നുവോ അതുപോലെ മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻെറ അനന്തമാഹാത്മ്യമുള്ള ദൈവത്വത്തിൽ അതിനിസ്സാരമായ മനുഷ്യത്വം മുഴുവനായി ലയിച്ചുപോയെന്നും, തന്മൂലം ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേയുള്ളുവെന്നും പഠിപ്പിച്ചുവരുന്ന എന്നെ—നെസ്തോറിയൻ പാഷണ്ഡതക്കെതിരായി സത്യവിശ്വാസം പഠിപ്പിച്ചുവരുന്ന എന്നെ—കോൺസ്റ്റൻറിനോപ്പിളിൽ കൂടിയ ഒരു സൂനഹദോസ് പാഷണ്ഡിയായി വിധിച്ചിരിക്കുന്നു. ഒരിക്കൽ എൻെറ സ്നേഹിതനായിരുന്ന ദൊറിലേയം രൂപതയുടെ മെത്രാനായ എവുസേബിയസ് ഇപ്പോൾ എന്നെ ദ്വേഷിക്കുന്നതുകൊണ്ടാണു് ഈ സൂനഹദോസിൽ ഞാൻ ശപിക്കപ്പെടുന്നതിനു് ഇടയായതു്.

* ഈ പ്രഹസനത്തിൽ ഉദ്ധരണിചിഹ്നങ്ങൾ ഇട്ടു നൽകുന്ന സാക്ഷ്യങ്ങളെല്ലാം മൂലരേഖകളിൽ ഉള്ളവയുടെ ശരി തർജ്ജമയാണു്. അവയിൽ അടങ്ങിയിട്ടുള്ള ചരിത്രസംഗതികളുടെ പ്രാധാന്യവും പ്രാമാണ്യവും പ്രത്യേകം ചിന്തനീയമത്രെ.—ലേഖകൻ.

(1) E · XXVI

ആകയാൽ “മതസംരക്ഷകനും, ഭിന്നതകളുടെ ശത്രുവുമായ അവിടുത്തെ സന്നിധിയിൽ ഞാൻ അഭയംപ്രാപിക്കുന്നു. എനിക്കെതിരായി തീരുമാനിച്ചതിനെ അവഗണിച്ചു വിശ്വാസസംബന്ധമായി തക്കതായ ഒരു തീരുമാനം അവിടുന്നു പ്രഖ്യാപനംചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ദുരാലോചനക്കാർ അധിക്ഷേപങ്ങളോടുകൂടി എന്നെ പിന്തുടരുവാൻ അവിടുന്നു് അനുവദിക്കരുതു്. എഴുപതു സംവത്സരം ആത്മനിയന്ത്രണത്തിലും വിരക്തിയിലും ജീവിച്ചിട്ടുള്ള എന്നെ സത്യവിശ്വാസികളുടെ ഗണത്തിൽനിന്നു് അവർ ബഹിഷ്കരിക്കുവാൻ അവിടുന്നു് ഇടയാക്കരുതു്.” (2)

എന്നു്,

തിരുമനസ്സിലെ വിനീത ദാസൻ
എവുത്തിക്കോസ്, കോൺസ്റ്റൻറി
നോപ്പിൾ സന്യാസസമൂഹത്തിൻെറ
ശ്രേഷ്ഠൻ.

മാർപ്പാപ്പാ:—നെസ്തോറിയൻ പാഷണ്ഡതക്കു എതിരായി എവുത്തിക്കോസ് ശക്തിപൂർവ്വം പോരാടിയിട്ടുണ്ടെന്നുള്ളതു വാസ്തവമാണു്. അതേപ്പററി നമ്മുടെ ഒരു ലേഖനത്തിൽ അദ്ദേഹത്തെ വളരെയധികം നാം സ്തുതിച്ചിട്ടുമുണ്ടു്. (3) എന്നാൽ “മൂഢനായ ഈ വൃദ്ധമനുഷ്യൻ” (foolish old man) അജ്ഞതകൊണ്ടും ദുർവാശികൊണ്ടും ഇപ്പോൾ ഏകസ്വഭാവവാദത്തിൽ—ഒരു അബദ്ധത്തിനു് എതിരായി പോരാടിയെങ്കിലും മറെറാരു വലിയ അബദ്ധത്തിൽ—ഇപ്പോൾ ഇതാ! ചാടിയിരിക്കുന്നു. ഒരു സൂനഹദോസു കൂടി ഇക്കാര്യം തീരുമാനിക്കണമെന്നു് എവുത്തിക്കോസിനെ അനുകൂലിക്കുന്ന ചിലർ നമ്മോടു് അപേക്ഷിച്ചിട്ടുണ്ടു്. ഫ്ളാവിയൻ പാത്രിയർക്കീസ് അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ഇക്കാര്യത്തിനായി ഒരു സൂനഹദോസ് വിളിച്ചുകൂട്ടേണ്ട ആവശ്യമില്ലതന്നെ. കോൺസ്റ്റൻറിനോപ്പിളിൽ നടന്ന സൂനഹദോസിൻെറ നിശ്ചയങ്ങളെ നാം അംഗീകരിച്ചു ഉറപ്പിച്ചാൽ മതിയാകും. എന്നിരുന്നാലും ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ചുള്ള വിശ്വാസസത്യം ഒന്നുകൂടി വിശദമായി എല്ലാവരെയും ഗ്രഹിപ്പിക്കുന്നതിനും, അബദ്ധോപദേശം പിൻവലിച്ചു സത്യവിശ്വാസത്തിലേക്കു തിരികെ വരുവാൻ എവുത്തിക്കോസിനു് ഒരവസരം നൽകുന്നതിനുംവേണ്ടി ഒരു പൊതുസൂനഹദോസ് കൂടുകയാണു നല്ലതെന്നു നാം തീരുമാനിക്കുന്നു. ആ സൂനഹദോസിൽ നമ്മുടെ പ്രതിനിധികളായി പോസ്സുവോളിലെ (Pozzuoli) മെത്രാനായ ജൂലിയോസിനെയും, റെനാററസ് എന്ന പട്ടക്കാരനെയും, ഹില്ലാരി എന്ന ആറാംപട്ടക്കാരനെയും അയക്കുന്നതിനു നാം നിശ്ചയിച്ചിരിക്കുന്നു. ഇതാ! എവുത്തിക്കോസിൻെറ ഉപദേശത്തെ സമൂലം വിമർശിച്ചു നാം ഒരു ലേഖനം എഴുതിയിരിക്കുന്നു. ഈ ലേഖനത്തിൽ എവുത്തിക്കോസിൻെറ നവീനോപദേശം അബദ്ധമാണെന്നും സ്വീകാരയോഗ്യമല്ലെന്നും പ്രസ്പഷ്ടമായി നാം തെളിയിച്ചിട്ടുണ്ടു്. (മാർപ്പാപ്പാ ജൂലിയോസ് മെത്രാനു് ലേഖനം കൊടുത്തുകൊണ്ടു പറയുന്നു) ഈ ലേഖനം നിങ്ങൾ സൂനഹദോസിൽ വായിക്കണം. എവുത്തിക്കോസും, അനുയായികളും അബദ്ധോപദേശം പിൻവലിച്ചു സത്യവിശ്വാസം ഏററുപറയുന്നെങ്കിൽ അവരെ സഭയുടെ ഐക്യത്തിൽ നിങ്ങൾ സ്വീകരിക്കണം. എന്നാൽ ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ചു് ഈ ലേഖനത്തിൽ പ്രഖ്യാപനംചെയ്തിട്ടുള്ള സത്യവിശ്വാസം സ്വീകരിക്കാതെ അവരുടെ അബദ്ധോപദേശത്തിൽത്തന്നെ അവർ സ്ഥിരമായി നില്ക്കുന്നെങ്കിൽ നിങ്ങൾ അവരെ പാഷണ്ഡികളായി ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിക്കണം. ഇതാണു് എവുത്തിക്കോസിനെ സംബന്ധിച്ചുള്ള നമ്മുടെ ഔദ്യോഗികമായ വിധി. ഈ വിധിക്കു എതിരായി നില്ക്കുവാൻ ആർക്കും അവകാശമില്ല.

2) Mansi, V, 1014. V, 1223

3) Leo Ep. XX; Mansi

പ്രതിനിധിമാർ (എഴുന്നേററു നിന്നുകൊണ്ടു്):-പരിശുദ്ധപിതാവേ, അവിടുത്തെ നിർദ്ദേശങ്ങളനുസരിച്ചു് എല്ലാകാര്യങ്ങളും ഞങ്ങൾ പ്രവർത്തിക്കുന്നതാണു്. യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു് ഉടനെ ഞങ്ങൾ പുറപ്പെട്ടുകൊള്ളാം. അവിടുത്തെ പൈതൃകവും അപ്പസ്തോലികവുമായ ആശീർവ്വാദം ഞങ്ങൾക്കു തന്നാലും.

(മാർപ്പാപ്പാ കാപ്പ, മുടി മുതലായ സ്ഥാനചിഹ്നങ്ങൾ അണിഞ്ഞു താഴെ കാണുന്ന പ്രാർത്ഥന ചൊല്ലി പ്രതിനിധിമാരെ ആശീർവ്വദിക്കുന്നു. തത്സമയം എല്ലാവരും മുട്ടിന്മേൽ നില്ക്കുന്നു) ●

V. Sit nomen Domini benedictum.

R. Ex hoc nunc, et usque in saeculum.

V. Adjutorium nostrum in nomine Domini

R. Qui fecit caelum et terram.

V. Benedicat vos omnipotens Deus Pater + et Filius + et Spiritus + Sanctus.

R. Amen.

(പരിഭാഷ)

മാർപ്പാപ്പാ: — കർത്താവിൻെറ നാമം സ്തുതിക്കപ്പെട്ടതാകട്ടെ.

എല്ലാവരും:—ഇപ്പോഴും എന്നേക്കും സ്തുതിക്കപ്പെട്ടതാകട്ടെ.

മാർപ്പാപ്പാ:—നമ്മുടെ സഹായം കർത്താവിൻെറ നാമത്തിലാകുന്നു.

എല്ലാവരും:—ആകാശവും ഭൂമിയും സൃഷ്ടിച്ച അവിടുത്തെ നാമത്തിൽത്തന്നെ.

മാർപ്പാപ്പാ:—പിതാവും + പുത്രനും + പരിശുദ്ധാ + ത്മാവുമായിരിക്കുന്ന സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എല്ലാവരും:—ആമ്മേൻ.

(കർട്ടൻ)

● ലത്തീൻരീതിയനുസരിച്ചു പാടി ആശീർവ്വാദം നല്കുന്നു.

## വിശുദ്ധ വത്സരത്തിലേക്ക്

വത്തിക്കാനിലെ ദേവാലയങ്ങളെല്ലാം വിശുദ്ധവത്സരത്തിൽ ദീപാലംകൃതമാക്കുന്നതിലേക്കു് വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നു. റോമിലെ നാലു പ്രസിദ്ധ ബസിലിക്കാകളിലൊന്നായ സെൻറ് മേരിമേജറിലെ ശില്പവിധാനങ്ങളുടെ പ്രദർശനത്തിനായി ഏററവും നവീന രീതിയിലുള്ള വൈദ്യുതദീപങ്ങളാണു് തയ്യാറാക്കിവരുന്നതു്.

## തീർത്ഥയാത്ര

പോർത്തുഗലിൽ ബ്രാഗായിലെ തെരുവുകളിൽക്കൂടി നടത്തിയ പരിഹാരപ്രദക്ഷിണത്തിൽ അൻപതിനായിരം പേർ പങ്കെടുത്തു. മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ളതായിരുന്നു പ്രസ്തുത തീർത്ഥയാത്രയുടെ ഉദ്ദേശ്യം.

## ആശ്രമത്തിനു പുറത്തിറങ്ങാൻ

ആവൃതി(Enclosure)ക്കു പുറത്തിറങ്ങിക്കൂടെന്നു നിയമമുള്ള സന്യാസികൾക്കും സന്യാസിനികൾക്കും വിശുദ്ധവത്സരത്തിൽ ആശ്രമത്തിനുവെളിയിൽ പോകാൻ പരിശുദ്ധപിതാവു് അനുമതി നല്കുന്നതാണെന്നു് ഒരു വാർത്തയിൽ കാണുന്നു.


തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

കുറിപരസ്യം

നറുക്കു് 1 ക്കു 100 ക. 111 നറുക്കു 11100 ക. ആകെ സല

ഒന്നാമത്തെ നറുക്കെടുപ്പ്:- 1949 നവംബർ 22-ാംനു- / 1125 വൃശ്ചികം 7-ാംനു-

കുറി ആക്ടനുസരിച്ചും, ബ. ഗവർമ്മെണ്ടിൽനിന്നും സിദ്ധിച്ച L. Dis. 163 49-ാം നമ്പ്ര് കല്പനയനുസരിച്ചും ഒരു മാസക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു് 3 ക. 2 ണ. യുടെ വീതം വരെ ചേരാം. കൂടുതൽ വിവരങ്ങൾ താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശൂർ 1—9—1949

Trustee, The Lourdes Church Kuri Office.

## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത



## Bosco Children's Club (ബി. സി. സി.)

# 1 നമ്മുടെ നേതാജി

"ഇയ്യാളെനിക്കിഷ്ടമിയന്നപുത്രനാം -
ണിയ്യാളിലേററം തെളിയുന്നിതെൻ
മനം
ഇയ്യാൾ കഥിക്കുന്നവ കേൾപ്പിനെന്നി
വിധം
മെയ്യായ് സ്വനംകേട്ടിതു വാനിൽ
നിന്നഹോ!"

പ്രിയ കുഞ്ഞുങ്ങളേ,

രണ്ടാം ലോകമഹായുദ്ധം ഭയാനകമായി നടന്നുകൊണ്ടിരിക്കയായിരുന്നു. സിംഗപ്പൂർ അടിപെട്ടതിനോടെ ജപ്പാന്റെ കണ്ണുകൾ ഇൻഡ്യയിലേക്കു ഗാഢമായി പതിഞ്ഞു. നേതാജി ബോസിന്റെ നേതൃത്വത്തിൽ മലയായിൽ സജ്ജീകരിക്കപ്പെട്ടിരുന്ന ഇൻഡ്യൻനാഷനൽ ആർമിയും അവർക്കു പിമ്പലുണ്ടായിരുന്നു. ഐ. എൻ. എ. യിൽപ്പെട്ടവർ ചെറുയാനപാത്രങ്ങളിൽ ചാരന്മാരായി ഇടയ്ക്കിടെ ഇൻഡ്യൻ തീരങ്ങളിൽ ആപത്തുകളെയെല്ലാം അവഗണിച്ചു വന്നടുത്തിരുന്നു. പിടികിട്ടിയവരെയെല്ലാം വെടിവച്ചു കൊല്ലുകയാണു ചെയ്തു. ഇങ്ങനെ കോഴിക്കോട്ടുവച്ചു ഒരിക്കൽ പിടികൂടിയ നാലു ചാരന്മാരിലൊരാൾ അയിരൂർ ലൂർദ്ദുശ്രമ മിഷൻ ഇടവകയിൽപ്പെട്ട ഒരു കത്തോലിക്കാ യുവാവായിരുന്നു. അവനും വെടിവച്ചു കൊല്ലപ്പെട്ടുപോയി എന്നായിരുന്നു ശ്രുതി. ലൂർദ്ദുനാഥയുടെ കടാക്ഷത്താലെന്നല്ലാ പറയേണ്ടു, ഏതാനും മാസങ്ങൾക്കുശേഷം അയാൾ മദ്രാസിൽ കോൺസെൻട്രേഷൻക്യാമ്പിൽ ബന്ധനസ്ഥനായി കിടപ്പുണ്ടെന്നു അറിവുകിട്ടി. രണ്ടുമൂന്നാണ്ടു കഴിഞ്ഞ് വിമുക്തനായി തിരിച്ചെത്തിയ ആ ചെറുപ്പക്കാരന്റെ ബോസ്ഭക്തികണ്ടു് ഞാൻ അത്ഭുതപരിതനായിപ്പോയി. "നേതാജി ആജ്ഞാപിച്ചാൽ ഏകാകിയായി ഇപ്പോൾ ഞാൻ ബ്രിട്ടനോടു എതിരിടാൻ പുറപ്പെടും. നേതാജിയെ ഒന്നു കണ്ടിട്ടു മരിക്കണമെന്നല്ലാതെ എനിക്കു വേറെയാഗ്രഹമില്ല. ഹാ! നേതാജി ബോസ്! അദ്ദേഹം ആരു്!" ഇതായിരുന്നു അയാളുടെ സംഭാഷണവിഷയം.

ഇനി ഞാൻ നിങ്ങളോടു് ഒന്നു ചോദിച്ചുകൊള്ളട്ടെയോ? ക്രിസ്ത്യാനി ആരാണ്? ക്രിസ്തുവിനെ അനുഗമിക്കുന്നവൻ, ക്രിസ്തുവിനെ നേതാവായി അനുസരിക്കുന്നവൻ, എന്നു നിങ്ങൾ നിസ്സംശയം ഉത്തരം പറയും. എന്നാൽ മേൽപ്പറഞ്ഞ യുവാവിനു നേതാജി ബോസിന്റെ നേർക്കുള്ള സ്നേഹാദരങ്ങൾ നമ്മുടെ ദിവ്യരക്ഷകന്റെനേരെ സധൈര്യം പ്രദർശിപ്പിക്കാൻ തയാറുള്ള ക്രിസ്തീയയുവാക്കന്മാർ ഇന്നു എത്രയോ വിരളം! ഒരു പൊതുയോഗത്തിൽവച്ചു നേതാജിയെ വാനോളം പുകഴ്ത്തിയും ബ്രിട്ടനെ പാതാളത്തോളം താഴ്ത്തിയും ആ യുവാവു സംസാരിച്ചുതുടങ്ങിയപ്പോൾ ശ്രോതാക്കളെല്ലാം ഭയപ്പെട്ടു. "മിണ്ടാതിരിക്കുക. ഇനിയും കാരാഗൃഹത്തിലേക്കു മടങ്ങാതിരിക്കാൻ സൂക്ഷിക്കുക" എന്നു എല്ലാവരും വിലക്കി. ശങ്കാലേശം കൂടാതെ അയാൾ പ്രസംഗം തുടരുകയാണു ചെയ്തതു്. നമ്മുടെ സ്വർഗ്ഗീയനേതാവായ ദിവ്യരക്ഷകനുവേണ്ടി ശത്രുക്കളുടെ മദ്ധ്യേ എവിടെയും വാദിപ്പാൻ തക്കസന്നദ്ധതയും ചങ്കുറപ്പുമുള്ള യുവാക്കന്മാരാണ് ഇന്നു നമുക്കുണ്ടാകേണ്ടതു്. അതിലേക്കു കർത്താവിനെ അവർ വേണ്ടപോലെ അറിയണം. അപ്പോൾ സ്നേഹത്താൽ അവരുടെ ഹൃദയം എരിയും.

നമ്മുടെ നേതാവായ ദിവ്യരക്ഷകൻ ആരാകുന്നു? "എനിക്കു പ്രസാദിച്ച എന്റെ പ്രിയപുത്രൻ ഇയ്യാളാകുന്നു ഇയ്യാളെ നിങ്ങൾ കേട്ടുകൊള്ളുവിൻ" (മത്തായി. III 17, ലൂക്കാ X 35) എന്നു നിത്യപിതാവായ സർവ്വേശ്വരൻ അരുളിച്ചെയ്തുകൊണ്ടു് അധികാരപ്പെടുത്തി അയച്ചിരിക്കുന്ന തന്റെ ഏകപുത്രനാകുന്നു. അവിടുന്നു സത്യമായ ദൈവവും സത്യമായ മനുഷ്യനുമായിരിക്കുന്നു. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" എന്നു നിത്യസത്യമായ അവിടുന്നു അവകാശപ്പെടുന്നു (മത്തായി 28. 18) "ഞാൻലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" എന്നു നമ്മുടെ നേതാവു നമുക്കു ഉറപ്പുനൽകിയിരിക്കുന്നു. (യോ. VIII. 12). "അവനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്റെ ഏകപുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോ. III. 16). "പുത്രനിൽ വിശ്വസിക്കുന്നവൻ ആരോ അവനു നിത്യജീവനുണ്ടു്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. മറിച്ചു്, ദൈവത്തിന്റെ കോപം അവന്റെമേൽ വസിക്കും" (യോഹ. III. 36).

ലോകത്തിൽ ഇന്നുവരെ നാനാതരത്തിലുള്ള നേതാക്കന്മാർ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. സീസറന്മാരും നെപ്പോളിയന്മാരും അരിസ്റ്റോട്ടൽമാരും ഗൗതമന്മാരും ഹിറ്റ്ലർമാരും മുസ്സോലിനിമാരും ഓരോ കാലങ്ങളിൽ നേതൃത്വത്തിൽ പ്രശോഭിച്ചിട്ടുണ്ടു്. എന്നാൽ മേല്പറഞ്ഞതരത്തിലുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കുള്ളതായി ആരും പ്രഖ്യാപിച്ചിട്ടില്ല. മഹാത്മാഗാന്ധിയെ ദേവപദത്തിൽ ആരാധിപ്പാൻ തുടങ്ങിയവരെ അദ്ദേഹം അപഹസിക്കയാണു ചെയ്തതു്. എന്തുകൊണ്ടു്? ദൈവവും സൃഷ്ടിയും തമ്മിലുള്ള അന്തരം അദ്ദേഹത്തിനു അറിയാമായിരുന്നു. മേൽപ്രസ്താവിച്ച നേതാക്കന്മാരെല്ലാം വെറും മനുഷ്യർമാത്രമായിരുന്നു. നമ്മുടെ നേതാവോ? ദൈവമാണ്. മനുഷ്യരക്ഷാർത്ഥം മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ്. തന്റെ ജീവിതത്താലും, പ്രബോധനങ്ങളാലും, പ്രവൃത്തികളാലും ഈ സത്യത്തെ അനിഷേദ്ധ്യമായി താൻ സ്ഥാപിച്ചിട്ടുണ്ടു്. അതിനാൽ മററു മാനുഷികനേതാക്കന്മാരെ ഈ നേതാവിനോടു ഒരുവിധത്തിലും ഉപമിക്കാൻ പാടുള്ളതല്ല. അങ്ങനെ ചെയ്യുന്നതു നമുക്കു സഹിക്കാവുന്നതുമല്ല.

ഹാ! പ്രിയ കുഞ്ഞുങ്ങളേ നമ്മുടെ നേതാവായ ക്രിസ്തുരാജന്റെ മഹത്വം ഇതിലാണ് അടങ്ങിയിരിക്കുന്നതു. ഇത്ര വലിയ ഒരു നേതാവിനെ അനുഗമിപ്പാൻ ഭാഗ്യം സിദ്ധിച്ചതിൽ അഭിമാനിക്കുക. കൂടുതൽ കൂടുതൽ തന്നെ അറിഞ്ഞു സ്നേഹിച്ചു സേവിപ്പാൻ നാം സർവ്വാത്മനാ ശ്രമിക്കേണ്ടതല്ലയോ? വിശുദ്ധ സുവിശേഷങ്ങളെ ഇതിനായി ഭക്തിപൂർവ്വം പാരായണംചെയ്തു ധ്യാനിക്കണം. എന്റെ നേതാവും രാജാവുമായ ഈശോ കർത്താവേ! നിന്നെ അധികമധികം അറിഞ്ഞു സ്നേഹിപ്പാൻ എന്നെ നീ സഹായിക്കണമേ.

### ഒക്ടോബർ 15

കഴിഞ്ഞതവണ അളെടുപ്പിനു ഒരു മാസം മാത്രമേ അവധി അനുവദിച്ചിരുന്നുള്ളു. അതു കുഞ്ഞുങ്ങൾക്കും വലിച്ചനും ഒരുപോലെ ബുദ്ധിമുട്ടിനു കാരണമായി. കുഞ്ഞുങ്ങൾ കേട്ടറിഞ്ഞു വന്നെത്തിയപ്പോഴേക്കും അവധിയുടെ കടന്നുപോയി. പിന്നെപ്പിന്നെയെന്നു കരുതിയിരുന്ന ചിലർ അവധി കഴിഞ്ഞാണു റിക്രൂട്ടിങ്ങ് ഓഫീസിലെത്തിയതു്. ചില സാവധാനസമ്പ്രദായക്കാർ യോസാപ്പാത്തു മൈതാനത്തു എത്തുമ്പോഴേക്കു പൊതുവിധി കഴിഞ്ഞുപോയേക്കും എന്നു നാം പറയാറുണ്ടല്ലോ. അതുപോലെ. ഏതായാലും താമസിച്ചു കൈപ്പററിയ പേരുകളെല്ലാം ലിസ്റ്റിൽ ചേർത്തുതന്നെ ചെയ്തു. ഇങ്ങനെയെല്ലാം തൻമസമുന്നായതിനാൽ വീട്ടു ശരിപ്പെട്ടതിനു ക്രിസ്മസ്സിനുമുമ്പു ചിട്ടിയിട്ടെടുക്കുന്ന കാര്യത്തിൽ വലിച്ചനും ചില്ലറയല്ലാത്ത ബുദ്ധിമുട്ടുണ്ടായി. അതുകൊണ്ടെല്ലാമാണു് ഇത്തവണ അവധി നീട്ടിക്കൊടുത്തിരിക്കുന്നതു്—രണ്ടു മാസം, ഒക്ടോബർ 15 വരെ. തീയതി മറക്കാതെ നേരത്തേ നേരത്തേ പേരയച്ചുകൊള്ളണം. പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം കൃത്യമായി എഴുതി അയക്കാൻ വിട്ടുപോകരുതു്. പഴയതും പുതിയതുമായ എല്ലാപേരുകളുംകൂട്ടി ചിട്ടിയിട്ടെടുത്തു ക്രിസ്മസ്സ് സമ്മാനം നൽകപ്പെടുന്നതാണ്. ജനുവരിമുതൽ ജന്മദിനസമ്മാനങ്ങൾക്കും എല്ലാവരുടെയും ചിട്ടിയെടുക്കുന്നതാണെന്നു പറയേണ്ടതില്ലല്ലോ.

### പദ്യരചനക്ലാസ്

ഇന്ദ്രവജ്റവൃത്തം ഇപ്പോൾ എല്ലാവരും വേണ്ടപോലെ പരിശീലിച്ചുകഴിഞ്ഞിട്ടുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. ശങ്കരന്റെ ഇഷ്ടവും പ്രാസപ്രയത്നവും മറന്നിരിക്കയില്ലല്ലോ. എന്തൊക്കെ കവിതാബഹളങ്ങൾ ഈദിവസങ്ങളിൽ കേട്ടിട്ടുണ്ടാകുമോ എന്നോർത്തു ഞാൻ ചിരിച്ചുപോകുന്നുണ്ടു്.

"അമ്മേയൊരല്പം കനിയുക വേഗം
ചെമ്മേവിളമ്പിത്തരണേ കനിഞ്ഞു്"

എന്നു തട്ടിവിട്ടിട്ടുള്ള വിദ്വാന്മാരും ഉണ്ടായിരിക്കയില്ലയോ എന്നും സംശയിക്കുന്നു. ശങ്കരനു ലഭിച്ച പ്രഹരാദികഷായംകൂടി ഓർമ്മിച്ചുകൊള്ളണം.

ആകട്ടെ. പാഠപുസ്തകം 30-ാം പെയ്ജു 2-ാം ഖണ്ഡിക എടുക്കുക. ഒന്നാം പദ്യം വായിച്ചുനോക്കി പാദത്തിൽ എത്ര അക്ഷരമുണ്ടെന്നു പറയണം. പതിനൊന്നു്. അതേ ത്രിഷ്ടുപ്പ് ഛന്ദസ്സുതന്നെ. എന്നാൽ ഗുരുലഘുക്കൾ ഇന്ദ്രവജ്റപോലെയാണോ? അല്ല. വേറൊരു യോഗപ്പടിയാണതു്.

യഷ്ടപേനകൻ ശവളേന്നപേരായ്

‿ – ‿ – – ‿ ‿ – ‿ – –

അതായതു് ഒരു ജഗണം, ഒരു തഗണം, വീണ്ടും ഒരു ജഗണം, രണ്ടു ഗുരു, ഇങ്ങനെയാണ് ഓരോ പാദവും. ഉപേന്ദ്രവജ്റ എന്നൊരു വൃത്തമാണതെന്നു മനസ്സിൽ ഉറപ്പിച്ചുകൊള്ളുക. ഇന്ദ്രവജ്റയോടു വളരെ സംബന്ധമുള്ള ഒരു അനുജത്തിയാണെന്നർത്ഥം.

ആ ഖണ്ഡികയിലെ പദ്യങ്ങളെല്ലാം ഈ വൃത്തത്തിൽത്തന്നെയാണ്. പലയാവർത്തി വായിച്ചു് അതൊരു തഴക്കംവരുത്തണം. ചിലതു മനഃപാഠമാക്കിക്കൊള്ളുക. അപ്പോൾ അതിന്റെ ഒരു താളം കൈവശമാകും. അനന്തരം മുമ്പോപ്പോലെയുള്ള പരിശീലനം നടത്തണം. വായിൽതോന്നിയതൊക്കെ ആ വൃത്തത്തിനൊപ്പിച്ചു ചൊല്ലിനോക്കുക. ചിലപ്പോൾ കടലാസിൽ കുറിച്ചു് ഗുരുലഘുക്കൾ ശരിതന്നെയോ എന്നു പരിശോധിക്കുക. തെററുകണ്ടാൽ വേറെ വാക്കു വച്ചു തിരുത്തുക. ആദ്യം ഒരു പാദംതന്നെ ഉണ്ടാക്കിനോക്കണം. പിന്നെ രണ്ടു പാദങ്ങൾ ശ്രമിക്കണം. ക്രമേണ നാലു പാദങ്ങളും പൂർണ്ണമാക്കിയെടുക്കണം. ചില പാഠാഭ്യസനങ്ങൾ താഴെ കൊടുത്തിരിക്കാം. അതിനൊപ്പിച്ചു പിന്നെ തഴങ്ങാൻ പ്രയാസമുണ്ടാകയില്ല.

പഠിച്ചുപോയി കവനം ചമയ്ക്കാൻ-
ഇടയ്ക്കു കേറിപ്പറയാതിരിക്കൂ.
വിനാശകാലേ വിപരീതബുദ്ധി
അനാദരം കാട്ടരുതി വിധത്തിൽ.
കുരുത്തുപൊങ്ങും തകരയ്ക്കു തുല്യം
പെരുത്തിടുന്നു കവികുഞ്ജരന്മാർ.
നിനയ്ക്കിലെന്താണതുകൊണ്ടു ചേതം
നിനക്കു കുഞ്ഞേ വെറുതെയിരിക്കൂ.
പ്രവേശനത്തീയതി തീർന്നുപോയാൽ
പ്രയാസമാണിത്തവണക്കു കേട്ടോ.

### ആയുധമെടുക്കുവിൻ

എന്തിനെന്നു നിങ്ങൾ ചോദിക്കുന്നുവോ? യുദ്ധത്തിനു്. ആരോടു്? നമ്മുടെ പ്രിയപ്പെട്ട മാതാവായ തിരുസ്സഭയുടെ ശത്രുക്കളോടു്. എന്തായുധം? പരിശുദ്ധ ദൈവജനനി ഉപദേശിക്കുന്ന— അല്ല അഭ്യർത്ഥിക്കുന്ന— ആ സ്വർഗ്ഗീയായുധമായ ജപമാല. പ്രിയ കുഞ്ഞുങ്ങളേ, ലോകചരിത്രത്തിൽ അത്യാപൽക്കരമായ ഒരു ഘട്ടമാണിതെന്നു നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ടുതന്നെയല്ലയോ പരിശുദ്ധ അമ്മ അത്യുൽക്കണ്ഠയോടെ അവിടവിടെ പ്രത്യക്ഷയായി മക്കൾക്കു മുന്നറിവു നൽകുന്നതു്. പ്രാർത്ഥിക്കുവിൻ — പ്രാർത്ഥിക്കുവിൻ— ജപമാല പ്രാർത്ഥിക്കുവിൻ എന്നു ഫാത്തിമായിൽ അമ്മ തുടർച്ചയായി അറിയിച്ചിരിക്കുന്നു. ഒക്ടോബർമാസം ജപമാലയുടെ മാസമാണല്ലോ. അടുത്ത ഞായറാഴ്ച ജപമാലരാജ്ഞിയുടെ തിരുനാളുമാണ്. കരവാറവിധത്തിൽ അമ്മയുടെ ഈ ആജ്ഞ അനുസരിച്ചുകൊള്ളാമെന്നു ഒരു ദൃഢപ്രതിജ്ഞചെയ്തു് അമ്മയ്ക്കു സമർപ്പിക്കുക. ഒക്ടോബർ 3-ാം തീയതി ചൊവ്വാഴ്ച വി. കൊച്ചുത്രേസ്യായുടെ തിരുനാളാണല്ലോ. നമ്മുടെ പ്രതിജ്ഞ വിശ്വസ്തതയോടെ പാലിക്കുന്നതിനു സഹായിപ്പാൻ മാതാവിന്റെ ഈ വാത്സല്യപുത്രിയോടും അപേക്ഷിക്കുക. ശ്രദ്ധയോടും, ധൃതികൂട്ടാതെയും നന്മനിറഞ്ഞമറിയവും ശുദ്ധമാനമറിയവും ചൊല്ലിത്തഴങ്ങുക.

അമ്മ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

അർത്ഥം വിശദമാക്കുക:

ദൈവത്തിന്റെ മുദ്രിതകവാടം

(ഉത്തരം 10-ാം പേജിൽ)

നീതികഥ

## ചിതലും മനുഷ്യനും

(ജി. സി. ടീലാർ)

മനുഷ്യന്റെ കഴിവുകൾ എത്ര അത്ഭുതകരങ്ങളാണ്. അവന്റെ കാലുകളുടെ ശക്തി പരിമിതം. എങ്കിലും അവൻ വാഹനങ്ങളിൽ സഞ്ചരിച്ചു് ദൂരത്തെ വെല്ലുവിളിക്കുന്നു. അവനു ചിറകില്ല. എങ്കിലും ആകാശത്തിൽക്കൂടി പറക്കുന്നു. മത്സ്യങ്ങളെപ്പോലെ വെള്ളത്തിൽ ജീവിക്കുവാനുള്ള സജ്ജീകരണങ്ങൾ അവനില്ല. എങ്കിലും സമുദ്രവും അവന്റെ വാസസ്ഥലമാണ്. ഒരു നിഗൂഢശക്തിയുണ്ടു് മനുഷ്യനിൽ—അവന്റെ ബുദ്ധിശക്തി. ലോകത്തിലെ സകലചരാചരങ്ങളുടെയും നാഥൻ മനുഷ്യൻതന്നെ. എന്നാൽ ചിതലോ?

ഒരു വെളുത്ത ചെറുപ്രാണി. ഭൂമിക്കടിയിൽ വസിക്കുന്നു. എങ്കിലും അതൊരു വിപ്ലവകാരിയാണ്. സൈന്യമുറകൾ അതിനു നല്ലപോലെ അറിയാം. അതിന്റെ വർഗ്ഗക്കാരെല്ലാംകൂടി ഒത്തുകൂടിയാൽ മനുഷ്യനെപ്പോലും പരാജയപ്പെടുത്തിക്കളയാമെന്നാണ് അതിന്റെ വിചാരം. സകലവൃക്ഷങ്ങളും മൃഗങ്ങളും മനുഷ്യനെപ്പററി കീർത്തനങ്ങൾ പാടുന്നതു് അതു കേട്ടിട്ടുണ്ടു്. അതിന്റെ അസൂയ വർദ്ധിച്ചു ഒരിക്കൽ ചിതലെല്ലാംകൂടി ഒരു മഹായോഗം നടത്തി. അതിൽ ചില ചെറുപ്പക്കാരുടെ പ്രസംഗമുണ്ടായിരുന്നു. അവർ പ്രസംഗിച്ചതിങ്ങനെയാണ്: "ഈ ലോകം മുഴുവനും നമ്മുടേതു്. നാം ഇല്ലെങ്കിൽ ലോകവും ഇല്ല. ഇതിനെ ഭരിക്കേണ്ടചുമതല നമുക്കാണ്. എന്നാൽ മനുഷ്യൻ എന്നൊരു പ്രാണി ലോകത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ലോകം മുഴുവനും അവന്റേതാണെന്നു് അവൻ പറയുന്നു. അതൊരിക്കലും സമ്മതിച്ചുകൊടുക്കുവാൻ പാടില്ല. അവനെതിരായി നാം ഒരു യുദ്ധംതന്നെ ചെയ്യണം. അവ

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്വെ- എറണാകുളം

ന്നെ ഭൂമുഖത്തുനിന്നും നാം തുരത്തണം. നമ്മുടെ പല മഹാസൗധങ്ങളും ഇടിച്ചു പൊളിച്ചുകളഞ്ഞ് അവൻ വീട്ടപണിയുന്നതായി റിപ്പോർട്ടുകൾ നമുക്കു ലഭിക്കുന്നുണ്ടല്ലോ. നമ്മുടെക്കൂട്ടർ എത്രപേരാണ് ദിനംപ്രതി മനുഷ്യൻെറ അക്രമങ്ങൾമൂലം മൃതിയടയുന്നത്. നാം ഇതെല്ലാം കണ്ടുകൊണ്ട് മൗനം ആചരിക്കയോ?

"പാടില്ല, പാടില്ല" എന്നു് അനേകരുടെ സ്വരങ്ങൾ ഒന്നിച്ചു പുറപ്പെട്ടു. എല്ലാവർക്കും ഒരു ചൈതന്യമുണ്ടായി. എന്നാൽ കൂട്ടത്തിൽ പക്വതവന്ന ഒരാൾ ചോദിച്ചു; നാം എങ്ങനെ മനുഷ്യനോടു യുദ്ധംചെയ്യും എന്നു്. രംഗം നിശ്ശബ്ദമായി. എങ്കിലും ബുദ്ധിമാനായ ഒരാൾ പുറകിൽ ഇരിക്കുന്നുണ്ടായിരുന്നു. അവൻ പറഞ്ഞു: "മനുഷ്യനോടു യുദ്ധംചെയ്യുവാൻ ഞാൻ ഒരു പദ്ധതി കണ്ടുപിടിച്ചിട്ടുണ്ട്. നിങ്ങൾ എന്നോടു സഹകരിക്കുമോ?" അവൻെറ ബുദ്ധിസാമർത്ഥ്യം ഇതിനുമുമ്പു പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുള്ളതാണ്. അവൻെറ പ്ലാൻ അനുസരിച്ച് അവർ വലിയപുറ്റുകൾ ഉണ്ടാക്കുവാൻ പഠിച്ചുകഴിഞ്ഞിരുന്നു. അതിനാൽ ബുദ്ധിമാൻെറപദ്ധതിഎന്താണെന്നു് അറിയുവാൻ അവർക്ക് ഉൽക്കണ്ഠയായി. അവൻപറഞ്ഞു: "മനുഷ്യനെ നേരിട്ടാക്രമിക്കുവാൻ നമുക്കു സാദ്ധ്യമല്ല. അവനുള്ളതുസകലവും നശിപ്പിച്ച് അവൻെറ ജീവിതം ഭാരമുള്ളതാക്കിത്തീർക്കണം. അവനു മനോഹരമായ ബംഗ്ലാവുകളുണ്ട്; ഗ്രന്ഥശാലകളുണ്ട്; വസ്ത്രങ്ങളുണ്ട്; ധാന്യങ്ങളുണ്ട്. നാം ഇതെല്ലാം നശിപ്പിക്കണം. അപ്പോൾ അവൻ കിടപ്പിടമില്ലാതെയും, വസ്ത്രമില്ലാതെയും, ഭക്ഷണമില്ലാതെയും വലഞ്ഞു് നശിച്ചുകൊള്ളും."

ഏവരും ഹർഷപൂർവ്വംസ്വീകരിച്ചു ആ പദ്ധതി. കെട്ടിടത്തിൻെറ ഭിത്തികളിൽ അവർ പ്രവേശിച്ച് അവിടെ അവർ നശീകരണവേല ആരംഭിച്ചു. ചിലർ കതകുകളും ജന്നലുകളും മണ്ണുവച്ചു പൊതിഞ്ഞ് അതിനുള്ളിൽ ഒളിച്ചിരുന്നു് അതെല്ലാം തിന്നുനശിപ്പിക്കുവാൻ തുടങ്ങി. ചിലർ വസ്ത്രങ്ങളെ ആക്രമിച്ചു, പെട്ടികളിൽ നൊത്തുകടന്നു്. ഗ്രന്ഥങ്ങളെയും അവർ വിട്ടില്ല. ചിലർ ധാന്യപ്പുരകളിൽ കടന്നുകൂടി. അങ്ങനെ ദിവസങ്ങൾ പലതുകഴിഞ്ഞു. ഒരുദിവസം മനുഷ്യൻ ഗ്രന്ഥശാലയിലേക്കു പോയി. അൽമാരി തുറന്നു് ഒരു പുസ്തകം എടുത്തു. കഷ്ടം! അതു മണ്ണുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. അവൻ അതു തുറന്നുടച്ചപ്പോൾ പ്രത്യക്ഷപ്പെട്ടു ചിതൽ. കോപാഗ്നിജ്വലിച്ചു. അവൻ ഒരു വടി എടുത്തു് ഒററ അടി. അതെല്ലാം പൊഴിഞ്ഞു താഴെ. ചൂടുവെള്ളമൊഴിച്ച് അവൻ അതിനെയെല്ലാം നിഗ്രഹിച്ചു. കതകുകളും ജന്നലുകളും മണ്ണുകൊണ്ടു മൂടിയിരിക്കുവാൻ കാരണമെന്തെന്നു് അവനു മനസ്സിലായി. അവൻ അവിടെയും ചിതലിനോടു പ്രതികാരംചെയ്തു. അപ്പോൾ ഭിത്തിക്കിടയിൽനിന്നും ചിലർ തല നീട്ടുന്നു. ആ ദ്വാരത്തിലേക്ക് അവൻ കുറേ മണ്ണെണ്ണ ഒഴിച്ചു. ചിതലെല്ലാം ഒന്നൊഴിയാതെ അവിടെ ഇരുന്നു ചത്തുപോയി. പറമ്പിൽക്കൂടി നടന്നപ്പോൾ വലിയ വലിയ മൺകൂട്ടുകൾ കണ്ടു. ചിതലിൻെറ വാസസ്ഥലമെന്നു മനസ്സിലാക്കി അവൻ അതെല്ലാം തട്ടിനിരത്തി ആ ചെറുജീവികളെ തീവച്ചു നശിപ്പിച്ചു. ചിലർ ചിറകുധരിച്ചു പറന്നു നടക്കുന്നുണ്ടായിരുന്നു. മനുഷ്യൻ ഒരു അഗ്നികുണ്ഡമുണ്ടാക്കി. അതിൽനിന്നും ജ്വാലകൾ ഉയർന്നുപൊങ്ങി. ഈയ്യൽ എല്ലാം അതിൽ ചാടി ആത്മഹത്യചെയ്തുകളഞ്ഞു. ധാന്യപ്പുരകളിലും പെട്ടികളിലും അവൻ ഒരു ശുദ്ധീകരണം നടത്തി. തൽഫലമായി അനേകം ചത്തൊടുങ്ങി. എന്നിട്ടും ചിതലിൻെറ ആ പഴയ ദ്രോഹകൃത്യം തുടർന്നുകൊണ്ടേ ഇരിക്കുന്നു. ബുദ്ധിയില്ലാത്ത ജന്തുക്കൾ!

ദൈവത്തിൻെറ മുമ്പിൽ മനുഷ്യനു് ഒരു ചിതലിൻെറ വിലയെങ്കിലുമുണ്ടാകുമോ? ആ മനുഷ്യനാണ് ദൈവത്തെ തുരത്തുവാൻ പഞ്ചവത്സരപദ്ധതിയും ദശവത്സരപദ്ധതിയും നിർമ്മിച്ച് കാലം പോക്കുന്നതു്. ബാബിലോൺ, നിനിവേ, പോംപെയി, മോഹൻജോദാരോ, ഹരാപ്പാ മുതലായ സ്ഥലങ്ങൾ പണ്ട് പരിഷ്കാരത്തിൽ ഒരുയർന്ന നില പ്രാപിച്ചിരുന്നു. എന്നാൽ ഇപ്പോഴോ? മനുഷ്യൻെറ കാൽക്കീഴിൽ അമർന്ന ചിതൽപ്പുറ്റുകൾക്കുതുല്യം അവ അധഃപതിച്ചുകിടക്കുന്നു. ഇതുപോലെ ഇനിയും അനേകം പട്ടണങ്ങൾക്കും.

# ചോദ്യോത്തരപംക്തി

**ചോ:** വേദപുസ്തകമാണോ വിശ്വാസത്തിൻെറ ഏകാധാരം?

**ഉ:** നാം വിശ്വസിക്കേണ്ട കാര്യങ്ങളെല്ലാം വേദപുസ്തകത്തിലുണ്ടോ, അഥവാ ക്രിസ്തു പഠിപ്പിച്ച സത്യങ്ങൾ വേദപുസ്തകംവഴിമാത്രമാണോ നമുക്കു ലഭിക്കുന്നതു് എന്നാണല്ലോ ചോദ്യത്തിൻെറ സാരം. ഇതിനു സമാധാനമായി ആദ്യം പറവാനുള്ളതു വേദപുസ്തകം വിശ്വാസത്തിൻെറ ഏകാധാരമായിരിക്കണമെന്നു ക്രിസ്തുവാകട്ടെ അപ്പസ്തോലന്മാരാകട്ടെ ഉദ്ദേശിച്ചിരുന്നില്ല എന്നാണ്. ക്രിസ്തുനാഥൻ യാതൊരു ഗ്രന്ഥവും രചിച്ചില്ല എന്നുമാത്രമല്ല സുവിശേഷപ്രചാരണാർത്ഥം ഗ്രന്ഥങ്ങൾ രചിക്കുവാൻ അപ്പസ്തോലന്മാർക്ക് ആജ്ഞ നല്കിയുമില്ല*; പ്രത്യുത, സുവിശേഷം പ്രസംഗിക്കുവാനാണ് അവിടുന്നു് അവരോടു കല്പിച്ചതു്. "നിങ്ങൾ പോയി സകലജാതിക്കാരെയും പഠിപ്പിക്കുവിൻ" (മത്തായി 28: 19); "നിങ്ങൾ പോയി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ" (മത്തായി 10: 7); "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടിയോടും എൻെറ സുവിശേഷം അറിയിക്കുവിൻ" (മർക്കോസ് 16: 15); "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (ലൂക്കാ 10: 16) ഇത്യാദി വേദവാക്യങ്ങൾ മേൽപ്പറഞ്ഞതിനു തെളിവാണ്.

ക്രിസ്തുവിൻെറ ദിവ്യശാസനം ശിരസാവഹിച്ചുകൊണ്ട് നാനാദിഗന്തങ്ങളിലേക്കും പുറപ്പെട്ട അവിടുത്തെ ശിഷ്യന്മാർ സുവിശേഷം പ്രചരിപ്പിക്കുന്നതിനായി സ്വീകരിച്ച പ്രധാനമാർഗ്ഗവും വാചാപ്രസംഗമാണ്. "അവരോ പുറപ്പെട്ട് എല്ലായിടത്തും പ്രസംഗിച്ചു" (മർക്കോസ് 16: 20). മിശിഹായുടെ 12 ശ്ലീഹന്മാരിലും 72 ശിഷ്യന്മാരിലും ഇതരാനുയായികളിലുംവച്ച് ആകെ 8 പേർ മാത്രമാണു വിശുദ്ധലിഖിതകർത്താക്കളായി ഭവിച്ചിട്ടുള്ളതു്. അതും, ഓരോരോ ആവശ്യങ്ങൾ പ്രമാണിച്ച്, ഓരോരോ അവസരങ്ങളിൽ, ചില കാര്യങ്ങൾ അവർ രേഖപ്പെടുത്തി എന്നുമാത്രം. ഇക്കാലത്തും കത്തോലിക്കാമെത്രാന്മാർ ചില പ്രത്യേകകാര്യങ്ങൾ വിശ്വാസികൾക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിനായും ചില തെററുകൾ തിരുത്തുന്നതിനായും ഇടയലേഖനങ്ങൾ അയക്കാറുണ്ടല്ലോ. ഏതാണ്ടതുപോലെയാണ് "പുതിയനിയമ" കർത്താക്കളും വർത്തിച്ചതെന്നു പറയാം. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ മുഴുവനും വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നതിനു് അവർക്ക് ഉദ്ദേശ്യമില്ലായിരുന്നു. അതുകൊണ്ടാണ് വി. പൗലോസ്, വാചാപ്രസംഗംവഴി അവർ പഠിക്കാൻ ഇടവന്നിട്ടുള്ള കാര്യങ്ങൾക്കൂടി തങ്ങളുടെ വിശ്വാസത്തിൻെറ മൂലപ്രമാണങ്ങളായി സ്വീകരിക്കണമെന്നു തെസ്സലോനിയാക്കാരെ ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നതു്. "നമ്മുടെ കർത്താവായ ഈശോമിശിഹായ്ക്കു നിങ്ങൾ മഹത്വമായിരിക്കണം എന്നതിനാകുന്നുവല്ലോ ഞങ്ങളുടെ പ്രസംഗംമൂലം (ദൈവം) നിങ്ങളെ വിളിച്ചിരിക്കുന്നതു്. ആകയാൽ എൻെറ സഹോദരന്മാരേ, നിങ്ങൾ ഉറച്ചുനില്ക്കയും, ഞങ്ങളുടെ വാക്കുമൂലമോ ലേഖനംമൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള പാരമ്പര്യങ്ങളെ (traditions) മുറുകെപ്പിടിക്കുകയും ചെയ്യുവിൻ." (2 തെസ്സ. 2: 14, 15). വിശിഷ്യ, വി. പൗലോസ് വാമൊഴിയായി താൻ പഠിപ്പിച്ച തത്വങ്ങൾക്കനുസൃതമായി ജീവിക്കണമെന്നാണു വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നതു്: "അല്ലയോ തിമോത്തി, നിന്നെ ഭരമേല്പിച്ചിരിക്കുന്ന കാര്യം സൂക്ഷിച്ചുകൊള്ളുക. വ്യർത്ഥവചനങ്ങളിൽനിന്നും വ്യാജമായ അറിവിൻെറ വിരുദ്ധതകളിൽനിന്നും ഓടിയകലുക" (1 തിമോ. 6: 20); "ഈശോമിശിഹായിലുള്ള വിശ്വാസത്തോടും സ്നേഹത്തോടുംകൂടി എന്നിൽനിന്നു നീ കേട്ട ക്ഷേമകരങ്ങളായ വചനങ്ങൾ നിനക്കു മാതൃകയായിരിക്കട്ടെ" (2 തിമോ. 1: 13); "വളരെ സാക്ഷികൾമുഖേന എന്നിൽനിന്നു കേട്ടവയെത്തന്നെ മററുള്ളവരെയും പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വാസികളായ ആളുകളെ നീ ഭരമേല്പിക്കുക" (2 തിമോ. 2: 2).

* വെളിപാടുഗ്രന്ഥം രചിക്കുവാൻ ക്രിസ്തു വി. യോഹന്നാനോടു ആജ്ഞാപിച്ച സംഗതി ഇവിടെ വിസ്മരിക്കുന്നില്ല.

മേൽപ്രസ്താവിച്ചതിൽനിന്നു വിശ്വാസസത്യങ്ങൾ മററുള്ളവരെ പഠിപ്പിക്കുന്നതിനു അപ്പസ്തോലന്മാർ ഉപയോഗിച്ച പ്രധാനമാർഗ്ഗം വാമൊഴിയാണെന്നും, വിശ്വാസസത്യങ്ങളെല്ലാം വേദപുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ലെന്നും വ്യക്തമാണല്ലോ. വേദപുസ്തകത്തിൽ രേഖപ്പെടുത്തപ്പെടാത്ത വിശ്വാസസത്യങ്ങൾ പാരമ്പര്യോപദേശംവഴി അനന്തരതലമുറകൾക്കു ലഭിക്കുകയും സഭാപിതാക്കന്മാർ അവയെ ഓരോരോ കാലങ്ങളിലായി രേഖപ്പെടുത്തുകയും ചെയ്തു. ആകയാൽ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച ഏതെങ്കിലും ഒരു കാര്യത്തെപ്പററി ഏകകണ്ഠമായ അഭിപ്രായം സഭാപിതാക്കന്മാർ (ജീവിതവിശുദ്ധി, പാണ്ഡിത്യം, പുരാതനത്വം ആദിയായ ലക്ഷണങ്ങളുള്ള വ്യക്തികളെയാണു സഭാപിതാക്കന്മാർ എന്നു വിളിക്കുന്നതു്) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഒരു ക്രിസ്ത്യാനി അതു അനിഷേധ്യമായ ഒരു സത്യമായി പരിഗണിക്കണം. ഒരു സഭാപിതാവിൻെറ സാക്ഷ്യംമാത്രമേ വിശ്വാസസംബന്ധമായ കാര്യങ്ങളെപ്പററി നമുക്കു ലഭിച്ചിട്ടുള്ളുവെങ്കിൽ, അതു അപ്രമാദമായിരിക്കണമെന്നു നിർബന്ധമില്ലെന്നിരുന്നാലും അതുവളരെ പ്രാധാന്യമുള്ള ഒന്നായി പരിഗണിക്കണം. വിശിഷ്യ, വിശുദ്ധ അഗസ്തിനോസ്, ക്രിസോസ്തമോസ് ആദിയായ പ്രമുഖപിതാക്കന്മാരുടെ അഭിപ്രായത്തിനു പ്രത്യേക വിലയുണ്ടെന്നും പ്രസ്താവ്യമാണ്.

രേഖപ്പെടുത്തപ്പെട്ടവയും അല്ലാത്തവയുമായ വിശ്വാസസത്യങ്ങളുടെയെല്ലാം ഔദ്യോഗികസംരക്ഷികയും അദ്ധ്യാപികയും തിരുസ്സഭയാണ്. ക്രിസ്തുനാഥൻ, പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും വിശുദ്ധീകരണമാർഗ്ഗങ്ങൾ കൈകാര്യം ചെയ്യുന്നതിനും അധികാരം നല്കി 12 ശ്ലീഹന്മാരെക്കൊണ്ട് സംവിധാനം ചെയ്ത സഭയെ അവരുടെ പിൻഗാമികൾവഴി അതേപടി നിലനിർത്തിക്കൊണ്ടുപോകണമെന്നു് അവിടുത്തേക്കു് ഉദ്ദേശമുണ്ടായിരുന്നു. തദനുസരണം, തിരുസ്സഭ അപ്പസ്തോലകാലംതുടങ്ങി അദ്ധ്യാപനം, ഭരണം, വിശുദ്ധീകരണം എന്നിവസംബന്ധിച്ച ത്രിവിധാധികാരങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. പ്രകൃതത്തിൽ, അദ്ധ്യാപനാധികാരം മാത്രമേ നമ്മുടെ ചിന്തയ്ക്കു വിഷയമാകേണ്ടതുള്ളു. ആ അധികാരം എന്നും സജീവമായി നിലനില്ക്കുന്ന ഒരു അധികാരമാണ്. സജീവവ്യക്തികൾ ചേർന്നുള്ള തിരുസ്സഭ അനുസ്യൂതം വിശ്വാസികളെ പഠിപ്പിച്ചുവരുകയും അസാധാരണാവസരങ്ങളിൽ സൂനഹദോസുകൾ വിളിച്ചുകൂട്ടി വിശ്വാസസത്യങ്ങൾ അദ്ധ്യവസാനം ചെയ്യുകയും ചെയ്യുന്നു. വേദപുസ്തകത്തിലും പാരമ്പര്യോപദേശത്തിലും അടങ്ങിയിരിക്കുന്ന വിശ്വാസസത്യങ്ങളെയെല്ലാം അഭംഗമായി പാലിക്കേണ്ട ചുമതല തിരുസ്സഭയ്ക്കുണ്ട്.

പരമ്പരാഗതമായി സിദ്ധിച്ച വിശ്വാസസത്യങ്ങളെ ആദിമക്രിസ്ത്യാനികൾ ഏററവും കാര്യമായി മതിച്ചിരുന്നുവെന്നതിനു സഭാപിതാക്കന്മാരുടെ ലേഖനങ്ങൾതന്നെ സാക്ഷ്യംവഹിക്കുന്നു. ഉദാഹരണമായി, വിശുദ്ധ അഗസ്തിനോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "രേഖപ്പെടുത്തപ്പെടാതെ പാരമ്പര്യദ്വാരാ നല്കപ്പെട്ടിരിക്കുന്നവയും ഞങ്ങൾ സംരക്ഷിക്കുന്നു; അവ ലോകമെങ്ങും പാലിക്കപ്പെടുന്നു" (Epistle 54); "ശ്ലൈഹിക പാരമ്പര്യത്തിൽ നിന്നു് (ലഭിച്ചു) ............അനേകകാര്യങ്ങൾ ഉണ്ട്; അവ വിശുദ്ധഗ്രന്ഥത്തിലോ അനന്തരകാലത്തെ സൂനഹദോസുകളിലോ ഇല്ല. എന്നുവരികിലും സഭ മുഴുവനിലും അവ പാലിക്കപ്പെടുന്നതുകൊണ്ട്, അവരാൽ (ശ്ലീഹന്മാരാൽ)തന്നെ അവ നല്കപ്പെട്ടവയും ശുപാർശചെയ്യപ്പെട്ടവയുമെന്നു വിശ്വസിക്കപ്പെടുന്നു" (De Bapt. 1. 2, c. 7). സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തിനു അനുയോജ്യമായ സത്യം മാത്രമേ വിശ്വസിക്കേണ്ടതുള്ളുവെന്നു ഓറിജിൻ എന്ന പുരാതന ക്രൈസ്തവഗ്രന്ഥകാരൻ എഴുതിയിരിക്കുന്നു. കൂടാതെ പാഷണ്ഡതകളോടും ശീശ്മകളോടുമുള്ള പോരാട്ടത്തിൽ, സഭാപിതാക്കന്മാർ പാരമ്പര്യോപദേശത്തെ ആധാരമാക്കിയിരുന്നതായി ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. വിസ്തരഭയത്താൽ സാക്ഷ്യങ്ങൾ ഉദ്ധരിക്കുന്നില്ല.

എന്നാൽ 16-ാം നൂററാണ്ടിൽ രംഗപ്രവേശം ചെയ്ത പ്രോട്ടസ്റ്റൻറുകാർ സഭയുടെ പാരമ്പര്യോപദേശങ്ങളെ പരിത്യജിച്ചുകൊണ്ട്, വേദപുസ്തകം മാത്രം വിശ്വാസത്തിനു് ആധാരമായി പരിഗണിച്ചാൽ മതിയെന്നുള്ള വാദം ഉന്നയിച്ചു. ആ വാദം സ്വീകാര്യമല്ലെന്നുള്ളതിനു, മേലുദ്ധരിച്ച ന്യായങ്ങൾക്കു പുറമെ താഴെ ചേർക്കുന്ന ന്യായങ്ങൾകൂടി ചൂണ്ടിക്കാണിക്കാവുന്നതാണ്. രക്ഷയുടെ ഏകമാർഗ്ഗദർശി വേദപുസ്തകമാണെങ്കിൽ, കാർഡിനൽ ഗിബൺസ് പ്രസ്താവിക്കുംവണ്ണം, (Vide The Faith of Our Fathers: The Chapter: "The Church and The Bible") അതു ഒന്നാമതായി എല്ലാമനുഷ്യർക്കും സംപ്രാപ്യമായിരിക്കണം; രണ്ടാമതായി, ഏവർക്കും സുഗ്രഹമായിരിക്കണം; മൂന്നാമതായി, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച സകല പ്രശ്നങ്ങൾക്കുമുള്ള സമാധാനം അതിലുണ്ടായിരിക്കണം. എന്നാൽ ഈ മൂന്നുലക്ഷണങ്ങളുമുള്ള ഒരു ഗ്രന്ഥമല്ല വേദപുസ്തകം.

ഒന്നാമതായി, വേദപുസ്തകത്തെ ഏവർക്കും സംപ്രാപ്യമായ ഒരു രക്ഷാമാർഗ്ഗമായി പരിഗണിക്കാൻ നിവൃത്തിയില്ല. ആദിമക്രിസ്ത്യാനികളുടെ കാര്യംതന്നെ പ്രഥമതഃ പര്യാലോചിക്കാം. ക്രിസ്തുമതസ്ഥാപനം കഴിഞ്ഞു അനേകകൊല്ലങ്ങൾക്കു ശേഷമാണ് പുതിയ നിയമഗ്രന്ഥങ്ങൾ വിരചിതമായതു്. വി. മത്തായിയുടെ സുവിശേഷം ക്രിസ്ത്വാബ്ദം 41-ാമാണ്ടോടുകൂടി വിരചിതമായെങ്കിലും, ഒന്നാംനൂററാണ്ടിൻെറ അവസാനത്തോടുകൂടിമാത്രമേ യോഹന്നാൻെറ സുവിശേഷം വിരചിതമായുള്ളു. എന്നുതന്നെയല്ല, കുറെക്കാലത്തേക്കു സുവിശേഷങ്ങൾക്കും ലേഖനങ്ങൾക്കും, ഏതേതു സ്ഥലത്തെ ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് അവ എഴുതപ്പെട്ടുവോ, അവിടങ്ങളിൽ മാത്രമേ പ്രചാരമുണ്ടായിരുന്നുള്ളു. കാലാന്തരത്തിലാണ് അവയ്ക്കു സാർവ്വത്രികമായ പ്രചാരം ലഭിച്ചതു്. ആകയാൽ ഏററം ഉത്തമരായിരുന്ന ആദിമക്രിസ്ത്യാനികൾ ബൈബിളിൻെറ സഹായം കൂടാതെ ക്രിസ്തുമതമനുഷ്ഠിക്കയും സ്വർഗ്ഗം പ്രാപിക്കയും ചെയ്തുവെന്നല്ലേ തെളിയുന്നതു്. അങ്ങനെയെങ്കിൽ വിശ്വാസത്തിൻെറ ഏകാധാരം വേദപുസ്തകമാണെന്നു പറഞ്ഞുകൂടല്ലോ.

1440-ലാണ് അച്ചടിവിദ്യ കണ്ടുപിടിക്കപ്പെട്ടതു്. അതുവരെയുള്ള ക്രിസ്ത്യാനികൾക്കു ബൈബിളിൻെറ ഒരു കോപ്പി ലഭിക്കുക എത്ര പ്രയാസമേറിയ ഒരു കാര്യമായിരുന്നു! അച്ചടിവിദ്യ വിസ്മയകരമാംവണ്ണം പുരോഗമിച്ചിരിക്കുന്ന ആധുനികകാലത്തുപോലും, എത്ര ചുരുക്കംപേരുടെ കൈവശം മാത്രമാണ് ബൈബിൾ ഉള്ളതു്. ലോകത്തിലെ ഒരു വലിയ ഭാഗം ജനങ്ങൾക്ക് അക്ഷരജ്ഞാനംപോലുമില്ല.

രണ്ടാമതായി, വേദപുസ്തകം ഏവർക്കും സുഗ്രഹമായ ഒരു ഗ്രന്ഥമല്ല. വി. പത്രോസ്ശ്ലീഹാതന്നെ വി. പൗലോസിൻെറ ലേഖനങ്ങളെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു: "അവയിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ചില കാര്യങ്ങളുണ്ട്. പഠിപ്പില്ലാത്തവരും (വിശ്വാസത്തിൽ) അസ്ഥിരന്മാരുമായുള്ളവർ മററു തിരുവെഴുത്തുകളെപ്പോലെതന്നെ തങ്ങളുടെ നാശത്തിനായി അവയെ വളച്ചുതിരിക്കുന്നു." (II പത്രോ: 3, 16). തിരുവെഴുത്തുകൾ ആർക്കും ഇഷ്ടംപോലെ വ്യാഖ്യാനിച്ചുകൂടാത്തതാണെന്നും വി. ശ്ലീഹാ ഉദ്ബോധിപ്പിക്കു

(ശേഷം ഒമ്പതാംപേജിൽ)

# ഇന്ത്യൻസംസ്കാരം ലോകത്തിനു കെടാവിളക്കോ?

(ജോസഫ് പെട്ട എം. എ. (ഓണേഴ്സ്)

I


ഇൻഡ്യൻ സംസ്കാരത്തിന്റെ ധാർമ്മികാടിസ്ഥാനത്തെപ്പററി കത്തോലിക്കനായ ഒരു മാന്യദേഹം ഒരു പത്രത്തിൽ എഴുതിയ അതിപ്രൗഢമായ ഒരു ലേഖനം അടുത്തകാലത്തു വായിക്കയുണ്ടായി. ലേഖനം ആരംഭിക്കുന്നതു് ഇപ്രകാരമാണു്: "ധാർമ്മികനിയമങ്ങളായ ആണിക്കല്ലുകളിന്മേൽ പ്രാചീനകാലംമുതൽക്കേ പരമ്പരാഗതമായി കെട്ടിപ്പടുത്തിട്ടുള്ള ബലവത്തായ ഒന്നാണു് ഇന്ത്യൻ സംസ്കാരം... പാശ്ചാത്യസംസ്കാരം ലൗകികപ്രധാനമെങ്കിൽ പൗരസ്ത്യസംസ്കാരം ആദ്ധ്യാത്മികം അഥവാ ധാർമ്മികപ്രധാനമാണു്. മതപരമായ പശ്ചാത്തലത്തിൽ, ധാർമ്മികമായ അടിസ്ഥാനശിലയിലാണു പൗരസ്ത്യസംസ്കാരം കെട്ടിപ്പടുത്തിരിക്കുന്നതു്.... അതെ, ഇന്ത്യൻ ജനത, ധാർമ്മികബോധം മുലപ്പാലോടുകൂടി ഉൾക്കൊണ്ടവരാണു്; അതാണവരുടെ സംസ്കാരവിശേഷം. അതുകൊണ്ടുതന്നെയാണു് അവസരം വരുമ്പോൾ ധാർമ്മികബോധവും സമാധാനവാഞ്ഛയും ഇവരിൽ വിജൃംഭിതമായി കാണുന്നതു്." ഇതുകൊണ്ടും ലേഖകനു മതിവരുന്നില്ല. അദ്ദേഹം ഇങ്ങനെ ഉപസംഹരിക്കുന്നു: ഇന്ത്യയുടെ പ്രാചീനവും ആധുനികവുമായ "ഉന്നതസ്ഥാനലബ്ധിക്കു നിദാനം ഇന്ത്യൻ ജനതയുടെ ഹൃദയങ്ങളിൽ ആഴ്ന്നുരൂഢമൂലമായി തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന ധാർമ്മികപ്രധാനമായ ഇന്ത്യൻ സംസ്കാരമാണെന്നു നിസ്സംശയം പറയാവുന്നതാണു്. നിരീശ്വരപ്രസ്ഥാനമായ നശീകരകമ്മ്യൂണിസം ഇന്ത്യൻ സംസ്കാരത്തെ നശിപ്പിക്കാതിരിക്കുമെങ്കിൽ ഇന്ത്യയുടെ ഈ ധാർമ്മികാവബോധം എന്നും ഇന്ത്യയുടെ കൈവിളക്കും ലോകത്തിനു കെടാവിളക്കുമായിരിക്കും." ഇതിൽപ്പരം മഹനീയമായെന്തുള്ളു പാരിൽ എന്നു നാം അന്ധാളിച്ചുപോകുന്നു. ഗവർണർജനറൽ രാജാജി ഇത്രത്തോളം മുതിരുന്നില്ല. ഇന്ത്യയുടെ പ്രാചീനധർമ്മചൈതന്യം നാം വീണ്ടും സ്വാധീനപ്പെടുത്തണമെന്നും "അപ്പോൾ നമ്മുടെ ശക്തിയും ഐക്യവും സൗഭാഗ്യവും സുരക്ഷിതമായിരിക്കും" എന്നുമാണു അദ്ദേഹത്തിന്റെ ഉൽബോധനം. ആർ. എസ്സ്. എസ്സ്. സംഘനയുടെ നേതാവായ ശ്രീ ഗോൾവാൾക്കാറാകട്ടെ അവിടെയെങ്ങും നില്ക്കുന്നില്ല; നാരായക്കൊമ്പിലാണു് അദ്ദേഹം സ്ഥാനമുറപ്പിക്കുന്നതു്. "ലോകത്തിൽ ഇന്നു കാണപ്പെടുന്ന സകല ദൂഷ്യങ്ങൾക്കും ഏകപരിഹാരമാർഗ്ഗം ഇന്ത്യൻ സംസ്കാരമാണു്," എന്നത്രേ അദ്ദേഹത്തിന്റെ പ്രസ്താവന. പ്രൊഫസർ എസ്റ്റി ആശീർവ്വാദത്തിന്റെ അഭിപ്രായത്തിൽ, ഭാരതം ലോകത്തിന്റെ അന്തഃകരണസാര (Conscience of the world) മാണത്രേ. ആദ്ധ്യാത്മികമായ ഗവേഷണവിഷയത്തിൽ നേതൃത്വത്തിനായി ലോകം ഇന്ത്യയിലേക്കു ദൃഷ്ടിതിരിച്ചുകൊണ്ടിരിക്കുന്നു എന്നാണു ശ്രീ എച്ച്. വി. കമ്മത്ത് ഭരണഘടനാനിർമ്മാണസഭയിൽ ഉൽഘോഷിച്ചതു്. ചുരുക്കിപ്പറഞ്ഞാൽ, ഭാരതസ്വാതന്ത്ര്യലബ്ധിക്കുശേഷം ഇത്തരം തട്ടും തടയുമില്ലാത്ത പ്രസ്താവനകൾ അമിതസുലഭമായിത്തീർന്നിരിക്കയാണു്. അങ്ങനെ പ്രഖ്യാപിച്ചില്ലെങ്കിലേ, അഖിലഭാരതപ്രശസ്തി അർഹിക്കുന്ന ഒരു നേതാവാകയുള്ളു എന്നൊരു ധാരണപോലും പലരിലും കടന്നുകൂടിയിട്ടുള്ളതുപോലെ തോന്നുന്നു. "ഭാരതമാണു ലോകമാതൃക; ഭാരതമാണു സർവ്വജനാവലംബം; ഭാരതമാണു് ഏകലോകോദ്ധാരക." വാസ്തവമാണെങ്കിൽ ഇതു ഭാരതീയരായ നമുക്കേവർക്കും അതീവാഭിമാനകരവും നിസ്തുലചാരിതാർത്ഥ്യജനകവുമായ ഒരു മഹനീയസ്ഥിതിവിശേഷമാണെന്നുള്ളതിനു സംശയമില്ല പക്ഷെ വാസ്തവമാണോ? അല്ലയോ എന്നു പരിശോധിക്കാം; അതെ, നമ്മുടെ വിജൃംഭിതമായ ദേശീയാവേശവും അതിരുകവിഞ്ഞ ആത്മപ്രശംസാസക്തിയും ഒന്നു മാററിവച്ചുകൊണ്ടു്, നഗ്നമായ പരമാർത്ഥതയുടെ പരുപരുത്ത പശ്ചാത്തലത്തിൽ, നിഷ്കർഷമായ നിഷ്പക്ഷതയുടെ നൈസർഗ്ഗികമായ നേർവെളിച്ചത്തിൽ സംഗതികളുടെ വാസ്തവാവസ്ഥ നമുക്കൊന്നു പരിശോധിക്കാം.

പ്രാചീനകാലംമുതൽക്കേ പരമ്പരാഗതമായി ധാർമ്മികനിയമങ്ങളിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളതാണു് ഇന്ത്യൻ സംസ്കാരം, എന്നാണല്ലോ ലേഖകൻ പറയുന്നതു്. ഇന്ത്യയുടെ പ്രാചീനധർമ്മത്തിന്റെ ചൈതന്യത്തെ വീണ്ടും സ്വാധീനപ്പെടുത്തുന്നതിനാണല്ലോ രാജാജിയും പരിശ്രമിക്കുന്നതു്. ആകയാൽ പ്രാക്തനകാലത്തു പരിലസിച്ചിരുന്നതും പരമ്പരാഗതമായി വളർച്ച പ്രാപിച്ചതുമായ ഇന്ത്യൻ സംസ്കാരത്തിന്റെ ചില ധാർമ്മികവശങ്ങളിലേക്കു ആദ്യമായി നമുക്കൊന്നു കണ്ണോടിക്കാം. പ്രഥമതഃ നമ്മുടെ ദൃഷ്ടിയിൽ പെടുന്നതു അടിമകളെക്കാൾ നീചമെന്നോണം സമുദായത്തിൽനിന്നു പുറംതള്ളപ്പെട്ടു നികൃഷ്ടമായ പരിതഃസ്ഥിതികളിൽ കുടുങ്ങി പരിതാപകരമായ ജീവിതം നയിച്ചുപോന്ന അധഃകൃതവർഗ്ഗങ്ങളാണു്. ജന്മനാ അധമന്മാരെന്നു വിധിക്കപ്പെട്ടിരുന്ന ഇവരുടെ സമ്പർക്കം മാത്രമല്ല വിദൂരമായ സാമീപ്യംപോലും ഉയർന്ന വർഗ്ഗക്കാരെന്നു സ്വയം അഭിമാനിച്ചിരുന്ന ജാതിഹിന്ദുക്കൾ പരിപൂർണ്ണം വർജ്ജിച്ചിരുന്നു. ചില കൂട്ടരെ കണ്ടാൽ കുളിക്കണമെന്നുപോലും നിർബന്ധമുണ്ടായിരുന്നു. അധഃകൃതൻ വേദമന്ത്രം കേട്ടുപോയാൽ തത്പരിഹാരാർത്ഥം അവന്റെ ചെവിയിൽ ഈയ്യം ഉരുക്കിയൊഴിക്കണമെന്നുപോലും. അവനു ധർമ്മഗ്രന്ഥങ്ങൾ വായിക്കുവാൻ പാടുണ്ടായിരുന്നില്ല. സ്ത്രീകളുടെ നിലയും ഏതാണ്ടിതുപോലെതന്നെയായിരുന്നു. അവർക്കും "വേദപാരായണം നിഷേധിക്കപ്പെട്ടിരുന്നു." ഏ. ഡി. 500-നും 650-നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ "സ്ത്രീകൾക്കു സമുദായത്തിലുള്ള സ്ഥാനം കുറഞ്ഞുതുടങ്ങുകയും അവർ പുരുഷന്മാർക്കടിപ്പെട്ടു ജീവിക്കുവാൻ നിർബന്ധിതരാകുകയും ചെയ്തു. ബുദ്ധമതസന്യാസിനിമാരെപ്പോലെ ആകാതിരിപ്പാൻ വേണ്ടി ബാല്യവിവാഹം സ്ത്രീകളുടെ ഇടയിൽ പ്രചരിച്ചു" എന്നാണു ചരിത്രം സാക്ഷിക്കുന്നതു്. സ്ത്രീകൾക്കു ചാരിത്രശുദ്ധി നിർബന്ധമായിരുന്നു; എന്നാൽ പുരുഷന്മാർക്കാകട്ടെ അക്കാര്യത്തിൽ യാതൊരു അസ്വാതന്ത്ര്യവുമുണ്ടായിരുന്നതായി കാണുന്നില്ല. അതുപോലെതന്നെ സ്ത്രീകൾക്കു പുനർവിവാഹം നിഷേധിക്കപ്പെട്ടിരുന്നു. ഭർത്താവു മരിച്ചാൽ ഭാര്യയെക്കൂടി ചിതയിൽ ചാടിച്ചു ദഹിപ്പിക്കുന്ന ക്രൂരതരമാചാരവും നടപ്പുണ്ടായിരുന്നു. മെഗാസ്തനിസിന്റെ സാക്ഷ്യം ഉദ്ധരിച്ചുകൊണ്ടു, ചന്ദ്രഗുപ്തമഹാരാജാവിന്റെ കാലത്തെ (300 . C.) സമുദായസ്ഥിതി പ്രശംസിക്കുന്നതിനിടയ്ക്കു ശ്രീ ഈശ്വരിപ്രസാദ് പറയുന്നു: "Some later sting customs prevailed in the Punjab, such as the selling of marriageable girls, the burning of widows etc." എന്നാൽ ഇത്തരത്തിലുള്ള ദുഷ്ടങ്ങളൊന്നുംതന്നെ പുരുഷന്മാരെ ബാധിച്ചിരുന്നതുമില്ല. ബഹുഭാര്യാത്വം സാധാരണമായിരുന്നു; ബഹുഭർതൃത്വവും ഇല്ലാതിരുന്നില്ല. പാഞ്ചാലീസ്വയംവരം ഉദാഹരണമാണല്ലോ. ശിശുഹത്യ, നരബലി ആദിയായ അതിഭയങ്കരങ്ങളായ അധർമ്മങ്ങളും പൗരാണികഭാരതത്തിൽ അത്ര ദുർലഭങ്ങളല്ലായിരുന്നു. ചതിയും വഞ്ചനയും ഉന്നതസ്ഥാനങ്ങളിൽപ്പോലും സ്ഥലം പിടിച്ചിരുന്നു എന്നുള്ളതാണല്ലോ അരക്കില്ലത്തിന്റെ കഥ സൂചിപ്പിക്കുന്നതു്. ശത്രുസംഹാരാർത്ഥം എന്തുതന്നെയും ചെയ്യാമെന്നു ഭഗവദ്ഗീതയും ധർമ്മോപദേശം ചെയ്യുന്നു. പോരെങ്കിൽ "ഗോബ്രാഹ്മണഹിതത്തിനും, വേളിക്കും വൃത്തിരക്ഷയ്ക്കും, പൊളി നിന്ദിതമല്ലെടോ," എന്നൊരു സർവ്വാണിപ്രമാണവുമുണ്ടായിരുന്നു.

മററു രാജ്യക്കാരെ അപേക്ഷിച്ചു ക്ഷുദ്രതലമായ അഹിംസാബോധമോ സമാധാനവാഞ്ഛയോ ഒന്നുംതന്നെ അക്കാലത്തെ ഭാരതീയരിൽ കണ്ടിരുന്നില്ല. ചുരുക്കം ചില "സുവർണ്ണകാലങ്ങൾ" ഒഴിച്ചാൽ, ഭയങ്കരമായ രക്തച്ചൊരിച്ചിലോടുകൂടിയ നിരവധി യുദ്ധങ്ങൾ ഇടമുറിയാതെയെന്നോണം അന്നത്തെ രാഷ്ട്രങ്ങൾ തമ്മിൽ നടന്നുകൊണ്ടിരുന്നു. അശോകന്റെ "കലിംഗയുദ്ധത്തിൽ" ഒരു ലക്ഷംപേർ മൃതിയടഞ്ഞു. ഒരു ലക്ഷത്തിഅമ്പതിനായിരം പേർ തടവുകാരായും ഭവിച്ചു. എന്നാണു ചരിത്രസാക്ഷ്യം. അക്കാലത്തെ പരിമിതമായ ജനസംഖ്യയോടൊപ്പിച്ചു നോക്കുമ്പോൾ ഇതു വളരെ വളരെ വമ്പിച്ച ഒരു കൂട്ടക്കൊലയാണെന്നു കാണാം. അതുപോലെതന്നെ, ആഭ്യന്തരവിപ്ലവങ്ങൾ മുഖേനയോ, ചതിപ്രയോഗങ്ങളാലെ, നാടുവാഴികളെ വധിച്ചു് അധികാരം കൈക്കലാക്കിയിട്ടുള്ള ഉദാഹരണങ്ങളും അനവധിയാണു്. അക്കാലത്തെ ധാർമ്മികാവബോധത്തിനും സമാധാനവാഞ്ഛയ്ക്കും ഇവയൊന്നും തടയുന്നതിനുള്ള ശക്തിയുള്ളതായി കണ്ടില്ല. ആര്യദ്രാവിഡസംഘട്ടനങ്ങളാണു് ആദ്യമായി നമ്മുടെ ദൃഷ്ടിയിൽ പെടുന്നതു്. അവ വളരെക്കാലം നീണ്ടുനിന്നു. ഉത്തരഭാരതം "ആര്യാവർത്ത"മായി പരിണമിച്ചശേഷമാകട്ടെ ആര്യസാമ്രാജ്യങ്ങൾ തമ്മിലായി ഈ സമരധോരണി. അങ്ങനെ ഉത്തരേന്ത്യ മുഴുവൻ രണ്ടു ചേരികളായി തിരിഞ്ഞുനിന്നു പടപൊരുതിയതാണല്ലോ "മഹാഭാരത"കാവ്യത്തിലെ ഇതിവൃത്തം. അതിൽ പ്രകടിതമായി കാണുന്ന ക്രൗര്യം, ചതി, ഗുരുഹത്യ, ഭ്രാതൃഹത്യ ആദിയായ അധർമ്മങ്ങൾ കഥയെ സംബന്ധിച്ചേടത്തോളം ഭാവനാനിർമ്മിതങ്ങളാണെങ്കിലും അന്നത്തെ സാമുദായികധർമ്മബോധത്തിന്റെ പ്രകൃതിയെയാണല്ലോ അവ സൂചിപ്പിക്കുന്നതു്. ജൈനമതം, ബുദ്ധമതം, ഇവയുടെ പ്രചാരശേഷവും ഈ യുദ്ധഭ്രാന്തിക്കു ശമനമുണ്ടായില്ല. നന്ദ, മൗര്യ, സംഗ, കാൺവ, കുശാന, ഗുപ്ത, താണീശ്വര, എന്നിങ്ങനെ രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും യുദ്ധകോലാഹലങ്ങൾക്കിടയിൽ ഒന്നൊന്നായി ഉയരുകയും ഉടയുകയും ചെയ്തുകൊണ്ടിരുന്നു, മററു രാജ്യങ്ങളിലെപ്പോലെ. ഇവയ്ക്കുശേഷം ഉത്തരേന്ത്യയിൽ പ്രാബല്യത്തിൽ വന്ന രജപുത്രരാഷ്ട്രങ്ങളും നിത്യേനയെന്നപോലെ മററുള്ളവരായി പടവെട്ടിക്കൊണ്ടോ, അതില്ലാത്തപ്പോൾ പരസ്പരം കലഹിച്ചുകൊണ്ടോ, നാട്ടിൽ അസമാധാനം പുലർത്തിയിരുന്നു. അനന്തരം ഇന്ത്യയിലേക്കുവന്ന മഹമ്മദീയരുടേയും മുഗളരുടേയും കാലങ്ങളിലെ സ്ഥിതിഗതികൾ ഇവിടെ വിവരിക്കണമെന്നില്ല. ഇക്കാലമത്രയും ദക്ഷിണഭാരതത്തിന്റെ ഭാഗധേയവും ഒട്ടും വ്യത്യസ്തമായിരുന്നില്ല. മുരുകന്റെ (യുദ്ധാവതാരദേവന്റെ) ക്രൂരനൃത്തം അവിടെയും തിരുതകൃതിയായി നടന്നിരുന്നു.

ആഭ്യന്തരവിപ്ലവങ്ങളുടേയും ചതിപ്രയോഗങ്ങളുടേയും ചരിത്രവും ആദ്യവസാനം നീണ്ടുകിടക്കുന്നതായി കാണാം. രാമായണമഹാഭാരതകഥകളിൽ കാണുന്നവ നീക്കിവച്ചിട്ടു്, ശരിയായ ചരിത്രസാക്ഷ്യമുള്ളവയിൽ ചിലതു ചൂണ്ടിക്കാണിക്കാം. ബി. സി 491-ലാണു മഗധരാജാവായിരുന്ന ബിംബിസാരനെ വധിച്ചു് അദ്ദേഹത്തിന്റെ പുത്രൻ രാജ്യം കൈക്കലാക്കിയതു്. ഏതാനും തലമുറകൾ കഴിഞ്ഞപ്പോൾ അന്നു അവരുടെ കീഴിൽ കാശിയിലെ ഗവർണരായിരുന്ന ശിശുനാഗൻ, ബിംബിസാരവംശത്തെ ഉന്മൂലനംചെയ്തു, മഗധരാജാവായിത്തീർന്നു; അങ്ങനെ നന്ദവംശം അധികാരത്തിൽ വന്നു. അനന്തരം (B. C. 325) മൗര്യവംശസ്ഥാപകനായ ചന്ദ്രഗുപ്തൻ, ചാണക്യബ്രാഹ്മണന്റെ കുടിലനയതന്ത്രസഹായത്തോടുകൂടി, സ്വന്തം അപ്പനെ (ഒടുവിലത്തെ നന്ദചക്രവർത്തിയെ) യുദ്ധത്തിൽ ഹനിച്ചു രാജ്യം കരസ്ഥമാക്കി. ചന്ദ്രഗുപ്തന്റെ കാലത്തു, രാജാവും ഉദ്യോഗസ്ഥന്മാരും ഒരുപോലെ ഒററുകാരെ നിയോഗിച്ചിരുന്നു. "The king was always afraid of poison and murder. His palace was well-guarded. Everything entering the palace was registered, and Megasthenes goes so far as to say that the king changed his room every night." മഹാനായ അശോകചക്രവർത്തിപോലും അപ്പന്റെ മന്ത്രിമാരുടെ ഗൂഢസഹായത്തോടുകൂടി, കിരീടാവകാശിയായ ജ്യേഷ്ഠനെ തോല്പിച്ചു ചെങ്കോൽ "പിടിച്ചുപററുക"യാണുണ്ടായതു്. ഈശ്വരിപ്രസാദ് പറയുന്നു: Acco ding to some stori s Asoka came to the throne after murdering ninety-nine brothers. The story does not seem to be tru ; but it seems quite probable that he had to fight for the throne with his brothers, who ultimately yielded place to him." മൗര്യവംശത്തിന്റെ ആരംഭംപോലെതന്നെയായിരുന്നു അവസാനവും. ഒടുവിലത്തെ രാജാവിനെ അദ്ദേഹത്തിന്റെ സൈന്യാധിപനായ പുഷ്യമിത്രൻ ഒരു സൈനികപരിശോധനാവേളയിൽ ചതിവായി നിഗ്രഹിച്ചുകൊണ്ടുകൂടിയാണു്, ആ വംശം നാമാവശേഷമായി, തൽസ്ഥാനത്തു സംഗവംശം വന്നുചേർന്നതു്. ഇവിടെയും ആദ്യവസാനങ്ങൾ ഒരുപോലെയായിരുന്നു. സംഗവംശത്തിലെ പത്താമത്തെ ഭൂപനെ അദ്ദേഹത്തിന്റെ മന്ത്രി, വാസുദേവപട്ടർ, കൊല്ലുകയാണുണ്ടായതു്. വാസുദേവൻ സ്ഥാപിച്ച കാൺവവംശമാകട്ടെ 45 കൊല്ലത്തിലധികം നിലനിന്നതുമില്ല. കാൺവരെ നശിപ്പിച്ച സാതവാഹനസാമ്രാജ്യത്തിനും പ്രാദേശിക ഗവർണ്ണർമാരുടെ നിരവധി വിപ്ലവശ്രമങ്ങളെ എതിരിടേണ്ടതായും പലപ്പോഴും അവയിൽ അടിപെടേണ്ടതായും വന്നു. കേളികേട്ട ഗുപ്തസമ്രാട്ടായ ചന്ദ്രഗുപ്തവിക്രമാദിത്യനും പൂർവ്വഗാമിയായ രാമഗുപ്തനെ വധിച്ചാണു സിംഹാസനാരോഹണംചെയ്തതെന്നു ചില ചരിത്രകാരന്മാർ പറയുന്നു. ബിഹാർ രാജാവായ ഗ്രഹവർമ്മനെ ഒരു ഗുപ്തപ്രമാണി നിഗ്രഹിച്ചു; അയാളോടു താണീശ്വര

(ശേഷം 8-ാം പേജിൽ)



വി. റോക്കി (1295-1327). ഫ്രാൻസിൽ ഭൂജാതനായ ഇദ്ദേഹം സ്വമാതാപിതാക്കന്മാരുടെ മരണശേഷം 20-ാമത്തെ വയസ്സിൽ ഒരു ഭിക്ഷുവായി ഇററലിയിൽ ചുററിസഞ്ചരിക്കുകയും പ്ലേഗുരോഗം ബാധിച്ചിരുന്നവരെ ശുശ്രൂഷിക്കുകയും ചെയ്തു. അവസാനം അദ്ദേഹത്തിനു തന്നെ ആ രോഗം പിടിപെട്ടു് ഒരു വിജനപ്രദേശത്തു് നിരാലംബനായി കിടക്കുന്നതിനിടവന്ന അവസരത്തിൽ ഒരു നായ് അദ്ദേഹത്തിന്റെ സഹവാസിയായിരുന്നു. ഫ്രാൻസിലേക്കു മടങ്ങിവന്നശേഷം ഒരു ചാരനെന്നു സംശയിച്ചു് രാഷ്ട്രീയാധികാരികൾ അദ്ദേഹത്തെ അറസ്റ്റുചെയ്തു. കാരാഗൃഹത്തിൽവച്ചു വി. റോക്കി മൃതിയടയുകയും ചെയ്തു. ഈ പുണ്യവാൻ രോഗികളുടെ പ്രത്യേകമദ്ധ്യസ്ഥനാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ

എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 | ERNAKULAM, SEPTEMBER 28 1949 | No 7


# തിരുനാൾമംഗളം

പുണ്യവാൻ, സഭാമല്പാൻ, വേദപുസ്തകവിവർത്തകൻ എന്നീ നിലകളിൽ വിഖ്യാതനായ വി. ജറോമിന്റെ തിരുനാൾ ആഘോഷിക്കുന്ന അടുത്ത വെള്ളിയാഴ്ച കേരളീയ ക്രിസ്ത്യാനികൾക്കു പ്രത്യേകിച്ചും ആനന്ദദായകമായ ഒരു സുദിനമാണ്. കാരണം, കൊല്ലം രൂപതയുടെ അഭിവന്ദ്യാദ്ധ്യക്ഷനായ മൊറാ റവ. ഡോക്ടർ ജറോം ഫർനാണ്ടസ് തിരുമേനിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ ഈ വിശുദ്ധനാണെന്നുള്ളതുതന്നെ. വന്ദ്യ തിരുമേനിയുടെ അജഗണങ്ങളോടുകൂടി ചേർന്നുകൊണ്ട്, അവിടുത്തെ പൈതൃകവാത്സല്യത്തിനു പാത്രീഭൂതമായിരിക്കുന്ന സത്യദീപവും തിരുമനസ്സിലേക്കു ഹൃദയംഗമമായ മംഗളങ്ങളാശംസിക്കുകയും തിരുമനസ്സിൽനിന്നു ലഭിച്ചിട്ടുള്ള ഉപകാരങ്ങൾക്കും പ്രോത്സാഹനങ്ങൾക്കുമെല്ലാം നന്ദിപ്രകാശിപ്പിക്കുകയും ചെയ്യുന്നു.



പ്രാർത്ഥനാപരിഷ്ക്കരണ കമ്മിററിയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും മററും വന്ദ്യതിരുമേനി കേരളീയ ക്രിസ്തീയസഭയ്ക്കു ചെയ്തുവരുന്ന സേവനങ്ങൾ നിരവധിയാണ്. അവയെല്ലാം തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ട ആരോഗ്യവും ആയുസ്സും സർവ്വശക്തൻ തിരുമേനിക്കു പ്രദാനംചെയ്യുമാറാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിശിഷ്യ, കൊല്ലംരൂപതവകയായി ഒരു ഒന്നാംഗ്രേഡ് കോളെജ് സ്ഥാപിക്കുവാൻ തിരുമേനി ചെയ്തുവരുന്ന ഭഗീരഥയത്നങ്ങൾ വിജയശ്രീലാളിതങ്ങളാകട്ടെയെന്നാശംസിക്കയും ചെയ്യുന്നു.

# കമ്മ്യൂണിസ്റ്റടവുകൾ

## സഖാവിനു ശ്രീ പനമ്പിള്ളിയുടെ മറുപടി

ഈഴവസമുദായത്തിന്റെ അനിഷേദ്ധ്യനേതാവായിരുന്ന ശ്രീ നാരായണഗുരുവിന്റെ ചരമവാർഷികം പ്രമാണിച്ചു കൂടുന്ന യോഗങ്ങളിൽ പലപ്പോഴും ദൈവവിശ്വാസത്തിനും മതബോധത്തിനും എതിരായുള്ള പ്രസംഗങ്ങൾ നടന്നുവരാറുണ്ട്. എന്നാൽ വിവിധജാതിമതസ്ഥരെ ക്ഷണിച്ചുവരുത്തിയശേഷം അവരുടെ മനസ്സിനെ വേദനിപ്പിക്കുന്നതരം പ്രസംഗങ്ങൾ നടത്തുന്നതു ഉപചാരത്തിനു യോജിക്കുന്ന ഒരു പ്രവൃത്തിയാകയില്ല. ഒരു മതഭക്തനും ആസ്തികൃവാദിയുമായിരുന്ന ശ്രീ നാരായണ ഗുരുവിന്റെ സ്മരണ, നിരീശ്വരപരവും വിപ്ലവാത്മകവുമായ പ്രസംഗങ്ങൾക്കു സ്ഥാനം അനുവദിക്കുന്ന യോഗങ്ങൾവഴി നിലനിർത്താൻ ശ്രമിക്കുന്നതിലുള്ള അനൗചിത്യത്തെപ്പററി പ്രത്യേകമൊന്നും പറയേണ്ടതുമില്ലല്ലോ. ചിലപ്പോഴെല്ലാം അത്തരം യോഗങ്ങൾ കമ്മ്യൂണിസപ്രചാരണത്തിനായുള്ള അവസരങ്ങളായി രൂപാന്തരപ്പെടുത്താനും ചില പ്രാസംഗികന്മാർ ശ്രമിക്കാറുണ്ടെന്നതിനു തെളിവാണ് ഇക്കഴിഞ്ഞ വ്യാഴാഴ്ച ചേർത്തല ഗവമ്മെൻറ് ഹൈസ്കൂളിൽവെച്ച് വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോന്റെ അദ്ധ്യക്ഷതയിൽ ശ്രീ നാരായണഗുരുദിനം ആഘോഷിക്കുവാനായി കൂടിയ യോഗത്തിൽ വള്ളത്തോൾ മഹാകവിയുടെ മകൻ സഖാവ് അച്യുതക്കുറുപ്പ് ചെയ്ത "തീപ്പൊരിപ്രസംഗം". എന്നാൽ സാധുജനങ്ങളെ തെററിദ്ധരിപ്പിക്കുവാനായി പ്രാസംഗികൻ പ്രയോഗിച്ച അടവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വാദമുഖങ്ങളെ അദ്ധ്യക്ഷൻ സമർത്ഥമായി ഖണ്ഡിച്ചുവെന്നതു ചാരിതാർത്ഥ്യജനകമായിരിക്കുന്നു. രണ്ടു മണിക്കൂറോളം നീണ്ടുനിന്ന പണ്ഡിതോചിതമായ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സാമാന്യം ദീർഘമായ റിപ്പോർട്ടുകൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടു. അവയിൽനിന്നും ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

### മൗനമവലംബിക്കുന്നതു ഉചിതമല്ല

"ഇന്നത്തെ കോൺഗ്രസ് ഗവമ്മെൻറിനെ അട്ടിമറിക്കണമെന്നും, സകല സമാധാനവ്യവസ്ഥിതികളേയും തട്ടിയുടക്കണമെന്നും ആഹ്വാനംചെയ്ത് അങ്ങനെ സർവ്വത്ര വിപ്ലവവും അസമാധാനവും ബീജാവാപംചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയ സഖാവ് അച്യുതക്കുറുപ്പിന്റെ തീപ്പൊരിപ്രസംഗം കേട്ടശേഷം മൗനമവലംബിക്കുന്നതു ആക്ഷേപത്തെയും വിശേഷിച്ച് ഒരു ഗവമ്മെൻറ് അംഗമായ, മന്ത്രിയായ എനിക്കും ഉചിതമല്ലല്ലോ. സംസ്കാരം വേണ്ടത്ര ലഭിച്ചിട്ടില്ലാത്തവരും, അനഭ്യസ്തവിദ്യരുമായ വല്ല പാവങ്ങളേയുംവഴിപിഴപ്പിക്കുവാൻ പോരുന്നവ മാത്രമാണതു്. കാര്യവിവരമുള്ളവരെ അതു ബാധിക്കുകയില്ലെന്നു് എനിക്കു നല്ല നിശ്ചയമുണ്ട്. അദ്ദേഹം പാവങ്ങളുടെ കഷ്ടസ്ഥിതിയിലും സ്വാതന്ത്ര്യപ്രേമത്തിന്റെ പേരിലും വിലപിക്കുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ട്—കോൺഗ്രസ് ഗവമ്മെണ്ടു ഭരണംകൈയേററിട്ട്—കൊല്ലം രണ്ടു കഴിഞ്ഞിട്ടും പാവപ്പെട്ടവർ പിന്നെയുമുണ്ടായിരിക്കുന്നതിൽ അദ്ദേഹം വല്ലാതെ ഖേദിക്കുന്നു. അതുകൊണ്ട് ജനങ്ങളെല്ലാം വാളും തോട്ടാത്തോക്കുമായി, കുന്തമുളകുപൊടിയും കൊയിത്തരിവാളുമായി ഇറങ്ങുന്നതിനാഹ്വാനംചെയ്യുന്നു. ഇതുതന്നെയാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽസിക്രട്ടറി സഖാവു രണദിവെന്റെ സന്ദേശവും. നാം ദിവസവും കേൾക്കുന്നുണ്ട് ഈ ആഹ്വാനത്തിന്റെ മാറെറാലികൾ. ശാന്തരായി, സമാധാനചിത്തരായി കഴിഞ്ഞുകൂടുന്ന എത്രയെത്ര ആളുകളാണ് ഈ കമ്മ്യൂണിസ്റ്റുകളുടെ ആക്രമണത്തിനിരയാകുന്നതു്, ദിനംതോറും യമപുരി പൂകുന്നതു്. ആസിഡ് കുപ്പികളും കൈബോംബുകളും ജനക്കൂട്ടത്തിലേക്കു വലിച്ചെറിഞ്ഞ്, സായുധരായി സംഘംചേർന്ന് ഓടിപ്പോകുന്ന തീവണ്ടികൾ തടഞ്ഞുനിറുത്തിയും മറിച്ചിട്ടും എത്രയെത്ര ഉപദ്രവങ്ങളാണ് ഈ കമ്മ്യൂണിസ്റ്റുകൾ പൊതുജനങ്ങൾക്കു വരുത്തിക്കൊണ്ടിരിക്കുന്നതു്?

### ഇൻഡ്യയിൽ സ്വർഗ്ഗംസ്ഥാപിക്കുന്നതു ഇങ്ങനെയോ?

"എന്നാൽ ഞാൻ ചോദിക്കുന്നു ഇത്ര കത്തിച്ചും രിച്ചിലും കൂട്ടക്കൊലയും നടത്തിയിട്ടാണോ ഇവർ ഇന്ത്യയിൽ സ്വർഗ്ഗംസ്ഥാപിക്കുവാൻ പോകുന്നതു് എന്നു്; അധികാരത്തിൽ എത്താൻ പോകുന്നതു് എന്നു്. തീർച്ചയായും അതു സാദ്ധ്യമല്ല. ഇവിടെ 21 വയസ്സു പ്രായമായ ഏതൊരുവനും വോട്ടവകാശമുണ്ട്. 1951-ൽ പൊതുതിരഞ്ഞെടുപ്പു നടക്കും. ധൈര്യമുണ്ടെങ്കിൽ പൊതുജനങ്ങളെ സമീപിച്ച് അവരുടെ വോട്ടു സമ്പാദിച്ച് വ്യവസ്ഥാപിതമായ രീതിയിൽ കഴിയുമെങ്കിൽ അധികാരം സമ്പാദിക്കട്ടെ. അതാണ് പ്രജായത്തഭരണസിദ്ധാന്തം. അല്ലാതെ അക്രമങ്ങളോ, ഭീഷണിയോ അല്ല അധികാരസമ്പാദനത്തിനുള്ള മാർഗ്ഗം. അക്രമങ്ങൾ വെടിഞ്ഞു സമാധാനപരമായി വ്യവസ്ഥാപിതമായ രീതിയിൽ വളരുവാനും പ്രവർത്തിക്കുവാനും ഇന്നു് ഏതു പാർട്ടിക്കും ഇൻഡ്യയിൽ സ്വാതന്ത്ര്യമുണ്ട്.

### റഷ്യയിലെ സ്ഥിതി എന്താണു?

"ഇവിടെ സ്വാതന്ത്ര്യമില്ലെന്നു സഖാവു് അച്യുതക്കുറുപ്പു പറയുന്നു. എന്നാൽ ഞാൻ ചോദിക്കുന്നു, സഖാവിന്റെ പിതൃരാജ്യമായ റഷ്യയിലെ സ്ഥിതി എന്താണെന്നു്. സഖാവു് ഇന്നത്തെ കോൺഗ്രസ് ഗവമ്മെണ്ടുവക ഒരു പബ്ളിക്ക് ഇൻസ്റ്റിട്യൂഷനിൽവച്ച് ഒരു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആ മന്ത്രിയുൾപ്പെടെയുള്ള ഗവമ്മെൻറിനെ അവഹേളിക്കയും തകിടംമറിക്കാൻ ജനങ്ങളെ ഉൽബോധിപ്പിക്കയും ചെയ്തിരിക്കേ—അപ്രകാരമുള്ള ഒരു സ്വാതന്ത്ര്യം പ്രയോഗിച്ചിരിക്കേ—ഇപ്രകാരമുള്ള ഒരു സ്വാതന്ത്ര്യം റഷ്യയിൽ ഒരു വ്യക്തി അവലംബിക്കുന്നപക്ഷം—റഷ്യൻ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിനെ ആ ഗവമ്മെൻറിൽ അധികാരം വഹിക്കുന്ന ഒരാളിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന ഒരു യോഗത്തിൽവച്ച് അപലപിക്കുന്നുവെങ്കിൽ, തകിടംമറിക്കുവാൻ ആഹ്വാനം ചെയ്യുന്നുവെങ്കിൽ—അയാൾക്കു് പിന്നെ രണ്ടു മണിക്കൂറിൽ കൂടുതലായി ഇഹലോകജീവിതം സാദ്ധ്യമല്ലതന്നെ. (കരഘോഷം) (ഹിയർ) ഇന്നത്തെ റഷ്യൻ സംവിധാനത്തിൽ ഒരു കൂട്ടുപ്രവർത്തകനായിരുന്ന ട്രോട്സ്കിയുടെ കഥതന്നെ എടുക്കാം. സഖാവു് സ്റ്റാലിനുമായി ഏതോ അഭിപ്രായവ്യത്യാസമുണ്ടായതുമൂലം റഷ്യയിൽ വാസം പ്രയാസമെന്നു കണ്ടു് മെക്സിക്കോയിൽ പോയി വളരെ ഒളിവിലും കരുതലിലും താമസിച്ചിരുന്ന ട്രോട്സ്കിയെ കമ്മ്യൂണിസ്റ്റ് ദൂർഭൂതങ്ങൾ അനുധാവനംചെയ്തു വധിച്ച കഥ നമുക്കെല്ലാം അറിവുള്ളതാണല്ലോ.

### ഇവിടത്തെ സ്ഥിതി

"എന്നാൽ ഇവിടത്തെ സ്ഥിതി എന്താണു്? സഖാവിന്റെ അച്ഛൻ ശ്രീ വള്ളത്തോളിനെ, സഖാവു ആക്ഷേപിക്കുന്ന കോൺഗ്രസ് ഗവമ്മെണ്ടു് ആസ്ഥാനകവിയെന്നുള്ള സ്ഥാനവുംകൊടുത്തു് ചില പ്രത്യേകതകളും നല്കി ബഹുമാനിച്ചിരിക്കുന്നു. റഷ്യയിലാണെങ്കിൽ ആ ഗവമ്മെണ്ടിൽനിന്നും വല്ല ആനുകൂല്യവും ലഭിച്ചിട്ടുള്ള ഒരു വ്യക്തിയോ—ആ കുടുംബത്തിൽപ്പെട്ട ഏതെങ്കിലുമൊരംഗമോ—ആ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിനെതിരായി ഒരു ചെറുവിരൽ എങ്കിലും അനക്കുന്നപക്ഷം അയാളുടെ ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും നഷ്ടപ്പെടുന്നതു മാത്രമല്ല പിന്നീട് ഒരവയവവും അനക്കാൻ പാടില്ലാത്ത വണ്ണമായിത്തീരുന്നതും കാണാം. അവിടെ സാർ ചക്രവർത്തിയിൽനിന്നും ഭരണം കിട്ടിയശേഷം 18 നീണ്ട വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു ഒരു ഭരണഘടനയ്ക്കു വേണ്ടി. ഇവിടെയാണെങ്കിൽ സ്വാതന്ത്ര്യം ലഭിച്ചിട്ടു് രണ്ടു കൊല്ലമായപ്പോഴേക്കും ഇതാ ഭരണഘടന തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. അവിടെ കമ്മ്യൂണിസ്റ്റൊഴിച്ചു് ഏതെങ്കിലുമൊരു പാർട്ടിയുണ്ടോ? മറെറാരു പാർട്ടിക്കു അവിടെ ജനിക്കുവാനോ വളരുവാനോ സ്വാതന്ത്ര്യമോ അവകാശമോ ഉണ്ടോ? തീർച്ചയായും ഇല്ല. എന്നാൽ ഇവിടെയോ നമുക്കറിയാം ആ വക യാതൊരു സ്വാതന്ത്ര്യവുമില്ലായെന്നു്. എന്നിട്ടാണു് സഖാവു് പറയുന്നതു് ഇവിടെ സ്വാതന്ത്ര്യമില്ലെന്നു്. നോക്കുക വാദം എത്ര വിചിത്രമെന്നു്.

### പാവങ്ങളില്ലാത്ത രാജ്യമേതാണു്?

"സഖാവു പറയുന്നു ഇവിടെ പാവങ്ങളും വിശക്കുന്നവരുമുണ്ടെന്നു്. എന്നാൽ ഞാൻ ചോദിക്കുന്നു ഇക്കൂട്ടരില്ലാത്ത രാജ്യമേതുണ്ടെന്നു്. സഖാവു് വാനോളം വാഴ്ത്തുന്ന റഷ്യയിൽ സാധുക്കളില്ലേ? കഷ്ടപ്പെടുന്നവരില്ലേ? അവിടെ എല്ലാവരും സുഭിക്ഷതയിൽ നീന്തിക്കളിക്കയാണോ? ഒരു നേരത്തെ ആഹാരത്തിനുപോലും നിവൃത്തിയില്ലാതെ കൊടും പട്ടിണികൊണ്ടും രോഗംമൂലവും നരകയാതനകളനുഭവിച്ചു മരണമടഞ്ഞ റഷ്യൻപൗരന്മാർ എത്ര ലക്ഷോപലക്ഷം! അത്യധികമായ തണുപ്പു തടുക്കാൻ—കാൽപ്പാദങ്ങൾകൂടി മറയ്ക്കുവാൻ—ഒരു തുണ്ടു തുണി ലഭിക്കാതെ ശൈത്യബാധയിൽപ്പെട്ടു മരിച്ചുപോയ റഷ്യൻ ജനങ്ങൾ എത്രയസംഖ്യം! ഇതൊന്നും അറിയാത്തമട്ടിലാണു് സഖാവിന്റെ പോക്കു്. അദ്ദേഹത്തിനു് എന്തെങ്കിലും പറഞ്ഞു് കുറെ അറിവില്ലാത്ത പാവങ്ങളെ വശത്താക്കണമെന്നേയുള്ളു.

### വക്രമായ വാദഗതിക്കൊരു ദൃഷ്ടാന്തം

"ഒരു ദൃഷ്ടാന്തം ഇതിലേക്കു ഞാൻ നിങ്ങളുടെ മുൻപാകെ വെക്കാം. അദ്ദേഹം പറഞ്ഞു, പാവപ്പെട്ട അദ്ധ്യാപകന്മാർക്കു ശമ്പളം തീരെ കുറവാണെന്നും അവർ ചപ്പും കുടിച്ചുമാണു് ജീവിക്കുന്നതെന്നും. വിദ്യാർത്ഥികളോടു പറഞ്ഞു, ഫീസുകൂടുതലാണെന്നു്. അങ്ങനെ കുടുംബം വിററു പഠിച്ചാലും ജോലിയെന്നും കിട്ടുകയില്ലെന്നു്. ജനങ്ങളോടു പറഞ്ഞു എല്ലാത്തിനും നികുതിയാണു; ഇനി ശ്വാസംവിടുന്നതിനുമാത്രമേ നികുതിയില്ലാതുള്ളുവെന്നു്. കർഷകനോടു പറഞ്ഞു നിങ്ങൾ എത്ര പണിപ്പെട്ടു വേലയെടുത്തു വിളവുണ്ടാക്കിയാലും നിങ്ങൾക്കതു കിട്ടുകയില്ല; അതു ഗവമ്മെണ്ടു് എടുത്തു് അവർ സ്വയം പുഷ്ടരാകും; നിങ്ങൾക്കു പിന്നേയും പട്ടിണിതന്നെ ഫലം എന്നു് ഈ ചക്കരപൊതിഞ്ഞ പാഷാണം സാധാരണക്കാരനെ വഴിതെററിക്കാൻ പോരുന്നവയല്ലാതെ പ്രായോഗികമല്ലെന്നു ബുദ്ധിയുള്ളവർക്കറിയാം. കൃഷിചെയ്യാതെ രാജ്യം സുരക്ഷിതമാകാനോ നികുതി മുതലായി പൊതുജനങ്ങളിൽനിന്നുമുള്ള വരവില്ലാതെ ആവശ്യമായ പദ്ധതികൾ നിർവ്വഹിച്ചു ഭരണംനടത്താനോ സാദ്ധ്യമല്ല എന്നു ആർക്കുമറിയാം. എന്നാൽ സഖാവു അതെല്ലാം മറച്ചുവെച്ചു ഒരു മീരട്ടുകളി നടത്തുകയാണു്. ഏതെങ്കിലുമൊരു ഫ്ളാററുഫാറം കിട്ടിയാൽ അവിടെ സ്ഥലകാലഭേദമൊന്നും നോക്കാതെ തന്റെ നേതാവിന്റെ നിർദ്ദേശങ്ങൾ തട്ടിവിടണമെന്നുമാത്രമേ ഉദ്ദേശമുള്ളു. പശുവിന്റെ ദേഹത്തു വ്രണങ്ങൾ ഉണ്ടാകുമ്പോൾ ഈച്ചകൾ അടുത്തു തങ്ങളുടെ വിശപ്പടക്കുകയും അതേസമയംതന്നെ പശുവിനു് കൂടുതൽ ശല്യമുണ്ടാക്കുകയും ചെയ്യുന്നതുപോലെ എവിടെയെങ്കിലും സ്വല്പം വിടവുകിട്ടിയാൽ അവിടെ നുഴഞ്ഞുകയറി പാവങ്ങളുടെ പേരുപറഞ്ഞു് കുഴപ്പമുണ്ടാക്കി ചൂഷണംചെയ്തു മുതലെടുക്കുകമാത്രമാണു് ഈ കമ്മ്യൂണിസ്റ്റ് ഈച്ചകളുടെ ഉദ്ദേശം."

### കമ്മ്യൂണിസ്റ്റ് തന്ത്രങ്ങൾ

ശ്രീ പനമ്പിള്ളി പ്രസ്താവിച്ചതുപോലെ, പാവങ്ങളുടെ അവശതകളെ അതിവർണ്ണനംചെയ്തുകൊണ്ടു്, അവരുടെ യഥാർത്ഥഗുണമല്ല ലക്ഷ്യമാക്കിയാണെന്ന വ്യാജേന അവരെ വിപ്ലവത്തിനു പ്രേരിപ്പിച്ചുകൊണ്ടും മുതലെടുക്കുകയാണു കമ്മ്യൂണിസ്റ്റ് ലക്ഷ്യം. സമുദായമദ്ധ്യത്തിൽ എവിടെയെങ്കിലും കുഴപ്പമോ അസ്വസ്ഥതയോ ഉണ്ടോ, അവിടെയെല്ലാം സ്വമേധയാ ഓടിയെത്തി, സാധുജനങ്ങളുടെ ബലഹീനതയെ ചൂഷണംചെയ്തു അവരെ സ്വപാശ്വവർത്തികളാക്കാൻ കമ്മ്യൂണിസ്റ്റ്കാർ ശ്രമിക്കുന്നതായിരിക്കും. ഇതിനു ചില ഉദാഹരണങ്ങൾ, ദീർഘനാൾ ഇംഗ്ലണ്ടിലെ "ഡെയിലിവർക്കർ" എന്ന കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ അധിപരായിരുന്നശേഷം കമ്മ്യൂണിസം പരിത്യജിച്ചു് കത്തോലിക്കാസഭയിൽ പ്രവേശിച്ച ഡഗ്ലസ് ഹൈഡ് "Communism from the Inside" എന്ന ലഘുഗ്രന്ഥത്തിൽ നല്കുന്നുണ്ട്. 1947-ൽ ഹംഗറിയിലെ കമ്മ്യൂണിസ്റ്റ്കാർ, യുദ്ധംനിമിത്തം നാശത്തിനധീനമായിരുന്ന ഗ്രാമങ്ങളിലെ കത്തോലിക്കാ ദേവാലയങ്ങളെ പുനരുദ്ധരിക്കുന്ന

തിനായി സന്നദ്ധഭടന്മാരെ അയച്ചു. ദൈവത്തിലും മതത്തിലും വിശ്വാസമില്ലാത്ത അവർ അങ്ങനെ ചെയ്തതു സാധുക്കളായ കൃഷീവലന്മാരുടെ അനുഭാവം സമ്പാദിച്ച് അധികാരപദത്തിൽ എത്തിച്ചേരുന്നതിനു വേണ്ടിമാത്രമായിരുന്നു. പക്ഷേ അധികാരത്തിൽ എത്തിക്കഴിഞ്ഞ ഉടൻ അവർ കത്തോലിക്കരെ മർദ്ദിച്ചുതുടങ്ങുകയും ചെയ്തു. ഏതത്സംബന്ധമായി ഡഗ്ലസ് ഹൈഡ് ഇങ്ങനെ പറയുന്നു: "അത്തരം സമ്പ്രദായങ്ങൾ കമ്മ്യൂണിസം നിയമേന സ്വീകരിക്കുന്നവയാണ്. യഥാർത്ഥത്തിൽ, വഞ്ചന ഒരു കലയായി രൂപാന്തരപ്പെടുത്തപ്പെടുകയും അതു പ്രയോഗിക്കുന്നവരാൽ അതു ശ്രദ്ധാപൂർവ്വം അഭ്യസിക്കപ്പെടുകയും ചെയ്യുന്നു". (p. 12) ചതിവു പ്രയോഗിക്കുന്നതിലും നുണ പറയുന്നതിലും യാതൊരു വൈമുഖ്യവും പ്രദർശിപ്പിക്കേണ്ട ആവശ്യമില്ലെന്നാണു ലനിൻ കമ്മ്യൂണിസ്റ്റ് പത്രപ്രവർത്തകർക്കു നല്കിയ നിർദ്ദേശം. ലനിന്റെ അത്തരം നിർദ്ദേശങ്ങളെല്ലാം അച്ചടിച്ചു "ഡെയിലി വർക്കർ" പ്രവർത്തകരുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടിരുന്നുവെന്നു ഡഗ്ലസ് സാക്ഷിക്കുന്നു (Ibidem). സാധുക്കളെ തെററിദ്ധരിപ്പിക്കുന്നതിനും വിപ്ലവം ഉണ്ടാക്കുന്നതിനും സ്ഥാനത്തും അസ്ഥാനത്തും തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകാർ മടിക്കയില്ല എന്നാണല്ലോ ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതു്. കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരിക്കുന്ന നയവും ഇതിൽനിന്നു വ്യത്യസ്തമല്ലെന്നു ശ്രീ അച്യുതക്കുറുപ്പിന്റെ പ്രസംഗം തെളിയിക്കുന്നുണ്ട്. എങ്ങനെയായാലും, "അച്യുതൻ ഗോ ബാക്ക്" എന്ന സ്വരം യോഗാനന്തരം സദസ്സിൽ മുഴങ്ങിയെന്നവസ്തുത, ശ്രോതാക്കളിൽ ഒരു ഭാഗമെങ്കിലും ഇത്തരം കുപ്രചരണങ്ങളെ അമർഷത്തോടെയാണു വീക്ഷിച്ചതെന്നു വെളിപ്പെടുത്തുന്നു. ഗവമ്മെന്റു വിദ്യാലയം ഇത്തരം യോഗങ്ങൾക്കു വിട്ടുകൊടുത്തതിൽ, തന്റെയും സഹാദ്ധ്യാപകന്മാരുടേയും 1700-ൽപ്പരം വിദ്യാർത്ഥികളുടേയും പേരിൽ സ്കൂൾഹെഡ്മാസ്റ്റർ ക്ഷമായാചനം ചെയ്തതായുമറിയുന്നു. സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പൊതുജനങ്ങൾ ആത്മാർത്ഥമായി സഹകരിക്കണമെന്നുൽബോധിപ്പിച്ചുകൊണ്ടാണു ശ്രീ പനമ്പിള്ളി പ്രസംഗം അവസാനിപ്പിച്ചതു്. ആ ഉദ്ബോധനം തന്നെ ഞങ്ങളും ആവർത്തിക്കുന്നു.

## അടുത്ത ആഴ്ചയിൽ

ഒക്ടോബർ

2 ഞാ: പന്തക്കുസ്ത 17-ാം ഞായർ
3 തി: കൊച്ചുത്രേസ്യ
4 ചൊ: ഫ്രാൻസീസ് അസീസി
5 ബു: പ്ലാസിദോസും കൂട്ടരും
6 വ്യാ: ബ്രൂണൊ
7 വെ: ആദ്യവെള്ളിയാഴ്ച. മർക്കോസ്
8 ശ: ബ്രിജീത്ത


സത്യദീപം

## വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒററപ്രതി | 0—2—0 |


## എം. സി. എസ്. എൽ.

എം. സി. എസ്. എൽ. മാനേജിംഗ് കമ്മിററിയുടെ ഒരു യോഗം സെപ്റ്റംബർ 25-ാംനു എറണാകുളം ലീഗ് മന്ദിരത്തിൽവച്ചു സ്ഥിരം പ്രസിഡണ്ട് ഷെവ. സി. ജെ. വർക്കി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി, ലീഗുകെട്ടിടത്തിൽ ഒരു കാത്തലിക് ഹോം സ്ഥാപിക്കുന്നതിനു തീരുമാനിച്ചു.

## സംശോധക ഗ്രന്ഥശാല

കത്തോലിക്കാ കോൺഗ്രസിന്റെ ഹെഡാഫീസിൽ ഒരു സംശോധകഗ്രന്ഥശാല സ്ഥാപിക്കുന്നതു സംബന്ധിച്ച നിയമിതമായിരിക്കുന്ന കമ്മിററിയുടെ പ്രഥമയോഗം സെപ്റ്റംബർ 25-ാംനു എറണാകുളം എം. സി. എസ്. എൽ. ഹാളിൽവച്ചു കൂടിയിരിക്കുന്നു.

### ശ്രീ എൽ. എം. പൈലി

## പ്രിൻസിപ്പാൾ

സെപ്റ്റംബർ 26-ാംനു ശ്രീ എൽ. എം. പൈലി എം. എ. ബി. എൽ. സെൻറ് ആൽബെർട്ട്സ് കോളെജ് ഒഫിഷ്യേററിംഗ് പ്രിൻസിപ്പാളായി ചാർജ്ജെടുത്തിരിക്കുന്നു.

## കൊ-തി. വാർത്തകൾ

—ഐക്യസംസ്ഥാനത്തെ വിദ്യാഭ്യാസവകുപ്പിലെ പ്രധാന ഉദ്യോഗസ്ഥാനങ്ങളെല്ലാംതന്നെ ഒരു സമുദായത്തിലെ അംഗങ്ങളെക്കൊണ്ടുമാത്രമാണു നിറച്ചിരിക്കുന്നതെന്നു താഴെ കാണുന്ന പട്ടികയിൽനിന്നു വ്യക്തമാകുന്നതാണ്. വിദ്യാഭ്യാസമന്ത്രി—ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ. വിദ്യാഭ്യാസഡയറക്ടർ—മി. ഐ. എൻ. മേനോൻ. വിദ്യാഭ്യാസവകുപ്പു സെക്രട്ടറി—മി. കെ. ആർ. ദാമോദരൻപിള്ള. അസിസ്റ്റൻറ് സെക്രട്ടറി—മി. ശ്രീനാട്ടു കുഞ്ഞൻപിള്ള. വിദ്യാഭ്യാസവകുപ്പു സൂപ്രണ്ടു—മി. മാധവൻപിള്ള. ഡയറക്ടറുടെ പേഴ്സനൽ അസിസ്റ്റൻറു—മി. കെ. വേലുപ്പിള്ള. യൂണിവേഴ്സിററി രജിസ്ട്രാർ—മി. പി. ആർ. പരമേശ്വരപ്പണിക്കർ.

—ഉദ്യോഗസ്ഥന്മാരുടെ നിയമനകാര്യത്തിൽ ഐക്യസംസ്ഥാനഗവമ്മെന്റു സ്വീകരിച്ചിരിക്കുന്ന നയത്തെ പ്രതിഷേധിക്കുന്നതിനായി റിട്ടയേർഡ ചീഫ് സെക്രട്ടറി മി. കെ. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു് കന്നി 5-ാംനു ഒരു വമ്പിച്ച യോഗം കൂടി, ഉദ്യോഗദാനവിഷയത്തിൽ ഇപ്പോഴത്തെ മന്ത്രിസഭ ക്രൈസ്തവരോടു കാണിക്കുന്ന പക്ഷപാതപരമായ നയത്തിൽ ഉൽക്കണ്ഠ രേഖപ്പെടുത്തിക്കൊണ്ടും, പൂർവ്വഗാമികളെ അപേക്ഷിച്ചു പ്രശസ്തമായ സേവനം അനുഷ്ഠിച്ചുപോന്നിട്ടുള്ള മി. ടി. കെ. കോശിയെ വിദ്യാഭ്യാസഡയറക്ടർ സ്ഥാനത്തുനിന്നു നീക്കിയതിൽ പ്രതിഷേധിച്ചുകൊണ്ടും പ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു.

—എല്ലാ ഞായറാഴ്ചകളും, ഓണം, മഹാനവമി, ഗാന്ധിജയന്തിദിനം, ക്രിസ്തുമസ്, നവവത്സരദിനം, വിഷു, റംസാൻ എന്നീ ദിവസങ്ങളും ഐക്യസംസ്ഥാനത്തിലെ അഞ്ചലാപ്പീസുകൾക്കു് ഒഴിവുദിനങ്ങളായിരിക്കുന്നതാണ്.

—ഓരോ കർഷകനും നിലം കൊയ്യുന്നതിനു 7 ദിവസം മുമ്പായി തന്റെ നിയന്ത്രണത്തിലുള്ള നിലത്തിന്റെ വിസ്തീർണ്ണവും പ്രതീക്ഷിക്കുന്ന വിളവിന്റെ വിവരവും കാണിച്ചു് അതതു താലൂക്കിലെ ഗ്രെയിൻപർച്ചേയ്സ് ആൻഡ് റേഷനിംഗ് ഓഫീസർക്കു നിശ്ചിത ഫോറങ്ങൾ പൂരിപ്പിച്ചു സമർപ്പിക്കേണ്ടതാണെന്നും നെല്ലു ഗവമ്മെന്റിലേക്കു കൊടുക്കാൻ വിസമ്മതിക്കുകയോ മററാർക്കെങ്കിലും വില്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്നും കന്നി 6-ാംനു പ്രസിദ്ധപ്പെടുത്തിയ നെല്ലെടുപ്പു നിയന്ത്രണ ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നു.

—കേന്ദ്രഗവമ്മെന്റു പാസ്സാക്കിയിട്ടുള്ള മാതൃകാഭരണഘടന ചർച്ചചെയ്തു വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി ഒക്ടോബർ 4-ാംനു ഐക്യസംസ്ഥാന നിയമസഭയുടെ ഒരു അടിയന്തിരസമ്മേളനം കൂടുന്നതായിരിക്കും.

—വ്യയന്യൂനീകരണ നടപടിയെന്ന നിലയിൽ ടെക്സ്റ്റയിൽസ് ഇൻസ്പെക്ടർമാരുടെ എണ്ണം 31-ൽ നിന്നും 8 ആയി കുറയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാന നിയമസഭായോഗം കന്നി 18-ാംനു ആരംഭിച്ചു് 22-ാംനു അവസാനിക്കുന്നതാണ്.

—ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലെ നോൺപെൻഷനബിൾ ജീവനക്കാർ മുൻകൂട്ടി പ്രഖ്യാപിച്ചിരുന്നതനുസരിച്ചു് കന്നി 9-ാംനു പണിമുടക്കു് ആരംഭിച്ചിരിക്കുന്നു. എന്നാൽ പണിമുടക്കു നടപ്പിലിരിക്കുന്ന സ്ഥലങ്ങളിൽ പരിശീലനം സിദ്ധിച്ച പട്ടാളക്കാർ ട്രാൻസ്പോർട്ടുജോലികൾ നിർവ്വഹിച്ചുവരുന്നു. പലസ്ഥലങ്ങളിലും സർവ്വീസ് നടത്തുന്നതിനു തടസ്സമുണ്ടാക്കുവാനും വിപ്ലവം ഇളക്കിവിടുവാനും ശ്രമിച്ചവരുടെ നേരെ പോലീസ് ലാത്തി പ്രയോഗിക്കുകയും പലരേയും അറസ്റ്റുചെയ്യുകയും ഉണ്ടായിട്ടുണ്ട്. ട്രാൻസ്പോർട്ടുതൊഴിലാളികളിൽ 25 ശതമാനം മാത്രമേ പണിമുടക്കിൽ ഉൾപ്പെട്ടിട്ടുള്ളുവെന്നു് കന്നി 11-ാംനു വൈകുന്നേരം ഗവമ്മെന്റു പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ് നോട്ടിൽ പറഞ്ഞിരിക്കുന്നു. കന്നി 11-ാംനു മുതൽ 7 ദിവസത്തേക്കു് തിരുവനന്തപുരം, കൊല്ലം എന്നീ ഡിസ്ട്രിക്ടുകളിൽ പൊതുയോഗങ്ങളും ഘോഷയാത്രകളും ഗവമ്മെന്റിൽനിന്നും പ്രത്യേകാനുവാദംകൂടാതെ നടത്തിക്കൂടെന്നു് ഗവമ്മെന്റു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാന സർജൻ ജനറൽ കന്നി 10-ാംനു വിമാനമാർഗ്ഗം എറണാകുളത്തെത്തി. ഡോക്ടർ എ. കെ. മേനോനും മററും കൂടി അദ്ദേഹത്തെ വിമാനത്താവളത്തിൽവച്ചു സ്വീകരിച്ചു. അദ്ദേഹം കൊച്ചി മെഡിക്കൽ ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജ് ഡോക്ടർ എ. കെ. മേനോന്റെ പക്കൽനിന്നും ഏററു വാങ്ങിയിരിക്കുന്നു. കന്നി 10-ാംനു ഡോ. തളിയത്തു് എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിമാരെ സന്ദർശിക്കുകയുമുണ്ടായി.

—തിരുവിതാംകൂർ മഹാരാജാവിനു് പ്രിവിപേഴ്സായി കൊല്ലത്തിൽ 18 ലക്ഷം ക. യും ഐക്യസംസ്ഥാന രാജപ്രമുഖൻ എന്ന നിലയിൽ കൊല്ലത്തിൽ 3 ലക്ഷം ക. യും ലഭിക്കുന്നതാണ്. കൊച്ചിമഹാരാജാവുൾപ്പെടെ കൊച്ചിരാജകുടുംബത്തിലെ അംഗങ്ങളുടെ പ്രിവിപേഴ്സ് കൊല്ലത്തിൽ 14 ലക്ഷം ക. യായും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

—കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു നിയമവിരുദ്ധ സംഘടനയാണെന്നു് മദ്രാസ് ഗവമ്മെന്റ് സെപ്റ്റംബർ 26-ാംനു പ്രഖ്യാപിച്ചിരിക്കുന്നു. തമിഴ്നാട്ടു കമ്മ്യൂണിസ്റ്റ് പാർട്ടി, ആന്ധ്ര കമ്മ്യൂണിസ്റ്റ് പാർട്ടി, കേരള കമ്മ്യൂണിസ്റ്റ് പാർട്ടി, എന്നീ സംഘടനകളും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള 19 തൊഴിലാളിസംഘടനകളുമാണു് നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നതു്. കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ അക്രമപ്രവർത്തനങ്ങളെ വിട്ടുപേക്ഷിക്കാൻ തയാറില്ലെന്നും ഗവമ്മെന്റിന്റെ അധികാരത്തെ പരസ്യമായി നിഷേധിക്കുന്നതിനാണവർ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും ഗവമ്മെന്റിനു ബോദ്ധ്യപ്പെട്ടിരിക്കയാലാണു് പ്രസ്തുത പാർട്ടിയെ നിയമവിരുദ്ധമാക്കുവാൻ ഗവമ്മെന്റു നിർബന്ധിതമായതെന്നു മദ്രാസ് ഗവമ്മെന്റു പ്രസിദ്ധപ്പെടുത്തിയ ഒരു കമ്മ്യൂണിക്കെയിൽ പ്രസ്താവിച്ചിരിക്കുന്നു.

—കോൺസംബ്ലിയുടെ അടുത്തയോഗം ഒക്ടോബർ 6-ാംനു ആരംഭിക്കുന്നതാണ്.

—വിലനിരക്കു കണക്കില്ലാതെ വർദ്ധിക്കാതിരിക്കാൻ വേണ്ടി സസ്യയെണ്ണ, എണ്ണക്കുരുക്കൾ, വനസ്പതി, ഉരുക്കു്, പുകയില മുതലായ സാധനങ്ങൾക്കു കയററുമതിച്ചുങ്കം ചുമത്തുവാനും ചണത്തിന്റേയും ചണോൽപന്നങ്ങളുടെയും മേലുള്ള ചുങ്കം വർദ്ധിപ്പിക്കുവാനും വ്യവസ്ഥചെയ്തുകൊണ്ടു് കേന്ദ്രഗവമ്മെന്റിൽനിന്നും ഒരു ഓർഡിനൻസു് പുറപ്പെടുവിച്ചിരിക്കുന്നു.

—വാണിജ്യപരമായി കൽക്കരി കയററി അയക്കുന്നതിനെ ഇൻഡ്യാ ഗവമ്മെന്റു നിരോധിച്ചിരിക്കുന്നു.

—മഹാത്മാഗാന്ധിയുടെ മാർഗ്ഗദർശിത്വത്തിൽ നടത്തുവാൻ നേരത്തെ ആലോചിച്ചിരുന്ന ലോകസമാധാന സമ്മേളനം ഡിസംബർ ആദ്യവാരത്തിൽ ശാന്തിനികേതനത്തിൽവച്ചു കൂടുന്നതാണ്.

## ഇടവകവാർത്തകൾ

കരിമണ്ണൂർ കത്തോലിക്കാ കോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18-ാംനു റവ. ഫാ. ജോസഫ് മാവുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ശ്രീ പി. ടി. അഗസ്റ്റിൻ ബി. എ. ബി. ടി. ഒരു പ്രസംഗം ചെയ്തു. ഉരുൾപൊട്ടൽ നിമിത്തം അവശതയനുഭവിക്കുന്നവരുടെ സഹായാർത്ഥം ബാലികാബാലന്മാർ സംഭാവനചെയ്ത കാർഷികോല്പന്നങ്ങൾ തദവസരത്തിൽ ലേലംചെയ്യപ്പെട്ടു.

—ജേർണലിസ്റ്റ് മി. പി. എ. ജോസഫ് അവർകളാൽ വിരചിതമായ അൽഫോൻസാമ്മയുടെ ജീവചരിത്രം മദ്രാസിലെ ഹിസ് മാസ്റ്റേഴ്സ് വോയ്സ് ഗ്രാമഫോൺകമ്പനിക്കാർ മൂന്നു പ്ലേററുകളിലായി റിക്കാർഡുചെയ്തിരിക്കുന്നു.

—അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഒല്ലൂർ ശാഖാസംഘത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഞായറാഴ്ച ഒരു വിദ്യാഭ്യാസദിനമായി കൊണ്ടാടുകയും മദ്രാസ് ഗവമ്മെൻറിന്റെ വിദ്യാഭ്യാസനയത്തിനെതിരായി വമ്പിച്ച പ്രതിഷേധയോഗങ്ങൾ നടത്തുകയുമുണ്ടായി. കാലത്തു് ഒല്ലൂർ പള്ളി സൊഡാലിററി ഹാളിൽവച്ചു കൂടിയ യോഗത്തിൽ റവ. ഫാ. ജേക്കബ് മാഞ്ഞൂരാൻ ബി. എ. അദ്ധ്യക്ഷതവഹിക്കുകയും ശ്രീ എ. വി. ആൻറണി ബി. എ. ബി. ടി., ശ്രീ എം. വി. ജോസഫ് ബി. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞു് പനങ്കുററിച്ചിറ അങ്ങാടിയിൽ വച്ചു് വെ. റവ. ഡോക്ടർ പോൾ കാക്കശ്ശേരി പി. എച്ച്. ഡി., ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധമഹായോഗം നടന്നു. തദവസരത്തിൽ ശ്രീ എ. എ. സ്റ്റീഫൻ ബി. എ., ശ്രീ എ. വി. ആൻറണി ബി. എ. ബി. ടി., ശ്രീ ജെ. വി. അക്കര ബി. എ., ശ്രീ ടി. വി. ജോസഫ് എന്നിവർ പ്രസംഗിച്ചു. ഇരുയോഗങ്ങളിലും പ്രതിഷേധപ്രമേയങ്ങൾ പാസാക്കുകയുണ്ടായി.

## ചരമം

എറണാകുളം മെത്രാപ്പോലീത്തൻ പള്ളി വികാരി റവ. ഫാ. കുര്യാക്കോസ് ചിറമേലിന്റെ സഹോദരനും റവ. ഫാ. പോൾ ചിറമേൽ ബി. എ. അവർകളുടെ പിതാവുമായ കാട്ടുകററിപ്പള്ളി ഇടവക ശ്രീ ദേവസി ചിറമേൽ സെപ്റ്റംബർ 20-ാംനു നിര്യാതനായി. ശവസംസ്കാരകർമ്മം പിറേറദിവസം പരേതന്റെ പുത്രൻ ഫാ. പോളിന്റെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റവ. ഫാ. തോമസ് മൂത്തേടൻ എം. എ. ഡി. ഡി. യാണു് ചരമപ്രസംഗം നിർവ്വഹിച്ചതു്. നവവൈദികനായ ഫാ. പോൾ ചിറമേൽ കാണ്ടിയിൽനിന്നു തിരിച്ചെത്തിയതു് സെപ്റ്റംബർ 19-ാംനു-യാണു്. അദ്ദേഹത്തിന്റെ കരങ്ങളിൽനിന്നാണു് പരേതൻ അന്ത്യകൂദാശകൾ സ്വീകരിച്ചതു്. R. I. P.

## വിദേശവാർത്തകൾ

സിലോൺ രൂപയും ഇൻഡ്യൻ രൂപയുമായുള്ള ബന്ധം വേർപെടുത്തി സിലോണിനു സ്വതന്ത്രമായി ഒരു കറൻസി തുടങ്ങാൻ സിലോൺ ഗവമ്മെന്റു തീരുമാനിച്ചിരിക്കുന്നു.

—യൂഗോസ്ലാവിയയിലെ ഭരണാധിപനായ മാർഷൽ ടിറേറാ മോസ്കോയിൽ ചെന്നു് തന്റെ കുററം പരസ്യമായി ഏററുപറയണമെന്നും സോവ്യററു റഷ്യക്കെതിരായി പ്രവർത്തിച്ചിട്ടുള്ള നേതാക്കന്മാരെയെല്ലാം ജോലിയിൽനിന്നും പിരിച്ചുവിടണമെന്നും യൂഗോസ്ലാവിയായിലെ മന്ത്രിസഭ ഉടച്ചുവാർക്കുകയും കമ്മ്യൂണിസ്റ്റുപാർട്ടിയെ പുനസ്സംഘടിപ്പിക്കയും ചെയ്യണമെന്നും നിർദ്ദേശിച്ചുകൊണ്ടു് മോസ്കോ അയച്ച സന്ദേശം ടിറേറാ നിരാകരിച്ചിരിക്കുന്നു.

—സെപ്റ്റംബർ 23-ാംനു ഫ്ളഷിംഗ് മെഡോസിൽ കൂടിയ അസംബ്ലി, ജനറൽ അസംബ്ലി അജൻഡായിൽ എന്തെല്ലാം ഉൾപ്പെടുത്തണമെന്നതിനെപ്പററി ചർച്ചചെയ്യുകയുണ്ടായി. അടുത്തകാലത്തു് സഭാധികാരികളുടെ മേലുണ്ടായ വിചാരണയെ മുൻനിർത്തി ഹംഗറി, ബൾഗേറിയ, റുമേനിയ എന്നീ രാജ്യങ്ങളിലെ മനുഷ്യാവകാശങ്ങളെപ്പററി ചർച്ച ചെയ്യുവാൻ അജൻഡായിൽ കൊള്ളിച്ചിരിക്കുന്ന ഭാഗം നീക്കംചെയ്യണമെന്നു പോളണ്ടും, സോവ്യററു ഗ്രൂപ്പിൽപ്പെട്ട മററു രാഷ്ട്രങ്ങളും ആവശ്യപ്പെട്ടെങ്കിലും അജൻഡായിൽ അതുൾപ്പെടുത്തുവാനാണു് ഭൂരിപക്ഷത്തോടുകൂടി അസംബ്ലി തീരുമാനിച്ചതു്.

—കൊറിന്തിലെ ടിട്ടുലർ ആർച്ചുബിഷപ്പായ ഡോക്ടർ എസ്റ്റോർ ഫലീച്ചി തിരുമേനി അയർലണ്ടിലെ പേപ്പൽ നൺഷ്യോ ആയി നിയമിതനായിരിക്കുന്നു. അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന ആർച്ചുബിഷപ്പ് പാസ്കൽ റോബിൻസൺ 1948 ആഗസ്റ്റ് 27-ാംനു-യാണു നിര്യാതനായതു്.

# തൂക്കുമരത്തിലച്ചൻ

**തുറുങ്കിനുള്ളിൽ തുടങ്ങിയ ഉപദേശം തുടർന്നുകൊണ്ടു തൂക്കുമരത്തിന്റെ ചുവട്ടിൽവരെ തടങ്കൽപ്പുള്ളികളെ അനുയാത്രചെയ്തശേഷം അവരുടെ ആത്മാക്കൾക്കു ദിവ്യശാന്തിയും ഈശപാദാശ്ലേഷത്തിന് അവരുടെ ആത്മാക്കളേയും നല്കിപ്പോന്ന ഫാദർ കഫാസ്സോ നിർഭാഗ്യരുടെ നിരുപമമായ ആശാനികേതമായിരുന്നു.**

## (ജോസഫ് മീനാട്ടൂർ എം. എ. എൽഎൽ. ബി.)

"നിങ്ങൾക്കു കുമ്പസാരിക്കാൻ പേടിയാണ് അല്ലേ?" ആ മെലിഞ്ഞ കൊച്ചച്ചൻ കാരാഗൃഹത്തിനുള്ളിൽ കയറി അവിടെയുള്ള തടങ്കൽപ്പുള്ളികളോടു ചോദിച്ചു.

"കുമ്പസാരിക്കാൻ പോയിട്ട, ചാകാൻപോലും പേടിയില്ല." ഒരു ദീർഘകായൻ പ്രതിവചിച്ചു.

അച്ചൻ അടുത്തുചെന്നു് അയാളുടെ നീണ്ട താടിമീശയിൽ പിടിച്ചു മെല്ലെ വലിച്ചുകൊണ്ടു പറഞ്ഞു, "എന്നാൽ വന്നു കുമ്പസാരിക്കു."

തടവുകാരനു അരിശംകൊണ്ടു. അയാൾ ഗർജ്ജിച്ചു. "എന്റെ താടിയെന്നു വിടുന്നതു?"

"താടിയെന്നു വിടാം, കുമ്പസാരിച്ചു കഴിയുമ്പോൾ."

അയാൾ വൈദികന്റെ നേരെ തുറിച്ചുനോക്കി. അദ്ദേഹത്തിന്റെ കണ്ണുകളിൽ പ്രകടമായിരുന്ന വശ്യശക്തി ആ തടങ്കൽപ്പുള്ളിയുടെ അകത്തട്ടിനെ അല്പമൊന്നു് അലട്ടി. നിമേഷങ്ങൾ ഒന്നുരണ്ടു കടന്നുപോയി. അമ്മയെ ശരണം പ്രാപിക്കുന്ന ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അയാൾ അച്ചന്റെ സമീപം വന്നു മുട്ടുകുത്തിനിന്നു കുമ്പസാരം കഴിച്ചു.

അയാളുടെ പാപസങ്കീർത്തനം കഴിഞ്ഞതോടെ, അച്ചൻ മററു തടവുകാരെ വിളിച്ചു "ഔസേപ്പേ, തോമ്മാ, കറിയാ, നിങ്ങൾ ഓരോരുത്തരായി വന്നു കുമ്പസാരിച്ചേ."

"ഞങ്ങൾക്കു വേറെ പണിയൊന്നുമില്ലാത്തതുപോലെ. കുമ്പസാരിക്കാൻ പോകുന്നു." അവർ അവജ്ഞയോടെ പറഞ്ഞു.

കുമ്പസാരം കഴിഞ്ഞ എഴുന്നേററ മത്തായി അവരുടെ നേരെ തിരിഞ്ഞു. "കുമ്പസാരിക്കാനല്ലേടാ പറഞ്ഞതു് ശവങ്ങളേ. അച്ചൻ വിളിക്കുന്നതു കേട്ടില്ലേ?"

മത്തായിയുടെ മനോഭാവത്തിനു സംഭവിച്ച ഈ മാററവും അച്ചന്റെ നിമന്ത്രണത്തിൽ പൊന്തിനിന്ന വശ്യതയും അവർക്കു പാപസങ്കീർത്തനത്തിനു പ്രചോദനം നൽകി. അവർ ഓരോരുത്തരായി കുമ്പസാരം കഴിച്ചു.

തടവുകാരോടു പെരുമാറുവാൻ ഫാദർ ജോസഫ് കഫാസ്സോയ്ക്കു ഒരു പ്രത്യേകപാടവമുണ്ടായിരുന്നു. നിരാശരും അനുതാപത്തിൽ വിശ്വാസമില്ലാത്തവരുമായ പല തടവുകാരേയും തമ്പുരാന്റെ മേച്ചിൽപ്പുറത്തിലേക്കു നയിക്കുവാൻ പോരുന്നതായിരുന്നു അദ്ദേഹത്തിന്റെ സ്നേഹംനിറഞ്ഞ പ്രഭാഷണങ്ങളും പരസ്നേഹപ്രവൃത്തികളും. "ഞാൻ കാരാഗൃഹത്തിലായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദർശിച്ചു" എന്ന വേദപുസ്തകത്തിലെ വാക്യമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്താര.

ററൂറിനിലെ ഫ്രാൻസീസ്സൻ സെമിനാരിയിൽ റെക്ടരായിരുന്ന ഫാദർ കഫാസ്സോ സെമിനാരിയിലോ കുമ്പസാരക്കൂട്ടിലോ ഇല്ലാതിരുന്ന എല്ലാസമയവും തന്നെ തടങ്കൽപ്പുള്ളികളോടുകൂടിയായിരുന്നു. സമുദായത്തിനു വേണ്ടാത്ത ആ തടവുകാരെല്ലാം അദ്ദേഹത്തിനു ആപ്തമിത്രങ്ങളായിരുന്നു.

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട അപരാധികളായിരുന്നു ഫാദർ കഫാസ്സോയുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചതു. അവരുടെ ഇടുങ്ങിയ ജയിൽമുറികൾ സെമിനാരിയിലെ അദ്ദേഹത്തിന്റെ കൊച്ചുമുറിപോലെയിരുന്നതുകൊണ്ടായിരിക്കാം, അവരുടെ മുറികളിൽ നാഴികകളും യാമങ്ങളും ചിലപ്പോൾ ദിവസങ്ങളും കഴിക്കുന്നതിനു് അദ്ദേഹത്തിനു പ്രയാസം തോന്നാതിരുന്നതു്. അവരുടെ ആത്മാക്കളുടെ അമൂല്യത ശരിയായി ഗ്രഹിച്ചിരുന്ന അദ്ദേഹത്തിനു് അവരെ ഈശപാദങ്ങളിലേക്കു് അടുപ്പിക്കുന്നതിനായി അവരോടുകൂടി താമസിക്കുകയും പ്രാർത്ഥിക്കുകയും അവരുടെ മുറികളിൽ കുർബാനചൊല്ലുകയും ചെയ്യുന്നതു് സന്തോഷകരമായ കർത്തവ്യമായിരുന്നു. അവരെ നല്ലമരണത്തിനു് ഒരുക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രധാനകൃത്യം. ഏതാണ്ടു അറുപതിയെട്ടു ആശാവിഹീനരെ അദ്ദേഹം ഇങ്ങനെ സന്മരണത്തിനു സന്നദ്ധരാക്കി. ഒടുവിൽ അവരോടൊന്നിച്ചു് അദ്ദേഹം കഴുമരത്തിന്റെ ചുവട്ടിൽ ചെല്ലുമ്പോൾ, അദ്ദേഹം പറയാറുണ്ടായിരുന്നു അദ്ദേഹം അവരെ അനുയാത്രചെയ്തതു് ഈ ജീവിതത്തിന്റെ അന്ത്യഘട്ടത്തിലേക്കല്ല, പ്രത്യുത അനന്തരജീവിതത്തിന്റെ പ്രഥമഘട്ടത്തിലേക്കാണെന്നു്. അവർ അദ്ദേഹത്തെ "കഴുമരത്തിൽ അച്ചൻ" എന്നു വിളിച്ചുപോന്നു.

ആരാച്ചാർ ഒരിക്കൽ അദ്ദേഹത്തെപ്പററി പറയുകയുണ്ടായി, "ഈ സെപ്പച്ചൻ അടുത്തുള്ളപ്പോൾ ഇവന്മാർക്കു് ചാകുന്നതുതന്നെ ഒരു രസമാണെന്നു തോന്നുന്നു." ലോകജീവിതത്തിൽ ഫാദർ കഫാസ്സോയ്ക്കു ലഭിച്ചിട്ടുള്ള ഏററവും നല്ല പ്രശംസാപത്രം ഇതായിരുന്നിരിക്കണം.

1811-ൽ ഉത്തരഇത്താലിയായിൽ ജനിച്ച ജോസഫ് കഫാസ്സോ ഇത്താലിയായിലെ രണ്ടു പ്രസിദ്ധ വിശുദ്ധന്മാരുടെ സമകാലീനനായിരുന്നു; വിശുദ്ധ ജോൺ ബോസ്കോയുടേയും വിശുദ്ധ ജോസഫ് കൊത്തൊലെൻഗോയുടേയും. ഈ രണ്ടു പുണ്യവാന്മാരും ഫാദർ കഫാസ്സോയെപ്പോലെതന്നെ പരസ്നേഹത്തിന്റെ മൂർത്തികരണങ്ങളായിരുന്നു. സെൻ ജോസഫ് കൊത്തൊലെൻഗോ ദരിദ്രരോഗികൾക്കുവേണ്ടി സ്വജീവിതം ഉഴിഞ്ഞുകൊടുത്തപ്പോൾ, സെൻ ജോൺ ബോസ്കോ അനാഥരായ കുഞ്ഞുങ്ങൾക്കു അപ്പനും അമ്മയും ആയിത്തീർന്നു.


പന്ത്രണ്ടുവയസ്സുള്ളപ്പോൾ ജോൺ ബോസ്കോ ഫാദർ കഫാസ്സോയുടെ പക്കൽ ചെന്നു തനിക്കൊരു വൈദികനാകാൻ ആഗ്രഹമുണ്ടെന്നു അറിയിച്ചു. ഫാദർ കഫാസ്സോ അതിനു നൽകിയ മറുപടി ആലോചനാമൃതമാണ്. അദ്ദേഹം പറഞ്ഞു. "ഒരു വൈദികനാകുക എന്നു പറഞ്ഞാൽ, ഈ ശരീരം സ്വയം വില്ക്കുകയും ഈ ജീവിതത്തിൽ ഈശ്വരമഹത്വത്തിനും ആത്മാക്കളുടെ നന്മയ്ക്കും വേണ്ടിമാത്രം — മററൊന്നിലും താല്പര്യം കാണിക്കാതെ — പ്രവർത്തിക്കുകയും ചെയ്യുക എന്നാണു് അർത്ഥം." പിൽക്കാലങ്ങളിൽ ഫാദർ കഫാസ്സോയുടെ ഒരു ശിഷ്യനായിത്തീർന്ന ജോൺബോസ്കോ കഫാസ്സോയൊന്നിച്ചു കാരാഗൃഹങ്ങൾ സന്ദർശിക്കുകയും അദ്ദേഹത്തിൽനിന്നു പരസ്നേഹജീവിതത്തിന്റെ മൂലതത്വങ്ങൾ ഗ്രഹിക്കുകയും ചെയ്തു. ഫാദർ കഫാസ്സോയുടെ നിര്യാണംവരെ അദ്ദേഹം ജോൺ ബോസ്കോയുടെ നിരന്തരോപദേഷ്ടാവും ആപ്തമിത്രവുമായിരുന്നു.

1860 ൽ നാല്പത്തിയൊൻപതുവയസ്സുമാത്രം പ്രായമുള്ളപ്പോൾ ഫാദർ കഫാസ്സോ ദിവംഗതനായി. അന്തിമകാലങ്ങളിൽ അദ്ദേഹം ദിവസം ഒരു പ്രാവശ്യംമാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളു. അദ്ദേഹം പറയാറുണ്ടായിരുന്നു, "നാം ശരീരത്തിനു അല്പം നൽകിയാൽ, അതു അല്പം മതിയെന്നുവയ്ക്കും, എന്നുമാത്രമല്ല, അതു അല്പം മാത്രമേ ആത്മാവിനെ അലട്ടുകയുമുള്ളു."

1925-ൽ പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു ഫാദർ കഫാസ്സോയെ ധന്യപദത്തിലേക്കുയർത്തി. 1947-ജൂൺ 22-ാം തീയതി, അദ്ദേഹത്തിന്റെ തിരുനാളിന്റെ തലേദിവസം, പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ പുണ്യവാനെന്നു പ്രഖ്യാപനംചെയ്തു.

വലിയഹൃദയമുള്ള ആ മെലിഞ്ഞ കൊച്ചച്ചനിൽനിന്നു നമുക്കൊരു കാര്യം പഠിക്കുവാനുണ്ടു്; അതായതു നിർഭാഗ്യവാന്മാരോടും നിരാകൃതരോടും തെല്ലൊന്നു ദയയായിരിക്കണമെന്നു്. നാം ആ പാഠം തനിയെ പഠിക്കുകയില്ലെങ്കിൽ നമുക്കു അദ്ദേഹത്തോടു പറയാം നമ്മെ പഠിപ്പിക്കുവാൻ.

നമ്മുടെ ഹൃദയങ്ങളിൽ ഉപവിവച്ചു പിടിപ്പിക്കുന്നതോടൊപ്പം ഈശ്വരമഹത്വത്തിനുവേണ്ടി പ്രയത്നിക്കുവാനും നമുക്കു അദ്ദേഹം ഒരു ഉത്തമമാർഗ്ഗദർശിയത്രെ.



ST. ALOYSIUS ELECTROPLATING WORKS
AND CATHOLIC DEPOT,
MUNICIPAL OFFICE ROAD. TRICHUR.
PROPRIETOR: C. O. LOUIS

*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*

1· Chalices 2· Ciboriums 3· Monstrances 4· Incense Boats 5· Thuribles 6· Communion Plates 7· Candlesticks 8. Holy Oil Stoks Etc.

AND ALL KINDS OF CHURCH REQUISITES

NEAT ELECTROPLATING

*N· B. Prepared to go over to anywhere for neat execution if so wanted.*

ഇന്ത്യൻസംസ്കാരം ലോകത്തിനു

## കെടാവിളക്കോ?

(5-ാം പേജ് തുടർച്ച)

രാജാവായ രാജവർദ്ധനൻ പകവീട്ടി; രാജ്യവർദ്ധനനെ ബംഗാൾ രാജാവായ ശശാങ്കൻ ഗൂഢവധംചെയ്തു ഇങ്ങനെ വിപ്ലവങ്ങളും അക്രമങ്ങളും അധർമ്മങ്ങളും പുരാതനഭാരതചരിത്രത്തിൽ അങ്ങോളമിങ്ങോളം നിർബാധം രേഖപ്പെട്ടുകിടക്കുന്നു.

പുരാതനകാലത്തെ ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറ കെട്ടിപ്പടുത്ത ധാർമ്മികങ്ങളായ ആണിക്കല്ലുകളിൽ ചിലതാണു മേൽവിവരിച്ച സാമുദായികവ്യവസ്ഥകളും ആചാരനടപടികളും ചരിത്രസംഭവങ്ങളും. ഉൽകൃഷ്ടങ്ങളായ പല തത്വസംഹിതകളും വിശിഷ്ടങ്ങളായ ധർമ്മസിദ്ധാന്തങ്ങളും അക്കാലങ്ങളിലെ ചിന്തകന്മാർ രേഖപ്പെടുത്തിവച്ചിരുന്നു എന്ന പരമാർത്ഥം ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷെ അവ അന്നത്തെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതിഗതികളെ പ്രായോഗികനിലയിൽ കാര്യമായി സ്പർശിച്ചിരുന്നില്ല എന്നാണല്ലോ മേൽപ്രസ്താവിച്ച സംഗതികളിൽനിന്നു അനുമാനിക്കേണ്ടതു്. കൂടാതെ, അവയുടെ പ്രവർത്തനപരിധിയിൽനിന്നും ഗുണഫലങ്ങളിൽനിന്നും രാജ്യത്തിലെ വമ്പിച്ച ജനസഞ്ചയങ്ങൾ (അധഃകൃതവർഗ്ഗങ്ങൾ) പുറംതള്ളപ്പെട്ടിരുന്നു. അവർക്കാകട്ടെ, മിക്കവാറും മർദ്ദനവും ചൂഷണവുമാണു് അനുഭവപ്പെട്ടിരുന്നതു്. ആർഷസംസ്കാരത്തിന്റെ ഈ നിർദ്ദയത്വം കണ്ടു മനമുരുകി, മഹാകവി കുമാരനാശാൻ വിലപിക്കുന്നതു കേട്ടാലും:

"അറവണമെന ചമച്ചുള്ളോരുകയ്യല്ലോ
ഹന്ത നിർമ്മിച്ചു ചെറുമനേയും.
ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമുറവുകളും
ആഹന്തയെത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്ദുധർമ്മമേ, ജാതിമൂലം.
തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,
ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ,
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ.
എത്രപെരുമാക്കൾ ശങ്കരാചാര്യന്മാർ
എത്രയോ ബുദ്ധന്മാർ കൃഷ്ണന്മാരും
ക്രൂരയാം ജാതിയാൽ ന്യൂനബലിയായ്പ്പോയ്
ഭാരതമാതാവേ, നിൻവയററിൽ."

പൗരാണിക സംസ്കാരത്തിന്റെ മതപരമായ പശ്ചാത്തലത്തെപ്പററി വിസ്തരിക്കേണ്ടതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. സംക്ഷേപിച്ചുപറഞ്ഞാൽ, സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം സുദൃഢവും സർവ്വഥാ ആദരണീയവും സർവ്വോപരി കർമ്മോന്മുഖവുമായ ധാർമ്മികചൈതന്യം അവരിൽ ഉത്തേജിപ്പിക്കുന്നതിനുള്ള പര്യാപ്തത ആ പശ്ചാത്തലത്തിനു വളരെ കുറവായിരുന്നു. ഇതു സംബന്ധിച്ചു കൂടുതൽ അറിയണമെന്നുണ്ടെങ്കിൽ, ശ്രീ എ. ദാമോദരൻ പിള്ളയുടെ "ഹിന്ദുമതനിരൂപണം" ("കേരളസന്താനം" പ്രസ്സ് ആലപ്പുഴ) എന്ന ചെറുപുസ്തകം വായിച്ചാൽ മതിയാകുന്നതാണു്.

## Thanksgiving

My grateful thanks for favours received through the intercession of Rev. Sr. Alphonsa.

C. J. Bastian




ക്ലാസ്സമയത്തു് സ്കൂളിന്റെ പടിക്കൽ കൂടിനിന്നു് "ഇങ്കുലാബ്" വിളിച്ചിരുന്ന വിദ്യാർത്ഥികൾക്കു പ്രഹരമേല്പിക്കാൻ ശ്രമിച്ചു പോലീസ് പിരിച്ചുവിടാൻ ശ്രമിക്കയിൽ ഒരു വിദ്യാർത്ഥി ദയനീയസ്വരത്തിൽ അഭ്യർത്ഥിച്ചു: "സാറന്മാരേ, തല്ലല്ലേ; ഞങ്ങൾ സ്കൂൾക്കുട്ടികളാണു്."

പോലീസ് ഇൻസ്പെക്ടർ: "നിങ്ങളെങ്ങനെയാണു് സ്കൂൾക്കുട്ടികളാകുന്നതു്? പത്തുമണിക്കുശേഷം സ്കൂൾക്കുട്ടികളെല്ലാം സ്കൂളിനകത്തിരുന്നു പാഠം പഠിക്കയായിരിക്കുമല്ലോ."

* * *

"നിങ്ങളുടെ കുട്ടി ആരെപ്പോലെയാണു്?"

"അവന്റെ കണ്ണു് എന്റേതുപോലെയാണു്. മൂക്കു് എന്റെ ഭാര്യയുടേതും. അവന്റെ സ്വരം, എനിക്കു തോന്നുന്നു, ഞങ്ങളുടെ മോട്ടോർ ഹോണിന്റേതാണെന്നു്."

* * *

"ഞാൻ ഗ്രന്ഥരചനയിലേർപ്പെട്ടിട്ടു് പത്തുകൊല്ലം കഴിഞ്ഞശേഷമാണു് എനിക്കു് എഴുതാൻ വാസനയില്ലെന്നു മനസ്സിലായതു്."

"അതോടുകൂടി നിങ്ങൾ എഴുത്തു നിറുത്തിയോ?"

"ഇല്ല. ആ സമയംകൊണ്ടു് ഞാൻ വളരെ പ്രസിദ്ധനായിത്തീർന്നിരുന്നു."

* * *

സ്കൂളിൽവച്ചു് പരിണാമസിദ്ധാന്തത്തെപ്പററി കേൾക്കാനിടവന്ന റോത്തച്ചൻ വീട്ടിലെത്തിയ ഉടനെ അമ്മയെ വിളിച്ചു് ചോദിക്കയാണു്: "ഞാൻ കുരങ്ങിന്റെ വംശത്തിലാണോ അമ്മേ ജനിച്ചതു്?"

അമ്മ: "ഏയ്, ഒരിക്കലുമല്ല പക്ഷേ, നിന്റെ അപ്പന്റെ വഴിക്കുനോക്കിയാൽ എങ്ങനെയാണെന്നറിഞ്ഞുകൂടാ കേട്ടോ."

ചെറുകഥ

# കുന്നും കുഴിയും

(ജെ. എം.)

ഉച്ചഭക്ഷണംകഴിഞ്ഞു് മാത്തച്ചൻ ഒരു സിഗാററുകൊളുത്തുവാൻ ഭാവിക്കുകയായിരുന്നു. അപ്പോഴാണു് ഒരു രസത്തിനുവേണ്ടി മേത്തരം ചോക്ലേററുടിന്നുമായി റോസമ്മ പ്രാണപ്രിയനെ സമീപിച്ചതു്. രണ്ടുമൂന്നെണ്ണത്തിന്റെ മധുവാസ്വദിച്ചുകൊണ്ടു് ആ മധുവാണി മാത്തച്ചന്റെയടുത്തുവന്നു് ഒരു കറങ്ങുന്നകസേരയിലിരുന്നു. ഒരുപഹാരദ്രവ്യമെന്നപോലെ ടിൻ മേശപ്പുറത്തുവച്ചു. മാത്തച്ചൻ ഉരച്ചതീപ്പെട്ടി കെടുത്തി ടിൻ കൈയിലെടുത്തു.

എല്ലാവിധത്തിലും ജീവിതത്തിന്റെ മധുരവശങ്ങൾമാത്രം സമൃദ്ധമായി ഉണ്ടുകൊണ്ടു് ഉല്ലാസലഹരിയിൽ വിഹരിക്കുന്ന ആ അനുഗൃഹീതദമ്പതികൾ താഴെക്കാണുംവിധം ഒരു സംഭാഷണത്തിൽ ഏർപ്പെട്ടു. പീഠികയിട്ടതു് റോസമ്മയായിരുന്നു.: “ഇതെന്താ ഒന്നും മിണ്ടാതിരിക്കുന്നേ? ക്രിസ്മസ്സിനു ഒരാഴ്ച തന്നെയില്ല. പിള്ളേരൊക്കെ മറേറന്നാൾ വരുമല്ലോ?”

മാത്തച്ചൻ: “അതിനെന്താ ഒരുപാടു മിണ്ടാനിരിക്കുന്നു? ആവശ്യമുള്ളതൊക്കെപ്പറയൂ. ഉടനെ ആർഡർകൊടുത്തേക്കാം. റോസമ്മതന്നെ ക്രിസ്മസ്സ് സ്പെഷ്യലിനു ഒരു ലിസ്റ്റു് തയാറാക്കി പാപ്പന്റെപക്കൽ കൊടുത്തയച്ചേക്കണം.”

റോസമ്മ: “ഞാൻ ഒന്നുകുറിച്ചുകൊണ്ടു വന്നിട്ടുണ്ടു്. വായിക്കാം. ഇവിടെയറിയാതെയാണോ ഞാൻ കൊടുത്തയക്കുന്നതു്?”

മാത്തച്ചൻ: “ശരി. എന്നാൽ വായിക്കൂ.”

റോസമ്മ വായിക്കുന്നു. “കേക്കു് ഡസൻ അര; സ്പഞ്ചു് ഡസൻ അഞ്ചു്; വെണ്ണ റാത്തൽ അഞ്ചു്; ചോക്ലേററു് റാത്തൽ 2; മിഠായിത്തരങ്ങൾ റാത്തൽ മൂന്നു്; വൈൻ കുപ്പി നാലു്; സോഡാ കുപ്പി 20; സിഗാററു് ടിൻ രണ്ടു്; താറാവു് പത്തു്; ആട്ടിറച്ചി തുലാം അര; മാട്ടിറച്ചി തുലാം ഒന്നു്.”

മാത്തച്ചൻ: “പെണ്ണുങ്ങൾക്കു് അടുക്കളക്കാര്യം മാത്രമേ ശ്രദ്ധയുള്ളൂ. വൈൻ രണ്ടുകുപ്പികൂടിവേണം. പടക്കവും മത്താപ്പും അഞ്ചുരൂപായ്ക്കിരിക്കട്ടെ. പിന്നെ ജൗളികൾ, പിള്ളേരുകൂടെ വന്നിട്ടാകാം, അല്ലേ? റോസമ്മയ്ക്കു ക്രിസ്മസ്സിനു കവണി വേണമായിരിക്കുമല്ലോ. ത്രിവർണ്ണപതാകയിൽ എല്ലാവർക്കും ഓരോ കളർമോതിരങ്ങളും. ഭാരതസ്വാതന്ത്ര്യാനന്തരം വരുന്ന ക്രിസ്മസ്സല്ലേ? എന്താ, ഇനി വല്ലതും വേണമോ?”

റോസമ്മ: “അല്ല, ഇപ്പോൾത്തന്നെയെല്ലാം തീരുമാനിക്കണ്ടല്ലോ. കുട്ടപ്പനും അച്ചാമ്മയുംകൂടി വന്നിട്ടു് അവരുടെ പ്ലാൻകൂടി അറിഞ്ഞു വല്ലതുംകൂടി വേണമെങ്കിൽ അതും ആകാമല്ലോ.”

ഹൈസ്കൂൾക്ലാസുകളിലും പ്രൈമറിക്ലാസുകളിലും പഠിക്കുന്ന അരുമസന്താനങ്ങളെ ഉച്ചഭക്ഷണാനന്തരം ഡ്രൈവർ സ്കൂളുകളിലേക്കു കൊണ്ടുപോയി. മാത്തച്ചനും റോസമ്മയും ഉച്ചഉറക്കത്തിനു രണ്ടാംനിലയിലേക്കു തിരിച്ചു.

ആ കുബേരഗൃഹത്തെ ആശ്രയിച്ചു് ചുററും പല കുചേലഗൃഹങ്ങൾ അധിവസിച്ചിരുന്നു. ക്രിസ്മസ്സ് അവർക്കും അടുത്തുകഴിഞ്ഞല്ലോ. കൊച്ചുകാലായിലെ കൊച്ചുമാത്തു വേലകേറിവരികയാണു്. രണ്ടുപിള്ളേർ നാലിലും മൂന്നിലും കുഞ്ഞേലിയുടെ നിർബന്ധംമൂലം പഠിക്കുന്നുണ്ടു്. അതിനാൽ പതിനൊന്നു യൂണിററുള്ളതിൽ ആറോ, ഏഴോ, ഒക്കെയേ വാങ്ങാൻ കഴിയുന്നുള്ളൂ. കുഞ്ഞേലിക്കു് ഒരു വാതത്തിന്റെ ഉപദ്രവം ആരംഭിച്ചിട്ടു് ഒരു കൊല്ലത്തോളമായി. കുസുമപുരിബംഗ്ലാവിലെ മുററമടി അവൾക്കായിരുന്നതിനാൽ അന്നൊക്കെ കഴിച്ചിൽ കുറച്ചു തരക്കേടില്ലായിരുന്നു. രണ്ടു വയസ്സുമുതൽ പന്ത്രണ്ടുവയസ്സുവരെ പ്രായമുള്ള നാലാൺകുട്ടികളും ഒരു പെൺകുട്ടിയും കൊച്ചുമാത്തുവിന്റെ പ്രയത്നംകൊണ്ടുതന്നെ ഇപ്പോൾ കഴിയേണ്ടിയിരിക്കുന്നു. കുഞ്ഞേലിയുടെ കാര്യം പറയണമെന്നില്ലല്ലോ. ഒരുയൂണിററിനു് പതിനഞ്ചേമുക്കാൽ ചക്രവും നാലു റാത്തൽ കപ്പയ്ക്കു നാലണയും ഒരു റാത്തൽ മുളകിനു് ഒന്നേകാൽ രൂപയും കൊടുക്കേണ്ട സമൃദ്ധിയായ കാലം! അവർക്കും വന്നുചേർന്നു ക്രിസ്മസ്സ്!!

ചിന്താക്രാന്തനായ ഗൃഹനാഥൻ പെട്ടിതപ്പി ഒന്നും ഒന്നും ശരിപ്പെടാതെ മുറുക്കി. കുഞ്ഞേലി ചോദിച്ചു:— “അപ്പം മറേറന്നാ അല്ലേ പിറവി. നാളെ ഒരുനേരം. പിള്ളേരെന്തെല്ലാം പറഞ്ഞോണ്ടാ നടക്കുന്നതു്.”

കോപത്തോടും നൈരാശ്യത്തോടുംകൂടെ കൊച്ചുമാത്തു പറഞ്ഞു:— “എന്തു പറഞ്ഞോണ്ടാ നടക്കുന്നതു്. പറഞ്ഞാൽ വല്ലഫലവും ഉണ്ടോ? ആയിരം വാക്കു പറഞ്ഞാൽ അരക്കാണി തുണ്ടുമോ? ഇത്തവണ അങ്ങനെ ഇങ്ങനെ ഇരുണ്ടു വെളുത്തു കഴിയും. എറച്ചീം മീനുമൊക്കെ പണ്ടു തിന്നിട്ടില്ലേ? അതൊക്കെ മതി. ഞാനെന്തു ചെയ്യും? കിടന്നു തലതല്ലിയിട്ടു് ഇന്നത്തെ കൂലിടെകൂടെ ഒരു രൂപാകൂടി മുഴവൻ തന്നു. നിന്റെ ദണ്ണത്തിന്റെ കാര്യം എടുത്തെടുത്തു പറഞ്ഞു് നാലഞ്ചുരൂപായ്ക്കു് ഞാനെന്തു കെഞ്ചിയെന്നോ? ഇന്നലെ റോതമ്മയോടും പറഞ്ഞു. എവിടേടീ! അവരൊക്കെയുണ്ടോ പഴയകാലത്തു സേവിച്ചതൊക്കെ ഓർക്കാൻപോകുന്നു.”

“ഇന്നത്തെ കൂലിമാത്രം തന്നു ഒഴിച്ചുവിടാൻ പതിനെട്ടടവുമെടുത്തു. പൊറവിയാ. വേറെവിടയാ പോകണ്ടേന്നു ഞാനും. തമ്പുരാനേ! അതിയാൻ പറേണു പൊറവി വന്നകൊല്ലോം വരുമെന്നു്. രൂപായൊന്നുമില്ലെന്നു്. അതേസമയത്തു കശവും പട്ടും ഒക്കെ ഒരുകെട്ടു വണ്ടികൊണ്ടുവന്നതു് അഴിച്ചുവെച്ചു റോതമ്മേം പിള്ളേരുംകൂടി അഴകുനോക്കുന്ന ബഹളം. ഒരഞ്ഞൂറുരൂപായ്ക്കല്ല കേട്ടോ. റോതമ്മയ്ക്കുകവണിയോ മറേറാ ഉണ്ടോ? അവർക്കു പൊറവിക്കു പ്രത്യേകം “പെഷ്യലായി” എടുത്തിരിക്കുന്നു രണ്ടു്. അതോ മന്ത്രകോടികണക്കുള്ള കശവു്. പിന്നത്തെക്കാര്യം പറയാനുണ്ടോ?”

കുഞ്ഞേലി ദീർഘശ്വാസത്തോടെ പറഞ്ഞുപോയി: “ഒടേതമ്പുരാനേ! ഇവന്മാരു ചത്താൽ മണ്ണിത്തന്നെയല്ലേ ഇടത്തൊള്ളൂ.”

കൊച്ചുമാത്തു തുടർന്നു: “നമ്മളെന്തിനാ പൊന്നേ, അങ്ങനെയൊക്കെ പറേണേ. എല്ലാം തമ്പുരാനല്ലേ കണ്ടോണ്ടിരിക്കുന്നെ. ഇപ്പം രണ്ടു രൂപാ ഒള്ളതുകൊണ്ടു് രണ്ടുയൂണിററിനു് മുപ്പത്തൊന്നര. ഉപ്പുമുളകു രണ്ടര. പുളി ഒരു ചക്രം. മല്ലി, ഉള്ളി, കടുകു, മഞ്ഞളു്, നാലുംകൂടെ മൂന്നു ചക്രാ. വെളിച്ചെണ്ണ രണ്ടുതൊടത്തിനു് എട്ടുചക്രം. ഒന്നും മേടിച്ചില്ലങ്കിലും വെളിച്ചെണ്ണ കൊറയ്ക്കാൻ പാടില്ല. പിള്ളേക്കൊക്കെ ഒന്നു കുളിക്കണ്ടെ. അപ്പോൾ ചക്രം നാല്പത്താറു്. ഒരു നേരത്തിനു് ഒഴക്കുപരിപ്പു്. “അപ്പാ! പപ്പടം” എന്നു് പാപ്പച്ചൻ വിളിച്ചുപറഞ്ഞു. പരിപ്പിനു് ഒന്നരച്ചക്രം. പപ്പടം ഒരുചക്രം. ഒന്നരേം ഒന്നും രണ്ടര. അങ്ങനെ നാല്പത്തെട്ടര. ഒരു നാലുചക്രത്തിനു മീൻ. അമ്പത്തിരണ്ടര. ഇനിച്ചക്രം നാലര—നാലര. “മണ്ണെണ്ണ” കുഞ്ഞേലി ഓർപ്പിച്ചു. കൊച്ചുമാത്തു കണക്കുതുടർന്നു. “ങ്ഹാ-ആ. ഒന്നരച്ചക്രംമണ്ണെണ്ണ. അമ്പത്തിനാലു്. അതല്ലല്ലോ എല്ലാത്തിലും കഷ്ടം! പെരുന്നാളായിട്ടു പിള്ളേക്കു ചൊവ്വെ നാണംമറയ്ക്കാനെന്തു ചെയ്യും. എന്റെ കാര്യം പോട്ടെ.”

“അപ്പാ! കടേൽ കൊടുക്കാനൊണ്ടു് ഇരുപത്തൊന്നരച്ചക്രം. ഇന്നു തീർത്തു കൊടുക്കാമെന്നാണേ പറഞ്ഞിരിക്കുന്നതു്.” മൂത്തമകൾ കത്രി ഉദ്ദേശപൂർവ്വം ഓർപ്പിച്ചു.

കൊച്ചുമാത്തുവിന്റെ പുന്നാരമകൻ പൈലമ്പി കിണുക്കാംതുടങ്ങി. “എറച്ചിയേ—എറച്ചിയേ — അപ്പാ! എറച്ചിയേ—”

പൈലമ്പിയുടെ നേരേ മൂത്ത മാത്തപ്പൻ: “അപ്പാ! ഒരു കൂട മത്താപ്പേ—ഒരുകൂട മത്താപ്പേ—” എന്നു് നിഷ്കളങ്കമായി നിവേദനമർപ്പിച്ചു.

“മെഴുകുതിരി ഞങ്ങൾക്കു് മൂന്നെണ്ണം വേണോ. ഒന്നരച്ചക്രം മതിയപ്പാ മെഴുകുതിരിക്കു്” എന്നു് പാപ്പച്ചൻ ഓർപ്പിച്ചു. “നന്നാലുകാശെങ്കിലും നേർച്ച ഇടണ്ടേ?” കുഞ്ഞേലി വിട്ടുപോയതു പൂരിപ്പിച്ചു.

“അപ്പച്ചാ! ബ. വികാരി അച്ചനുമായി കോളെജു വിശേഷങ്ങളൊക്കെപ്പറഞ്ഞു് സന്ധ്യയായിപ്പോയി. ധൃതിയിൽ ഇങ്ങോട്ടുവരുമ്പോൾ കേൾക്കാം നമ്മുടെ കൊച്ചുകാലായിൽ കൊച്ചുമാത്തുവും പിള്ളേരുംകൂടി രണ്ടു രൂപാകൊണ്ടു് ക്രിസ്മസ്സു് കൊണ്ടാടാനുള്ള കണക്കുകൂട്ടൽ. അവരുടെ സങ്കടകരമായ ചുററുപാടു കേട്ടു ഞാൻ ഞെട്ടിപ്പോയി. അവരുടെ യഥാർത്ഥരോദനങ്ങൾ അപ്പച്ചൻകൂടി ഒന്നു കേൾക്കണമെന്നു് എനിക്കൊരപേക്ഷയുണ്ടു്. നമുക്കു് തോട്ടത്തിൽ ഇറങ്ങി വടക്കെ മതിലിനടുത്തുനിന്നാൽ മതിയല്ലോ. എല്ലാം ഭംഗിയായി കേൾക്കാം.” കുസുമപുരിയിൽ മാത്തച്ചന്റെ സീമന്തപുത്രൻ മാമച്ചൻ തന്റെ പിതാവിനോടു ചെയ്ത അഭ്യർത്ഥനയാണു് മുകളിൽ ഉദ്ധരിച്ചതു്.

പിറെറദിവസം പ്രഭാതത്തിൽ കുസുമപുരിയിലെ കുബേരൻ തന്റെ പുത്രനുമായി ആശ്രിതന്മാരുടെ ഭവനങ്ങൾ സാനുകമ്പം സന്ദർശിച്ചു യഥോചിതം ഓരോ തുക ക്രിസ്മസ് സമ്മാനമായി നൽകുകയുണ്ടായി. ആ കൂട്ടത്തിൽ കൊച്ചുകാലായിലെ കൊച്ചുമാത്തുവിനു ലഭിച്ചതു് ഇരുപത്തഞ്ചു രൂപായായിരുന്നു.

——

## ചോദ്യോത്തരപംക്തി

(4-ാം പേജ് തുടർച്ച)

നു: “പ്രവചനങ്ങളൊന്നും തിരുവെഴുത്തിന്റെ സ്വയമായ വ്യാഖ്യാനത്താൽ ഉണ്ടാകുന്നതല്ല എന്നിതു ആദ്യമേതന്നെ നിങ്ങൾ അറിഞ്ഞുകൊള്ളണം”. (II പത്രോ 1. 20). വണ്ടിയിലിരുന്നു “ഏശയ്യായുടെ പുസ്തകം” വായിച്ചിരുന്ന വ്യക്തിയോടു് അതു മനസ്സിലാകുന്നുണ്ടോ എന്നു വി. പീലിപ്പോസ് ചോദിച്ചതിനു അയാൾ നല്കുന്ന സമാധാനവും ശ്രദ്ധേയമാണു്: “ആരെങ്കിലും എനിക്കു് ഉപദേശിച്ചു തരാഞ്ഞാൽ ഗ്രഹിക്കുവാൻ എനിക്കുഎങ്ങനെ സാധിക്കും?” (നടപടി 8: 31). ആജീവനാന്തം വേദപുസ്തകപഠനത്തിനായി ചെലവഴിച്ച സഭാപിതാക്കന്മാരും പണ്ഡിതന്മാരുംപോലും സമ്മതിക്കുന്ന ഒരു വാസ്തവമാണു് വേദപുസ്തകത്തിൽ മനസ്സിലാക്കാൻ പ്രയാസമുള്ള പലതുമുണ്ടെന്നു്. എന്നിട്ടും, ബൈബിൾ ഏവർക്കും സുഗ്രാഹ്യമായ ഒരു ഗ്രന്ഥമെന്നമട്ടിൽ, അല്പജ്ഞരായ വ്യക്തികൾ ഇഷ്ടംപോലെ അതു വ്യാഖ്യാനിക്കാൻ മുതിരുന്നതു കാണുമ്പോൾ “മാലാഖമാർ പാദമൂന്നാൻ മടിക്കുന്നിടത്തു ഭോഷന്മാർ കുതിച്ചുകയറുന്നു” എന്ന ആപ്തവാക്യമാണു് ഓർമ്മയിൽ വരുന്നതു്. പതിനാറാം നൂററാണ്ടിലെ നവീകരണപ്രസ്ഥാനക്കാർ ബൈബിൾ ഇഷ്ടംപോലെ വ്യാഖ്യാനിക്കാൻ തുടങ്ങിയതിന്റെ ഫലമായിട്ടല്ലേ അനേകം വിഭാഗക്കാരായി അവർ പിരിയാൻ ഇടവന്നതു്? അമേരിക്കയിലെ ഭരണവ്യവസ്ഥകളേയോ, ഇൻഡ്യയിലെ ക്രിമിനൽ-സിവിൽ കോഡുകളേയോ ഇഷ്ടംപോലെ വ്യാഖ്യാനിക്കാമെന്നു ആരെങ്കിലും പറയുമോ? നിയമനിർമ്മാതാക്കൾ ഉദ്ദേശിച്ചിട്ടുള്ളതും, ഭരണാധികാരികൾ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ളതുമായ അർത്ഥമായിരിക്കണം ഓരോ നിയമങ്ങൾക്കും കല്പിക്കേണ്ടതു്. അങ്ങനെയെങ്കിൽ, വേദപുസ്തകത്തിലെ വാക്യങ്ങൾക്കു തൽകർത്താക്കൾ എന്തു അർത്ഥമാണു കല്പിച്ചതു് എന്നു പാരമ്പര്യോപദേശത്തിന്റേയും അപ്രമാദയായ അദ്ധ്യാപികയായി മിശിഹായാൽ പ്രതിഷ്ഠിതമായിരിക്കുന്ന സഭയുടെ സിദ്ധാന്തങ്ങളുടേയും വെളിച്ചത്തിൽ കണ്ടുപിടിക്കയല്ലേ നാം ചെയ്യേണ്ടതു്? ഇക്കാര്യത്തിൽ പാരമ്പര്യോപദേശത്തിന്റേയും സഭാദ്ധ്യാപനത്തിന്റേയും വിലയും മാഹാത്മ്യവും ആവശ്യകതയും നാം മനസ്സിലാക്കുന്നു; “ബൈബിൾ മാത്രമാണു വിശ്വാസത്തിന്റെ ആധാര”മെന്ന പ്രസ്താവം എത്ര നിരർത്ഥകമാണെന്നു നാം ഗ്രഹിക്കുകയും ചെയ്യുന്നു.

മൂന്നാമതായി, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച എല്ലാ കാര്യങ്ങളും ബൈബിളിലില്ല. ഉദാഹരണമായി പ്രോട്ടസ്റ്റൻറുകാരുൾപ്പെടെയുള്ള മിക്ക ക്രിസ്തീയവകുപ്പുകാരും ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുന്നുണ്ടു്; എന്നാൽ അതു സംബന്ധിച്ച യാതൊരു നിർദ്ദേശവും വേദപുസ്തകത്തിലില്ല. പ്രത്യുത, വേദപുസ്തകം ആജ്ഞാപിക്കുന്നതു ശനിയാഴ്ച വിശുദ്ധ ദിനമായി ആചരിക്കണമെന്നാണു്. അപ്പസ്തോലകാലംമുതൽക്കുള്ള പാരമ്പര്യോപദേശത്തേയും സഭയുടെ കല്പനയേയും ആധാരമാക്കിയാണു്, കർത്താവിന്റെ പുനരുത്ഥാനം, പരിശുദ്ധാരൂപിയുടെ ആഗമനം ആദിയായ സംഭവങ്ങൾനിമിത്തം സർവ്വപ്രധാനമായിഭവിച്ചിരിക്കുന്ന ഞായറാഴ്ച ആചരിക്കുന്ന പതിവു് സഭയിലുണ്ടായതു്. വിശ്വസിക്കേണ്ട എല്ലാകാര്യങ്ങളും വേദപുസ്തകത്തിലില്ലെന്നു വി. പൗലോസിന്റെ സാക്ഷ്യങ്ങളും മററും ഉദ്ധരിച്ചു് മുകളിൽ സമർത്ഥിച്ചിട്ടുമുണ്ടല്ലോ.

കർഡിനൽ ഗിബൺസു് ചൂണ്ടിക്കാണിക്കുന്നതുപോലെ, ഒരു കപ്പലിലെ ഉദ്യോഗസ്ഥന്മാരും ജോലിക്കാരും വടക്കുനോക്കിയന്ത്രം ഉപയോഗിക്കുന്ന വിധത്തെപ്പററിയും തങ്ങൾക്കു യാത്ര ചെയ്യേണ്ട മാർഗ്ഗത്തെപ്പററിയും പരസ്പരം വാഗ്വാദംനടത്തുകയും കലഹിക്കുകയും ചെയ്യുകയാണെങ്കിൽ ആ കപ്പലിൽ യാത്രചെയ്യുന്നതു് എത്ര ആപൽക്കരമായിരിക്കും? അതിനെക്കാൾ അപകടകരവും ബുദ്ധിശൂന്യവുമാണല്ലോ സ്വർഗ്ഗത്തിലേക്കുള്ള പ്രയാണത്തിൽ അഭിപ്രായൈക്യം ഇല്ലാത്ത നേതാക്കളെ ആശ്രയിക്കുന്നതു്. നിത്യതയിലേക്കുള്ള സുരക്ഷിതപാതചൂണ്ടിക്കാണിക്കുന്നതിനു് അപ്രമാദമായ ഒരു അധികാരകേന്ദ്രം അത്യാവശ്യമായിരിക്കുന്നു. അതാണു വിശുദ്ധ പത്രോസിന്റെ സിംഹാസനം. “പത്രോസേ! നീ പാറയാകുന്നു. ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിചെയ്യും......... സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും.” (മത്തായി 16, 18) എന്നാണു ക്രിസ്തു അരുളിച്ചെയ്തതു്. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായാൽ ഭരിക്കപ്പെടുന്ന സഭ വിശ്വാസസത്യങ്ങൾ പ്രഖ്യാപനംചെയ്യുന്നതു വെറും ഊഹാപോഹങ്ങളെ ആധാരമാക്കിയല്ല; സംശയാസ്പദമായ രീതിയിലുമല്ല. അതിലെ അംഗങ്ങളിൽ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ പരിപൂർണ്ണമായ ഐക്യവുമുണ്ടു്. കൊടുങ്കാററുകൾ എത്ര ശക്തിയായി വീശിയാലും, ആപത്തുകൾകൂടാതെ സഭാനൗകയെ നയിക്കാൻ സാധിക്കുന്ന ഒരാളാണു് അതിന്റെ ചുക്കാൻ പിടിച്ചിരിക്കുന്നതു്. ആ കപ്പലിൽ എല്ലാവരും കയറി നിത്യസൗഭാഗ്യത്തിലേക്കു സുരക്ഷിതമായി പ്രയാണംചെയ്യാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

——

## പ്രാദേശികക്കമ്മിററി

ബിഹാർ, ഒറീസ, സി. പി., ബിറാർ എന്നി പ്രവിശ്യകളിലെ കത്തോലിക്കരുടെ ഒരു പ്രാദേശിക കമ്മിററി രൂപവൽകൃതമായിരിക്കുന്നു. അതിന്റെ ഉദ്ദേശ്യം ആ പ്രവിശ്യകളിലെ കത്തോലിക്കരുടെ അവകാശസ്വാതന്ത്ര്യങ്ങളേയും താല്പര്യങ്ങളേയും വ്യവസ്ഥാപിതമായ രീതിയിൽ സംരക്ഷിക്കുക എന്നുള്ളതാണു്. അതിന്റെ പ്രഥമയോഗം ഈയിടെ റാഞ്ചിയിൽവച്ചു കൂടുകയും കത്തോലിക്കർക്കു് എതിരായുള്ള ആരോപണങ്ങളെ പ്രതിഷേധിച്ചുകൊണ്ടു് പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തിരിക്കുന്നു. കത്തോലിക്കർ, വിമർശകർ പ്രസ്താവിക്കുംവണ്ണം, ബ്രിട്ടിഷാധിപത്യകാലത്തു പ്രത്യേകാനുകൂല്യങ്ങളൊന്നും സിദ്ധിച്ചിരുന്നില്ലെന്നും, ഇൻഡ്യയിലെ കത്തോലിക്കർ കഴിഞ്ഞ 19 ശതവർഷങ്ങളായി മററെല്ലാ സമുദായങ്ങളുമായി സൗഹൃദം പുലർത്തിവന്നവരാണെന്നും, വിദ്യാഭ്യാസവിഷയത്തിൽ അവരെ അനർഹമായ അവശതകൾക്കു വിധേയരാക്കാൻ ചില പ്രവിശ്യാഗവൺമെൻറുകൾ ചെയ്തുവരുന്ന ശ്രമങ്ങൾ അപലപനീയങ്ങളാണെന്നും പ്രമേയങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നു.

പ്രഭാഷണം

# സിംഹവക്ത്രത്തിലെ മധു

"ഞങ്ങളെ പരീക്ഷയിൽ അകപ്പെടുത്തല്ലെ." (കർത്തൃപ്രാർത്ഥനയിലെ ആറാം യാചന)

"മാനുഷികമല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാകുന്നു. നിങ്ങൾക്കു കഴിയുന്നതിലധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവെടിയുകയില്ല." (1. Cor. X—13)

ഗ്രീക്കസാഹിത്യത്തിലെ "ഹിപ്പോളിറാസ്" എന്ന ശോകപര്യവസായിയായ നാടകത്തിൽ തെസെയൂസിന്റെ പത്നിയായ ഫേദ്ര പറയുന്നു: "മനുഷ്യകുലത്തിന്റെ ദൗർഗ്ഗുണ്യങ്ങൾക്കും ബലഹീനതകൾക്കും കാരണമെന്തെന്നു നിദ്രയില്ലാത്ത ദീർഘരാത്രികളിൽ ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. നന്മയായുള്ളതു കാണുന്നെങ്കിലും തിന്മയായുള്ളതാണു നാം പ്രവർത്തിക്കുന്നതു്. ധർമ്മത്തെപ്പററി നമുക്കു ബോധമുണ്ട്; പക്ഷെ, അധർമ്മത്തിനു നാം വിധേയരായിപ്പോകുന്നു. ജീവിതമാകുന്ന നദി മണൽത്തിട്ടകളും പാറക്കെട്ടുകളുംകൊണ്ടു് നിറഞ്ഞിരിക്കുന്നു. ശക്തിമത്തായ ഒരു പ്രവാഹം നമ്മെ അവയിലേക്കു് അടിച്ചൊഴുക്കിക്കൊണ്ടുപോകുന്നു." പ്രസ്തുത നാടകമെഴുതി അഞ്ഞൂറു കൊല്ലം കഴിയുന്നതിനുമുമ്പു് വി. പൗലോസ് റോമാക്കാർക്കു് ഇപ്രകാരമെഴുതി: "ചെയ്യാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നതു്; മറിച്ചു്, ചെയ്യുവാൻ ഇച്ഛിക്കാത്ത തിന്മ ഏതോ അതുതന്നെ ഞാൻ ചെയ്യുന്നു... .........എന്റെ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിനു് എന്നെ അടിമപ്പെടുത്തുന്നതുമായ വേറൊരു നിയമം എന്റെ അവയവങ്ങളിൽ ഞാൻ കാണുന്നു." (Rom. VII). പാപനിയമത്തെ നിഷേധിച്ചകൂടാ. നാമേവരും പാപത്തിലേക്കു ചാഞ്ഞിരിക്കുന്നു. സുകൃതികളായി ജീവിക്കുന്നതിനു് ഈ പാപാസക്തിക്കെതിരായുള്ള നിസ്തന്ദ്രമായ പരിശ്രമം കൂടിയേ കഴിയൂ. തന്റെ ജഢികമായ പ്രലോഭനങ്ങളെക്കുറിച്ചു് വി. അപ്പസ്തോലൻ ആവലാതിപ്പെട്ടപ്പോൾ ക്രിസ്തുനാഥൻ ഇപ്രകാരമാണു പറഞ്ഞതു്: "എന്റെ പ്രസാദവരം നിനക്കു വേണ്ടുവോളം മതി." പ്രലോഭനങ്ങളുമായുള്ള പോരാട്ടത്തിൽ നമ്മുടെ ദിവ്യരക്ഷകൻ ധാരാളമായി നൽകുന്ന ദിവ്യസഹായം നമുക്കു വിജയം കൈവരുത്തും; നാം ആ പ്രസാദവരത്തോടുകൂടി സഹകരിക്കണമെന്നേയുള്ളു.

ഉത്ഭവപാപം നിമിത്തം നമ്മുടെ പ്രകൃതി പാപത്തിലേക്കു ചാഞ്ഞിരിക്കുന്നു. ശരീരത്തിൽനിന്നും, ബാഹ്യലോകത്തിൽനിന്നും, പിശാചുക്കളിൽനിന്നും പലപ്രലോഭനങ്ങളും നമുക്കു നേരിട്ടുകൊണ്ടിരിക്കുന്നുണ്ടു്. ഈ പരമാർത്ഥം ഓരോരുത്തർക്കും അനുഭവവേദ്യമാണു്. ജഢത്തിന്റെയും ലോകത്തിന്റെയും പിശാചിന്റെയും പ്രേരണകൾക്കനുയോജ്യമായ വിധത്തിൽ നാം നമ്മുടെ ജീവിതനൗകയെ നയിക്കുകയാണെങ്കിൽ പ്രയത്നമോ സമരമോ ഒന്നും ആവശ്യമില്ല; ഒഴുക്കിനനുകൂലമായ ഗമനം എളുപ്പമാണല്ലോ. എന്നാൽ സുകൃതജീവിതം നയിക്കുവാൻ ദൃഢനിശ്ചയം ചെയ്തുകൊണ്ടു് അതിനായി കച്ചകെട്ടിയിറങ്ങുന്ന ഒരുവനു് മേലുദ്ധരിച്ച ശത്രുത്രയങ്ങളിൽനിന്നുള്ള ശക്തിമത്തായ പ്രലോഭനങ്ങളോടു മല്ലിട്ടേ കഴിയൂ. "മകനേ, ദൈവത്തെ ശുശ്രൂഷിക്കുവാനായി നീ തുടങ്ങുമ്പോൾ, നീതിയിലും ഭയത്തിലും നീ വ്യാപരിച്ചുകൊൾക; നിന്റെ ആത്മാവിനെ പ്രലോഭനങ്ങൾക്കെതിരായി ഒരുക്കുകയും ചെയ്തുകൊൾക." (Eccl. I.—1) ഇസ്രായേൽക്കാർ ഈജിപ്തിലെ അടിമത്തത്തിൽനിന്നു വിമുക്തരായി ആ രാജ്യത്തുനിന്നു പുറപ്പെട്ടുപോയപ്പോൾ ഫറവോൻ രാജാവു് തന്റെ സൈന്യങ്ങളെ ദ്രുതഗതിയിൽ ശേഖരിച്ചു് അവരെ പിന്തുടർന്നു. ഇതുപോലെതന്നെയാണു പാപജീവിതത്തെ പരിത്യജിച്ചു് പുണ്യജീവിതം സമാരംഭിക്കുന്ന ഒരുവന്റെ നേരെ തിന്മയുടെ ശക്തികൾ ഉഗ്രതയോടെ പാഞ്ഞടുക്കുന്നതു്. എന്നാൽ ഈ സമരത്തിൽ ദൈവസഹായം നമുക്കു് അത്യന്താപേക്ഷിതമാണു്. ഇതിനുവേണ്ടിയാണു് നാം ഈ അഭ്യർത്ഥനയിൽ "ഞങ്ങളെ പരീക്ഷയിൽ അകപ്പെടുത്തല്ലെ" എന്നു യാചിക്കുന്നതു്. "നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിപ്പാനായി ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. ആത്മാവു് സന്നദ്ധമാകുന്നു; എന്നാൽ ശരീരം ബലഹീനമത്രെ" എന്നു ദിവ്യരക്ഷകനും നമ്മോടുപദേശിക്കുന്നു. തന്നിമിത്തം ആത്മാർത്ഥമായും ഉള്ളുരുകിക്കൊണ്ടും നാം പ്രാർത്ഥിക്കയും ദൈവത്തെ സമീപിക്കയും ചെയ്യുന്നെങ്കിൽ പരീക്ഷകൾക്കു നാം ഒരിക്കലും അടിപ്പെട്ടുപോകയില്ല. ജലപ്രളയത്തിൽ വെള്ളം പൊങ്ങിവരുന്തോറും നോഹിന്റെ പെട്ടകവും പൊങ്ങി ഉയർന്നതുപോലെ പ്രലോഭനങ്ങളാകുന്ന ജലപ്രളയത്തിൽ നമ്മുടെ ആത്മാവു് പ്രാർത്ഥനയാകുന്ന പെട്ടകത്തിൽ സുരക്ഷിതമായിരിക്കും.

"പരീക്ഷയിൽ അകപ്പെടുത്തല്ലെ" എന്നു നാം യാചിക്കുമ്പോൾ പരീക്ഷകൾ ഒരിക്കലും നമുക്കു് അനുഭവപ്പെടരുതെന്നല്ല നാം അഭ്യർത്ഥിക്കുന്നതു്. വി. ജറോം ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നതുപോലെ, ഈ യാചനയുടെ അർത്ഥം, പ്രലോഭനങ്ങൾ ഞങ്ങളെ പരാജിതരാക്കാൻ അനുവദിക്കരുതെ, എന്നുമാത്രമാണു്. പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കുന്നതിലല്ല അവയ്ക്കു കീഴ്പ്പെടാതിരിക്കുന്നതിലാണു നമ്മുടെ ജീവിതവിജയം അടങ്ങിയിരിക്കുന്നതു്. പ്രലോഭനങ്ങൾ തീർച്ചയായും നമുക്കു് അനുഭവപ്പെടേണ്ടിയിരിക്കുന്നു. യുദ്ധമില്ലാതെ വിജയമില്ല; പരീക്ഷയില്ലാതെ സമ്മാനമില്ല; സഹനമില്ലാതെ വിശുദ്ധീകരണവുമില്ല. "പരീക്ഷകൾ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. എന്തെന്നാൽ അവൻ പരിശോധിക്കപ്പെട്ടശേഷം ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനംചെയ്തിരിക്കുന്ന ജീവന്റെ കിരീടം പ്രാപിക്കും." (യാക്കോ: I—12) "നീ ദൈവത്തിനു സ്വീകാര്യനായിരുന്നതുകൊണ്ടു പരീക്ഷ നിന്നെ സംശോധിക്കുവാൻ ആവശ്യമായിരുന്നു" എന്നു തോബിയാസിന്റെ പുസ്തകത്തിലും നാം വായിക്കുന്നു (XII—13). അന്യാദൃശ മല്ലയുദ്ധപ്രവീണനായിരുന്ന സാംസൺ ഒരിക്കൽ അലറിക്കൊണ്ടു പാഞ്ഞടുത്ത ഒരു സിംഹത്തെ ആയുധങ്ങളൊന്നുംകൂടാതെ ഭുജബലംകൊണ്ടുമാത്രം കൊന്നുകളഞ്ഞു. കുറെ കഴിഞ്ഞു് അയാൾ ആ സിംഹത്തിന്റെ ശവശരീരം ചെന്നുനോക്കിയപ്പോൾ അതിന്റെ വായിൽ തേനീച്ചകൾ പാറിനടന്നിരുന്നു; ഒരു തേൻകൂട്ടം അതിലുണ്ടായിരുന്നു. അയാൾ ആ മധുകോശത്തിൽനിന്നു അനവദ്യമധുരിമയെഴുന്ന മധു മതിവരെ പാനംചെയ്യുകയും ചെയ്തു. (Judges XV). ഇതുപോലെ തന്നെ പ്രലോഭനങ്ങളാകുന്ന ക്രൂരസിംഹങ്ങൾ നമ്മുടെ നേരെ അലറിയടുക്കുമ്പോൾ അവയെ സധൈര്യം എതിരിട്ടു് കൊന്നുകളയുന്നവെങ്കിൽ ആ പ്രലോഭനങ്ങളിൽനിന്നുതന്നെ ആനന്ദദായകമായ ദിവ്യമധു നമുക്കു ലഭ്യമാകുന്നതാണു്. ജയിച്ചമർത്തപ്പെട്ട പ്രലോഭനങ്ങൾ നമ്മുടെ സൌഭാഗ്യത്തിന്റെ മാററു വർദ്ധിപ്പിക്കും; നമ്മുടെ മോക്ഷമകുടത്തിൽ മിന്നിത്തിളങ്ങുന്ന രത്നങ്ങളായി അവ പരിശോഭിക്കും. "പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങൾക്കു സർവ്വസന്തോഷവുമുണ്ടായിരിക്കട്ടെ." (യാക്കോ I—2)

പ്രലോഭനങ്ങളോടുള്ള നമ്മുടെ പോരാട്ടത്തിൽ ദൈവം വെറും ഒരു നിഷ്പക്ഷനിരീക്ഷകനല്ല. അങ്ങുന്നു് നമ്മെ സഹായിക്കുവാൻ അതിരററ ഉൽകണ്ഠയും സന്നദ്ധതയും പ്രദർശിപ്പിക്കുന്നുണ്ടു്. "മാനുഷികമല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാകുന്നു. നിങ്ങൾക്കു കഴിയുന്നതിലധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല. എന്നല്ല, സഹിക്കുവാൻ കഴിയത്തക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്കു് അവിടുന്നു നീക്കുപോക്കുണ്ടാക്കുകയുംചെയ്യും." (1. Cor. X 13). എലിസേയൂസ് ദീർഘദർശിയെ ബന്ധിക്കുവാനായി സിറിയായിലെ രാജാവു് ഒരു വലിയ സൈന്യവ്യൂഹത്തെ അയച്ചു. അവർ രാത്രിയിൽവന്നു് ദോത്താൻ പട്ടണത്തിനുചുററും കൂടാരമടിച്ചു. എലിസേയൂസിന്റെ ഭൃത്യൻ പ്രഭാതത്തിൽ പുറത്തേക്കു പോയപ്പോൾ ഈ സൈന്യത്തേയും കുതിരകളേയും രഥങ്ങളേയും കണ്ടു ഭയപ്പെട്ടു് ഓടിവന്നു് എലിസേയൂസിനെ വിവരം ധരിപ്പിച്ചു. അപ്പോൾ എലിസേയൂസ് പറഞ്ഞു: "നീ ഭയപ്പെടേണ്ട; കാരണം, അവർക്കുള്ളതിനെക്കാൾ കൂടുതൽ സൈന്യസന്നാഹം നമ്മോടുകൂടിയുണ്ടു്." ഇതിനുശേഷം പ്രവാചകൻ പ്രാർത്ഥിച്ചു, തന്റെ ഭൃത്യന്റെ കണ്ണുകൾ തുറക്കപ്പെടുന്നതിനു്. അപ്പോൾ കർത്താവു് അവന്റെ കണ്ണുകളെ തുറക്കയും, എലിസേയൂസിന്റെ ചുററും അഗ്നിരഥങ്ങളും കുതിരകളും മററും നിറഞ്ഞു നിൽക്കുന്നതായി കാണുകയും ചെയ്തു. (4 രാജാക്കൾ VI). ഇതുപോലെതന്നെ പ്രലോഭനങ്ങൾക്കെതിരായുള്ള സമരത്തിൽ ദൈവത്തിന്റെയും ദൈവദൂതന്മാരുടെയും സഹായം ദൃഷ്ടിഗോചരമല്ലാത്തവിധത്തിൽ എപ്പോഴും നമുക്കുണ്ടായിരിക്കും.

ലോകം മുഴുവനും പാപസമുദ്രത്തിലെ ഒരു നീർച്ചുഴിസ്ഥാനമായി ഭവിച്ചിരിക്കകൊണ്ടു് അനേകം ആത്മാക്കൾ അതിന്റെ പരിവർത്തനത്തിൽപ്പെട്ടു് മുങ്ങിത്താഴുന്നു. പാപത്തിനു വലിയൊരു വശീകരണശക്തിയുണ്ടു്. തന്നിമിത്തം നാം കൂടുതൽ ജാഗരൂകരായിരിക്കണം. പ്രാർത്ഥനയോടൊപ്പം തന്നെ പാപാവസരങ്ങളെ ഉപേക്ഷിക്കേണ്ടതായ കടമയും നമുക്കുണ്ടു്. എല്ലാററിലും ദൈവഹസ്തങ്ങൾ നമ്മെ താങ്ങിക്കൊള്ളുമെന്നു വിചാരിച്ചു് നാം അലസരും അശ്രദ്ധരുമായിരിക്കരുതു്. അഗ്നിയിൽക്കൂടി നടന്നതിനുശേഷം പൊള്ളാതിരിക്കണമെങ്കിൽ വലിയൊരത്ഭുതംതന്നെ സംഭവിക്കണം. "അപകടസന്ദർഭങ്ങളെ സ്നേഹിക്കുന്നവൻ അതിൽത്തന്നെ നശിക്കും" എന്നു് വേദോക്തിയുണ്ടല്ലോ. "താഴെ ചാടിക്കൊൾക; മാലാഖമാർ നിന്നെ താങ്ങും" എന്ന ഉപദേശത്തിനു "നിന്റെ കർത്താവായ ദൈവത്തെ നീ പരീക്ഷിക്കരുതു്" എന്നാണു് ദിവ്യരക്ഷകൻ പ്രത്യുത്തരം നൽകിയതു്. നമ്മുടെ ആദ്ധ്യാത്മികസുരക്ഷിതത്വത്തിൽ അമിതമായി വിശ്വസിച്ചുകൊണ്ടു നാം അപകടങ്ങളിൽ ചെന്നുചാടരുതു്. വി. ഇഗ്നേഷ്യസ് ഹിമനിബിഡമായ ഒരു കുളത്തിൽ ഇറങ്ങിനിന്നുവെന്നും, വി. ബനഡിക്റ്റ് മുള്ളുകളിൽ കിടന്നുരുണ്ടുവെന്നും, വി. തോമസ് അക്വിനാസ് ഒരു തീക്കൊള്ളിയെടുത്തു തന്നെ പ്രലോഭനത്തിൽ ഉൾപ്പെടുത്തുവാനായി പ്രത്യക്ഷപ്പെട്ട സ്ത്രീയെ ഓടിച്ചുകളഞ്ഞുവെന്നും, പ്രലോഭനകാരണമായി പ്രത്യക്ഷപ്പെട്ട സ്വശരീരലാവണ്യത്തെ പലകന്യകകളും സ്വമേധയാ നശിപ്പിച്ചുകളഞ്ഞുവെന്നും മററും നാം വായിക്കുന്നതിൽനിന്നു് വിശുദ്ധന്മാരും സാധാരണമനുഷ്യരായിരുന്നുവെന്നും അവർക്കും നമ്മെപ്പോലെ പാപത്തോടും പ്രലോഭനങ്ങളോടും പൊരുതേണ്ടിയിരുന്നുവെന്നും പ്രലോഭനവേളകളിൽ വിജയലബ്ധിക്കായി അവർ ഉഗ്രമായ തപകൃത്യങ്ങൾതന്നെയും ചെയ്യാൻ മടിച്ചിരുന്നില്ലെന്നും നാം ഗ്രഹിക്കുന്നു. ഇവരുടെ സന്മാതൃക നമ്മെയും ഉത്തേജിപ്പിക്കട്ടെ.

(ജെ. ചെമ്മണൂർ)

---

## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരം)

എസക്കിയേൽ ദീർഘദർശിയുടെ പ്രവചനം 44-ാം അദ്ധ്യായത്തിലെ താഴെ പറയുന്ന ഭാഗമാണു് ഇവിടെ അനുസ്മരിക്കപ്പെടുന്നതു്. "അവിടുന്നു് എന്നെ കിഴക്കോട്ടു വിശുദ്ധസ്ഥലത്തിന്റെ വാതില്ക്കലേക്കു തിരികെ കൊണ്ടുവന്നു. എന്നാൽ അതു അടച്ചിരിക്കയായിരുന്നു. അപ്പോൾ ദൈവം എന്നോടരുളിച്ചെയ്തു, ഈ വാതിൽ അടയ്ക്കപ്പെട്ടിരിക്കും; അതു തുറക്കപ്പെടുകയില്ല; ആരും അതിലേക്കു കടക്കുകയുമില്ല. എന്തുകൊണ്ടെന്നാൽ ഇസ്രായേലിന്റെ ദൈവമായ കർത്താവു് അതിൽക്കൂടി പ്രവേശിച്ചിരിക്കുന്നു. അതു ആ രാജാവിനുവേണ്ടി അടയ്ക്കപ്പെട്ടിരിക്കും." ദിവ്യരക്ഷകനു ലോകത്തിലേക്കു പ്രവേശിക്കുവാനായി പ്രത്യേകം സജ്ജീകരിച്ച വാതിലാണു പരിശുദ്ധ കന്യകാമറിയം. പാപബാധകൂടാതെ മുദ്രവച്ചു് അവിടുത്തെ സൂക്ഷിച്ചു. കന്യാത്വത്തിനു ഭംഗം വരാതെ മാതൃത്വം പുലർത്തുന്നതിനും ദൈവം മറിയത്തെ പ്രാപ്തയാക്കി.

---

## വിദ്യാഭ്യാസനയത്തിൽ പ്രതിഷേധം

അഖിലകേരളകത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മിററി സെപ്റ്റംബർ 18-ാംനു പ്രസിഡണ്ടു് ഷെവ. ജോസഫ് തളിയത്തിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽവച്ചു് മദ്രാസ് ഗവമ്മെൻറിന്റെ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിച്ചുകൊണ്ടു താഴെ കാണുന്ന പ്രമേയം പാസാക്കിയിരിക്കുന്നു: "പ്രൈവററു സ്കൂളുകളെക്കൊണ്ടു എൻഡൗമെൻറു കെട്ടിവയ്പിക്കുന്നതിനും പ്രൈവററു സ്കൂൾ കെട്ടിടങ്ങൾ ഏറെറടുത്തു ഗവമ്മെൻറു നേരിട്ടോ മററു മാനേജമെൻറുകൾ മുഖേനയോ നടത്തുന്നതിനും ഗവമ്മെൻറിനെ അധികാരപ്പെടുത്തുന്നതും ഇപ്പോൾ മദ്രാസ് നിയമസഭയുടെ ആലോചനയിൽ ഇരിക്കുന്നതുമായ ബില്ലുകൾ ഇൻഡ്യയിൽ ഭരണഘടനയിൽ അംഗീകരിച്ചിട്ടുള്ള മൌലികാവകാശങ്ങൾക്കു കടകവിരുദ്ധവും സ്വകാര്യ ഏജൻസികളെ ഉന്മൂലനം ചെയ്യുവാൻ പര്യാപ്തവുമാകയാൽ അഖിലകേരളകത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മിററി ഈ ഉദ്യമത്തെ അതിശക്തിയായി പ്രതിഷേധിക്കുകയും ആ ബില്ലുകൾ പിൻവലിക്കുവാൻ മദ്രാസ് വിദ്യാഭ്യാസമന്ത്രിയോടഭ്യർത്ഥിക്കുകയും ചെയ്യുന്നു.

"ഹരിജനങ്ങൾക്കു അനുവദിക്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും ഹരിജൻഫണ്ടിൽനിന്നുള്ള ആനുകൂല്യങ്ങളും ഹരിജനങ്ങളിൽനിന്നു ക്രിസ്തുമതം സ്വീകരിക്കുന്നവർക്കു നല്കുന്നതല്ലെന്നും എന്നാൽ അങ്ങനെയുള്ളവർ തിരിച്ചു ഹിന്ദുമതത്തിലേക്കുവന്നാൽ നല്കുന്നതാണെന്നുമുള്ള മദ്രാസ് ഗവമ്മെൻറുത്തരവുകളെ ഈ യോഗം ശക്തിയായി പ്രതിഷേധിക്കുന്നു. ഹരിജനങ്ങൾ ക്രിസ്ത്യാനികളാകാതിരിക്കത്തക്കവണ്ണം അവരുടെ മന:സാക്ഷിസ്വാതന്ത്ര്യത്തിൽ ഒരു പിഴ ചുമത്തുന്നതിനുതുല്യം ഭരണഘടനാതത്വങ്ങൾക്കും ഇൻഡ്യൻ നേതാക്കന്മാരുടെ പ്രഖ്യാപനങ്ങൾക്കും കടകവിരുദ്ധമായ ഈ ഉത്തരവുകൾ ഉടനടി പിൻവലിക്കുവാൻ മദ്രാസ് ഗവമ്മെൻറിനോടഭ്യർത്ഥിക്കുന്നു."

## ലൂർദുഗ്രോട്ടോയിൽ

കഴിഞ്ഞ നാലുമാസങ്ങൾക്കുള്ളിൽ ലൂർദുഗ്രോട്ടോയിൽവച്ചു് 10 ലക്ഷത്തിൽപ്പരം ദിവ്യകാരുണ്യസ്വീകരണങ്ങൾ നടന്നിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു ലൂർദ്ദിലേക്കുള്ള 76-ാമത്തെ ഫ്റാഞ്ചുദേശീയ തീർത്ഥാടനം കഴിഞ്ഞമാസത്തിലാണവസാനിച്ചതു്.

## ധനസഹായം

ജർമ്മനിയിലെ ഹയരാർക്കിയുടെ വാർഷികകോൺഫറൻസ് ഫുൾഡാ എന്ന സ്ഥലത്തുവച്ചുകൂടി, അഭയാർത്ഥി പ്രശ്നപരിഹാരാർത്ഥം ധനപരമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു് ഐക്യകക്ഷികളോടാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

## വെറും കിംവദന്തികൾ

യൂഗോസ്ലാവിയായും തിരുസിംഹാസനവുംതമ്മിൽ ബന്ധം പാലിച്ചുവരികയാണെന്നും തന്മൂലം ആർച്ചുബിഷപ്പ് സ്റ്റെപ്പിനാക്കു് വിളംബംവിനാ ബന്ധനവിമുക്തനാക്കപ്പെടുന്നതാണെന്നും മററും പൂർവ്വയൂറോപ്പു മുതലായ ഭാഗങ്ങളിൽ പ്രചരിച്ചുവരുന്ന കിംവദന്തികളെ വത്തിക്കാൻറേഡിയോ നിഷേധിച്ചിരിക്കുന്നു. യൂഗോസ്ലാവിയൻ കമ്മ്യൂണിസ്റ്റുകാരും തങ്ങളുടെ കമിൻഫോം സഹോദരങ്ങളെപ്പോലെ തന്നെ, കത്തോലിക്കാസഭയെ സ്വദേശാതിർത്തികളിൽനിന്നും നിർമ്മാർജ്ജനം ചെയ്ക എന്നനയം ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ലെന്നു് റേഡിയോവക്താവു തുടർന്നു പ്രസ്താവിച്ചു.

വിമർശനവിധി

# ലോകോദ്ധാരണത്തിനു മനുഷ്യൻമാത്രം മതിയോ?

"ലോകോദ്ധാരണത്തിനു ദൈവമല്ല, താൻതന്നെയാണു പ്രവർത്തിക്കേണ്ടതെന്നുള്ള വിവേകമാണു നാസ്തികനുള്ളതു്. സ്വന്തം അനാസ്ഥയുടേയും ദുഷ്കൃത്യത്തിന്റേയും ഫലം ലോകത്തിൽ എന്നന്നേക്കും നിലനില്ക്കുമെന്നു നാസ്തികൻ അറിയുന്നു. ആ ദുഷ്ഫലം പശ്ചാത്തപിച്ചേറ്റുപറയുന്നതുകൊണ്ടോ വൈദികകർമ്മങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ടോ ലോകത്തിൽനിന്നു മാഞ്ഞുപോവുകയില്ല." പ്രൊഫസർ ഹാൽഡെയിന്റെ ഈ അഭിപ്രായങ്ങളിലും ആശയക്കുഴപ്പവും യുക്തിഹീനതയും അടങ്ങിയിട്ടുണ്ടു്. ദൈവത്തെ നിഷേധിക്കുന്ന നാസ്തികൻ ദൈവത്തെ ഒഴിച്ചുനിർത്തിയായിരിക്കും പ്രപഞ്ചത്തേയും അതിലെ പ്രവർത്തനങ്ങളേയും വീക്ഷിക്കുന്നതു്. നേരെമറിച്ചു ദൈവവിശ്വാസി ദൈവത്തെ ഉൾപ്പെടുത്തിയായിരിക്കും അവയെ വീക്ഷിക്കുന്നതു്. ഈ രണ്ടു വീക്ഷണഗതികളും പല കാര്യങ്ങളിലും, മതവിഷയത്തിൽ പ്രത്യേകിച്ചും, പരസ്പരവിരുദ്ധങ്ങളാകാതെ നിവൃത്തിയില്ല. ദൈവനിഷേധത്തിൽ നിന്നു ചിന്തിക്കുവാൻ തുടങ്ങുന്നവൻ ചെന്നെത്തുന്ന അനുമാനം, ദൈവവിശ്വാസത്തിൽനിന്നു ചിന്തിക്കുവാൻ തുടങ്ങുന്നവൻ ചെന്നെത്തുന്ന അനുമാനത്തിനു വിപരീതമായേ കഴിയൂ. മതാനുഷ്ഠാനങ്ങളെ ആക്ഷേപിക്കുകയും അപലപിക്കുകയും ചെയ്യുന്ന നിരീശ്വരന്മാർ ഈ വാസ്തവം വിസ്മരിക്കുകയാണു പതിവു്. പ്രൊഫസർ ഹാൽഡെയിൻ അതാണിവിടെ ചെയ്തിരിക്കുന്നതു്. ലോകോദ്ധാരണത്തിനു ദൈവമാണോ, മനുഷ്യനാണോ, ദൈവവും മനുഷ്യനും കൂടിയാണോ പ്രവർത്തിക്കേണ്ടതെന്നുള്ള ചോദ്യത്തിനു് ഒരേ ഒരു മറുപടി നല്കുവാനേ നാസ്തികനു സാധിക്കുകയുള്ളു. കാരണം, ദൈവം ഇല്ലെന്നാണല്ലോ അവന്റെ വിശ്വാസം. ഇല്ലാത്ത ദൈവം പ്രവർത്തിക്കുന്നതെങ്ങനെ? ദൈവം ഇല്ലെന്നുള്ള സങ്കല്പത്തിൽ, മനുഷ്യൻ തനിച്ചുവേണമല്ലോ ലോകോദ്ധാരണത്തിനു പ്രവർത്തിക്കുവാൻ. എന്നാൽ നാസ്തികന്റെ പ്രസ്തുതമറുപടി "വിവേകമാണു്" എന്നു പറയുന്നതു ശരിയല്ല. എന്തുകൊണ്ടെന്നാൽ ദൈവം ഇല്ലെന്നുള്ള മൗലികമായ അബദ്ധവിശ്വാസം അവൻ അന്ധമായി സ്വീകരിച്ചിരിക്കുകയാണു്. ദൈവമുണ്ടെന്നു മനുഷ്യബുദ്ധിക്കു പ്രകൃത്യാതന്നെ ബോദ്ധ്യപ്പെട്ടിരിക്കെ, ആ ബോദ്ധ്യത്തെ യുക്തിജന്യങ്ങളായ അനേകം ന്യായങ്ങൾ അനിഷേദ്ധ്യമായി തെളിയിച്ചുകൊണ്ടിരിക്കെ, ദൈവമില്ലെന്നുള്ള നാസ്തികന്റെ വിശ്വാസം വിവേകമല്ല, പ്രത്യുത മൂഢതയാണു്; തന്നിമിത്തം ലോകോദ്ധാരണത്തിനു മനുഷ്യൻതന്നെയാണു പ്രവർത്തിക്കേണ്ടതെന്നുള്ള വിശ്വാസവും മൂഢതതന്നെ. "മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു, ദൈവമില്ലെന്നു്." ഈ മഹാവാക്യം അനേകം സഹസ്രാബ്ദങ്ങൾക്കുമുൻപു മഹാതത്വജ്ഞനും മഹാഭക്തനും മഹാകവിയുമായ ദാവീദെന്ന രാജർഷി ഉച്ചരിച്ചിട്ടുള്ളതാണു്! നാസ്തികന്റെ ഒന്നാമത്തെ ദുഷ്കൃത്യം ദൈവനിഷേധംതന്നെയാണു്; അവന്റെ ഒന്നാമത്തെ അനാസ്ഥ ദൈവാസ്തിത്വത്തിന്റെ ന്യായങ്ങളെ വേണ്ടവിധം അറിയുകയോ അന്വേഷിക്കുകയോ പര്യാലോചിക്കുകയോ ചെയ്യാത്തതാണു്. എന്നുവരികിലും അന്ധവിശ്വാസത്താൽ ബുദ്ധിയുടെകണ്ണു് മൂടിപ്പോയിരിക്കുന്നതുകൊണ്ടു നാസ്തികൻ അതറിയുന്നില്ല.

### ദൈവത്തിന്റെ അധീനതയിൽ മനുഷ്യൻ പ്രവർത്തിക്കണം

ദൈവം പ്രപഞ്ചത്തിന്റേയും അതിലുൾപ്പെട്ട സകല വസ്തുക്കളുടേയും ആദികാരണമാകയാൽ, ആദികാരണത്തിന്റെ സഹായത്തോടും സഹകരണത്തോടുംകൂടിമാത്രം അനന്തരകാരണങ്ങൾക്കു പ്രവർത്തിക്കുവാൻ കഴിയുന്നതിനാൽ, ലോകോദ്ധാരണത്തിനു് മനുഷ്യൻ സ്വാതന്ത്ര്യനായിനിന്നു പ്രവർത്തിച്ചാൽ മതിയെന്നുള്ള സിദ്ധാന്തം അബദ്ധമാകുന്നു; അബദ്ധമാകയാൽ ആ സിദ്ധാന്തം ആപൽക്കരവുമാണു്. ലോകചരിത്രം ഈ വസ്തുതയ്ക്കു സാക്ഷ്യംവഹിക്കുന്നുണ്ടു്. എന്നാൽ കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങൾ പ്രത്യേകിച്ചും ഇതിനു സാക്ഷിയായി നില്ക്കുന്നു. ദൈവം ഇല്ലെന്നോ, അഥവാ ഉണ്ടെങ്കിൽത്തന്നെ അവിടുന്നു മനുഷ്യരുടെ കാര്യങ്ങളിൽ ഇടപെടേണ്ടതില്ലെന്നോ ഉള്ള മിഥ്യാബോധത്താൽ ആധുനിക മനുഷ്യൻ നിശ്ചയിച്ചു, ലോകോദ്ധാരണം താൻതന്നെ സാധിച്ചുകൊള്ളാമെന്നു്. ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങളും അവയെ ആധാരമാക്കിയുള്ള വ്യവസായപ്രവർത്തനങ്ങളും അവയുടെ ഫലമായുണ്ടായ ജീവിതസൗകര്യങ്ങളും മുഖേന ലോകോദ്ധാരണം താൻതന്നെ നിർവഹിച്ചുകൊള്ളാമെന്നു് ആധുനികമനുഷ്യൻ ദുരഭിമാനംകൊണ്ടു ദൈവത്തെ നിഷേധിക്കുകയോ, കുറഞ്ഞപക്ഷം വിസ്മരിക്കുകയോ ചെയ്തതോടുകൂടി ദൈവവിശ്വാസത്തിൽ അടിയുറച്ചിരുന്ന സന്മാർഗ്ഗതത്വങ്ങളെ വ്യക്തിപരമായ ജീവിതത്തിലും സാമുദായികജീവിതത്തിലും പ്രയോഗിക്കേണ്ടതില്ലെന്നു അവൻ നിശ്ചയിച്ചു. മതത്തിന്റേയും സന്മാർഗ്ഗത്തിന്റേയും കടിഞ്ഞാൺ വലിച്ചെറിഞ്ഞുകൊണ്ടു് പ്രകൃതിയുടെ പാശവികമായ വാസനകളെ നിർബാധം വിഹരിച്ചുകൊള്ളുവാൻ അനുവദിച്ചു. ഇതിന്റെയെല്ലാം ഫലമായി ലോകം അനുസ്യൂതം പുരോഗമിക്കുമെന്നും ലോകജീവിതം സുഖകരവും സമാധാനസംപൂർണ്ണവുമായിത്തീരുമെന്നും അവൻ വ്യാമോഹിച്ചു. എന്നാൽ ഈ ആകാശക്കോട്ടകളെ കഴിഞ്ഞ രണ്ടു ലോകമഹായുദ്ധം നിലംപതിപ്പിക്കുകയാണല്ലോ ചെയ്തതു്. ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ മനുഷ്യജീവനെ സംരക്ഷിക്കുന്നതിനുപകരം സംഹരിക്കുകയാണുണ്ടായതു്. വ്യവസായപുരോഗതി ഭൂവാസികളെ തീററിപ്പോററുന്നതിനുപകരം കരയിലും കടലിലും ആകാശത്തിലും വിഷംകലക്കി അവരെ നശിപ്പിക്കുകയാണു ചെയ്തതു്. സംസ്കാരത്തിന്റേയും, നാഗരികതയുടേയും നാമത്തിൽ മനുഷ്യത്വം ആദർശമായി സ്വീകരിക്കപ്പെട്ടിരുന്ന സ്ഥാനത്തു് മനുഷ്യത്വം കണികാണാൻപോലുമില്ലാത്ത മൃഗീയത്വം നടമാടുകതന്നെ ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യവർഗ്ഗം ഏതൊരു കിരാതത്വത്തിൽനിന്നു ശതാബ്ദങ്ങളായി ഉദ്ധരിക്കപ്പെട്ടുവോ ആ കിരാതത്വത്തിലേക്കു അധഃപതിക്കുകയാണുണ്ടായതു്. കാരണം ലോകോദ്ധാരണത്തിനു മനുഷ്യൻതന്നെയാണു് പ്രവർത്തിക്കേണ്ടതു്, ദൈവത്തെ ആശ്രയിക്കേണ്ടതില്ല, ദൈവനിയമം അനുഷ്ഠിക്കേണ്ടതുമില്ല എന്നുള്ള നാസ്തികന്റെ മൂഢതയാണു്. മോട്ടോർ കാർ നിർമ്മിക്കുന്നവൻ അതുപയോഗിക്കേണ്ട വിധത്തെ സംബന്ധിച്ചു നല്കുന്ന ഉപദേശങ്ങളെ വകവയ്ക്കാതെ കാർ ഓടിച്ചുകൊള്ളാമെന്നു ദുരഭിമാനം കൊള്ളുന്ന ഡ്രൈവർ തന്നെത്തന്നെയും കാറിൽ സഞ്ചരിക്കുന്നവരേയും നാശഗർത്തത്തിൽ പതിപ്പിക്കുകയും കാർ ശിഥിലീകൃതമാക്കുകയും ചെയ്യുന്നതുപോലെയാണു് ദൈവത്തെ നിഷേധിച്ചോ, ദൈവത്തെ അവഗണിച്ചോ ലോകോദ്ധാരണം മനുഷ്യൻ സ്വതന്ത്രനായി സാധിക്കുവാൻ ശ്രമിക്കുന്നതെന്നു രണ്ടു ലോകമഹായുദ്ധങ്ങൾ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

### പശ്ചാത്താപവും വൈദികകർമ്മങ്ങളും

മനുഷ്യന്റെ സ്വന്തം അനാസ്ഥയുടേയും ദുഷ്കൃത്യത്തിന്റേയും ദുഷ്ഫലം പശ്ചാത്തപിച്ചേറ്റുപറയുന്നതുകൊണ്ടോ, വൈദികകർമ്മങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ടോ ലോകത്തിൽനിന്നു മാഞ്ഞുപോവുകയില്ല എന്ന വാദം ദൈവവിശ്വാസത്തേയും ക്രിസ്തുമതവിശ്വാസത്തേയും സ്വീകരിക്കാത്ത നാസ്തികനു യുക്തിയുക്തമായി തോന്നുമെന്നു സമ്മതിക്കാം. കാരണം, പശ്ചാത്താപത്തിന്റെ സാധുത്വവും വിലയും ദൈവവിശ്വാസത്തെയാണു് ആധാരമാക്കിയിരിക്കുന്നതു്; അപ്രകാരംതന്നെ വൈദികകർമ്മങ്ങളുടെ സാധുതയും വിലയും ക്രിസ്തുമതവിശ്വാസത്തെയാണു് ആധാരമാക്കിയിരിക്കുന്നതു്. ഈ രണ്ടു വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളാണെങ്കിൽ നാസ്തികന്റെ വാദം ശരിയായിരിക്കും. പശ്ചാത്താപത്തിനും വൈദികകർമ്മങ്ങൾക്കും യാതൊരു സാധുത്വമോ വിലയോ ഉണ്ടായിരിക്കുകയില്ല. എന്നാൽ ദൈവവിശ്വാസവും ക്രിസ്തുമതവിശ്വാസവും യഥാർത്ഥങ്ങളായ വിശ്വാസങ്ങളാണെന്നു് യുക്തിജന്യങ്ങളായ ന്യായങ്ങളാൽ അനിഷേദ്ധ്യമായി തെളിയുന്നതുകൊണ്ടു് അവ സംബന്ധിച്ചുള്ള നാസ്തികന്റെ വിശ്വാസമാണു് സാക്ഷാൽ അന്ധവിശ്വാസം. അതിനെ ആധാരമാക്കിയുള്ള നാസ്തികന്റെ വാദം അവസാനത്തിൽ യുക്തിഹീനമായി പരിണമിക്കുന്നു.

ക്രിസ്തുമതവിശ്വാസപ്രകാരം ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് അന്യൂനമായ പ്രകൃതിയോടുകൂടിയാണു്. വികാരങ്ങളുടെ ഉത്ഭവസ്ഥാനമായ അവന്റെ കീഴംശം വിവേകത്തിന്റെ ഉത്ഭവസ്ഥാനമായ അവന്റെ മേലംശത്തിനു വിധേയമായിരുന്നു. ബുദ്ധിയുടേയും മനസ്സിന്റേയും വിവേകപൂർണ്ണമായ നിർദ്ദേശമനുസരിച്ചുമാത്രമേ വികാരങ്ങൾ വിഹരിക്കുമായിരുന്നുള്ളു. എന്നാൽ മനുഷ്യൻ അവന്റെ ആദിപിതാവിൽ ദൈവഹിതത്തിനെതിരായി സ്വഹിതമനുസരിച്ചു പ്രവർത്തിച്ചു. അതിന്റെ ഫലമായി അവനിലുള്ള കീഴംശമായ വികാരങ്ങൾ മേലംശമായ വിവേകത്തിനെതിരായി പ്രവർത്തിക്കുന്ന ദുരവസ്ഥ വന്നുചേന്നു. സകല മനുഷ്യർക്കും എന്നും എവിടെയും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ആന്തരികമായ ദുരവസ്ഥയാണിതെന്നു് ആരാണു് സമ്മതിക്കാത്തതു്? മനുഷ്യന്റെ "അനാസ്ഥയും ദുഷ്കൃത്യവും" ഈ ദുരവസ്ഥയിൽനിന്നാണു് ഉത്ഭവിച്ചുകൊണ്ടിരിക്കുന്നതു്. വിവേകത്തോടെതിരായുള്ള വികാരങ്ങളുടെ ഈ സമരത്തിൽ വികാരങ്ങളെ കീഴമർത്തി വിവേകത്തിനു വിജയംകൈവരുത്തുവാൻ ദൈവസഹായമുണ്ടെങ്കിൽ അവനു സാധിക്കും. ദൈവം നല്കുന്ന വിശേഷവിധിയായ മാനസികപ്രകാശത്താലും മാനസികപ്രചോദനത്താലും സകല ദുർവികാരങ്ങളേയും പിടിച്ചടക്കി വിവേകപൂർവ്വം ജീവിതംനയിക്കുന്നതിനു് അസംഖ്യം ആളുകൾക്കു സാധിച്ചിട്ടുണ്ടെന്നു ക്രിസ്തീയചരിത്രം സാക്ഷ്യംവഹിക്കുന്നുണ്ടു്. പ്രസ്തുത ദൈവസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണു് ശരിയായ പശ്ചാത്താപവും, ദൈവമായ ക്രിസ്തു ഏർപ്പെടുത്തിയിട്ടുള്ള വൈദികകർമ്മങ്ങളും. ഇതുകൊണ്ടാണു് ലോകമഹായുദ്ധങ്ങളുടെ നാശഫലങ്ങളിൽനിന്നു് ലോകോദ്ധാരണം സാധിക്കുവാൻ മനുഷ്യർ അവന്റെ കുററങ്ങളെ പശ്ചാത്തപിച്ചേറ്റുപറയണമെന്നും വൈദികകർമ്മങ്ങളനുഷ്ഠിക്കണമെന്നും മാർപ്പാപ്പാമാരും മററു വൈദികാദ്ധ്യക്ഷന്മാരും അനുസ്യൂതം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ദൈവത്തിലും ക്രിസ്തുവിലും വിശ്വാസമുള്ള രാഷ്ട്രീയനേതാക്കന്മാരും സമുദായപരിഷ്കർത്താക്കളും ഈ ഉദ്ബോധനംതന്നെ നല്കിക്കൊണ്ടിരിക്കുന്നു. നാസ്തികനായ പ്രൊഫസർ ഹാൽഡെയിനു് ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്തതിൽ ആശ്ചര്യമൊന്നുമില്ല. അദ്ദേഹത്തിന്റെ നാസ്തികത്വമാണു് അതിനു കാരണം. നാസ്തികത്വം വിവേകമല്ല, പ്രത്യുത മൂഢതയാണെന്നു എത്ര പറഞ്ഞാലും മതിയാകുന്നതുമല്ല.


## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | |
|---|---|---|---|
| പലിശനിരക്കു് കറൻറു് | 1½% | 6 മാസം കാലാവധി | 4% |
| സേവിംഗ്സ് | 3% | 12 " | 4½% |
| ഷോർട്ടു് നോട്ടിസ് | 3% | 24 " | 5% |
| | | 36 " | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.


## The Possibility of Reform

Can a drunkard become a man of sobriety? Can a victim of impurity escape from his bondage to lust? Can a gossip become charitable in speech, and one addicted to profanity give up cursing and swearing? The answer is yes, but on three conditions, without any one of which the attempt at reform will almost surely be unsuccessful.

1. The first condition on which any attempt at reform of a bad habit must be based is a solid and realistic conviction of the importance of reform. Natural motives may help to form this conviction, as, for example, the drunkard's realization of the wreckage he is making of his character, his family and his friendships. But the only truly sufficient motivation is spiritual: a man must be convinced that by every sin he is doing irreparable harm to his soul and giving outrageous offense to God. It is practically impossible to make such a conviction realistic without prayerful reading, reflection and meditation.

2. The second condition of reform is that a person realize his need of the help of God and seek for it in the places where God has made it available. Those places are: 1) the confessional, where God rewards frank avowal of guilt with forgiveness of the past and special graces for the future; 2) at Mass and Communion, where the very strength of God is made available to human beings in a measure adequate to any need; 3) in frequent daily prayer, in answer to which God has promised to move mountains if necessary for a man's welfare.

3. The third condition of reform of vices is the courage to break with and remain away from any occasions in which the vices flourished in the past. The drunkard must be strong enough to by-pass every tavern, home, gathering place, where the circumstances frequently induced him to drink to excess in the past; the adulterer must have not one single further rendezvous or even interview with his companion in sin; the gossip must stay away from gossips, and the lustfully inclined from shows, books, magazines, etc. that even border on the indecent.

Fulfilling these three conditions, thousands of great sinners have completely reformed their lives. Anyone who needs reform should study them, resolve to carry them out, and then begin carrying them out at once, without delay or procrastination.

*The Liguorian*

## സഹായമെത്രാൻ

ചെക്കോസ്ലോവാക്കിയായിൽ പ്രേഗിലെ മെത്രാപ്പോലീത്തായായ ബെറാൻ തിരുമേനിയുടെ സഹായമെത്രാനായി പ്രേഗ് അതിരൂപതയിലെ ഫാദർ ഗേട്ടാനൊ മററൂസെക്കു് എന്നദ്ദേഹത്തെ പരിശുദ്ധ സിംഹാസനത്തിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്നു.

# Sathya Deepam

Vol. 23 — Ernakulam September 28 1949 — No. 7


പ്രകൃതിപാഠം

# ഞാഞ്ഞൂൽ

## കർഷകലോകത്തിൽ അതിനുള്ള സ്ഥാനം

ഞാഞ്ഞൂൽകൃഷിയിൽ പ്രസിദ്ധി നേടിയ ഒരു മഹതിയാണ് മിസ്സിസ് സി. ഇ. ഓബ്രിയൻ. അമേരിക്കൻ ഐക്യനാടുകളിൽ കൊളൊറാഡോ എന്ന സ്ഥലമാണ് ഇവരുടെ ദേശം. ഞാഞ്ഞൂളിനെപ്പററിയുള്ള പഠനത്തിൽ ഇവർ ഉത്സുകയായതിന്റെ ഫലമായി സ്വന്തം ജന്മദേശത്ത് ഒരു വലിയ ഞാഞ്ഞൂൽ ഉൽപാദനകേന്ദ്രം അവർ സ്ഥാപിച്ചിരിക്കുന്നു. ലോകത്തിലെ ഏററംവലിയ ഞാഞ്ഞൂൽ കേന്ദ്രമായി ഇതു പരിഗണിക്കപ്പെട്ടുപോരുന്നു.

കേവലം ഒരു നിസ്സാരജീവിയായി കരുതപ്പെട്ടുപോരുന്ന ഞാഞ്ഞൂളിൽ ഒൻപതു കുട്ടികളുടെ മാതാവായ ഒരു മഹതി ഉത്സുകയായി എന്നറിയുമ്പോൾ പക്ഷേ നമുക്ക് അത്ഭുതം തോന്നിയേക്കാം. എന്നാൽ കർഷകലോകത്തിനു ഈ നിസ്സാരജീവി ചെയ്തുകൊണ്ടിരിക്കുന്ന നിസ്സീമമായ സേവനത്തെപ്പററി നാം മനസ്സിലാക്കുമ്പോൾ മിസ്സിസ് ഓബ്രിയന്റെ ഔത്സുക്യം അസ്ഥാനത്തല്ലെന്നു നമുക്കു കാണാവുന്നതാണ്. 1941 മുതലാണ് ഒരു ധനാഗമമാർഗ്ഗമായിത്തീരത്തക്കവിധം വിപുലമായ തോതിൽ ഞാഞ്ഞൂൽ കൃഷിചെയ്യുവാൻ ഈ മഹതി ആരംഭിച്ചത്. യുദ്ധത്തിനു പോയിരുന്ന തന്റെ പുത്രന്മാർ തിരിച്ചുവരുമ്പോൾ അവർക്ക് ഒരു തൊഴിൽ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതായിരുന്നു അതിന്റെ പ്രധാനോദ്ദേശ്യം.

ഓബ്രിയൻസ് കൃഷിചെയ്തുവരുന്ന സോയിലൂഷൻ ഞാഞ്ഞൂൽ വിവിധവർഗ്ഗങ്ങളിൽപ്പെട്ട ഞാഞ്ഞൂളുകളുടെ ഒരു സങ്കരമാണ്. ടെക്സാസിലെ ഒരു ഡോക്ടരായിരുന്ന ജോർജ്ജ് ഷെഫീൽഡ് ഒലിവർ എന്ന മഹാനാണ് ആദ്യമായി ഈ വർഗ്ഗത്തെ ശാസ്ത്രീയമായി ഉൽപാദിപ്പിച്ചത്.

കൃഷിക്കു ഭൂമി ഒരുക്കുന്നതിൽ ഞാഞ്ഞൂൽ കർഷകനെ വളരെ സഹായിക്കുന്നുണ്ടെന്ന് ആദ്യമായി മനസ്സിലാക്കിയതു ഡോക്ടർ ഒലിവർ ആണ്. ഇല, മണ്ണ്, മലിനപദാർത്ഥങ്ങൾ മുതലായവ ഞാഞ്ഞൂൽ ഭക്ഷിക്കുകയും അവയെ നന്നായി പൊടിച്ച് കാഷ്ഠമായി പുറന്തള്ളുകയും ചെയ്യുന്നു. നൈൽനദിതീരത്തെ വളക്കൂറുള്ള മണ്ണിനെക്കാൾ മെച്ചമേറിയതാണ് ഈ കാഷ്ഠമെന്ന് പരീക്ഷണത്തിൽ ഗ്രഹിക്കുവാൻ സാധിച്ചിരിക്കുന്നു. "നമ്മുടെ സ്നേഹിതനായ ഞാഞ്ഞൂൽ" എന്ന അഭിധാനത്തിൽ ഡോക്ടർ ഒലിവർ രചിച്ചിട്ടുള്ള ഒരു ലഘുലേഖയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "കുഴിയുണ്ടാക്കുന്ന ഞാഞ്ഞൂൽ പ്രകൃതിയുടെ കലപ്പയും സംയോജകനും വളദായകനും അത്രേ. ഉഴുന്നതിനും കൃഷിചെയ്യുന്നതിനും വളമിടുന്നതിനും മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള ഏതൊരു ഉപായത്തെയും ഞാഞ്ഞൂൽ അതിശയിക്കുന്നു."

മത്സ്യംപിടുത്തക്കാർ, കൃഷിക്കാർ, തോട്ടക്കാർ ഇവർക്ക് ഞാഞ്ഞൂൽ ഒരു വലിയ അനുഗ്രഹമായി പരിണമിച്ചിരിക്കുന്നു. ഞാഞ്ഞൂൽ ധാരാളമുള്ള ഭൂമിയിൽ നല്ല പൂക്കളും ഫലങ്ങളും സുലഭമായുണ്ടാകുന്നു. ശാസ്ത്രീയരീതിയിൽ മത്സ്യം വളർത്തുന്നവർ മത്സ്യങ്ങൾക്കു ഭക്ഷണമായും ഞാഞ്ഞൂളിനെ ഉപയോഗിക്കുന്നു. കോഴി, പ്രാവ്, പാമ്പ്, തവള മുതലായവയ്ക്ക് ആഹാരമായും ഞാഞ്ഞൂളിനെ ഉപയോഗിക്കാറുണ്ട്. ഭൂമിയുടെ വളസംരക്ഷണത്തിൽ ഞാഞ്ഞൂൽ ഒരു പുതിയ അധ്യായം തുറന്നിരിക്കുന്നു എന്നതാണ് ഏററം ശ്രദ്ധാർഹമായിരിക്കുന്നത്.

ഞാഞ്ഞൂൽ ഭൂമിയിൽ ദ്വാരങ്ങൾ ഉണ്ടാക്കുകയും തദ്വാരാ മണ്ണിനിടയിൽ വായു കയറുന്നതിനു സഹായിക്കുകയും ചെയ്യുന്നു. ഞാഞ്ഞൂളുകളുടെ സാന്നിദ്ധ്യം മൂലം ഇങ്ങനെ വായു കടക്കുന്ന മണ്ണിൽ ഓക്സിജൻ, നൈട്രജൻ മുതലായ ധാതുക്കളുടെ പ്രവർത്തനം എളുപ്പമായിത്തീരുകയും അങ്ങനെ മണ്ണ് കൂടുതൽ ഫലവത്തായിത്തീരുകയും ചെയ്യുന്നു. അതിനുംപുറമേ ഈ ചെറുദ്വാരങ്ങൾ മഴവെള്ളം ശേഖരിച്ചു നിർത്തുന്നതിന് ഏററം പററിയവയുമാണ്. ഭൂമിയുടെ വളസംരക്ഷണത്തിൽ ഞാഞ്ഞൂളിനെ എന്തുമാത്രം ഉപയോഗിക്കാമെന്നുള്ളതിനെപ്പററി അമേരിക്കയിൽ കൂടുതൽ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഞാഞ്ഞൂൽവളർത്തൽകൊണ്ട് കൃഷിവികസനത്തിനു വലിയ സാദ്ധ്യതകൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ഓബ്രിയൻസിനു ആഴ്ചതോറും ആയിരക്കണക്കിനു ഞാഞ്ഞൂളുകൾക്കും മുട്ടകൾക്കും ഓർഡർ ലഭിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയ്ക്കു പുറമേ ന്യൂസിലണ്ട്, ഇംഗ്ലണ്ട് മുതലായ സ്ഥലങ്ങളിൽനിന്നും ഓർഡർ ലഭിക്കുന്നുണ്ട്. നൂറ്, അഞ്ഞൂറ്, ആയിരം, അയ്യായിരം എന്നീ കണക്കിനാണ് അവയെ കപ്പലിൽ അയക്കുന്നത്.

ഓബ്രിയൻസിന്റെ കൃഷിയിൽ അധികഭാഗവും ഗൃഹത്തോട് അനുബന്ധിച്ചുള്ള രണ്ടു പറമ്പിൽ ഇരുപതെട്ടു കുഴികളിലായിട്ടാണ് നടത്തുന്നത്. ഓരോ കുഴിക്കും ആറടി നീളവും മൂന്നടി വീതിയും നാലടി താഴ്ചയും ഉണ്ട്. ഈ കുഴികൾ ഉപയോഗശൂന്യവും വൃത്തിഹീനവും ആയ സാധനങ്ങൾകൊണ്ടു നിറയ്ക്കുന്നു. മഞ്ഞുകാലത്ത് അത്യധികമായ ശൈത്യത്തിൽനിന്നും ഞാഞ്ഞൂളുകളെ സംരക്ഷിക്കുന്നതിനു കുഴികൾ വൈക്കോലുകൊണ്ടു മൂടുന്നു. അവയ്ക്ക് എപ്പോഴും ആഹാരം കൊടുക്കേണ്ടിയിരിക്കുന്നു. പഴയ സാധനങ്ങൾ, സസ്യങ്ങളുടെ തൊണ്ടുകൾ, ഓട്ടമീൽ, ഉള്ളി എന്നിങ്ങനെ മിക്കവാറും എന്തുംതന്നെ അവ തിന്നുന്നു. കുഴികൾ എപ്പോഴും ഈർപ്പമുള്ളതായി സൂക്ഷിക്കണം. പ്രകൃത്യാ ഈർപ്പമില്ലാത്തപക്ഷം നനയ്ക്കണം. അത്യധികമായ ചൂടിൽനിന്നും തണുപ്പിൽനിന്നും ഞാഞ്ഞൂളിനെ സംരക്ഷിക്കേണ്ടിയിരിക്കുന്നു.


ഞാഞ്ഞൂളിനെ പെട്ടിയിലാക്കി അയക്കുക ഒരു പ്രത്യേകജോലിയാണ്. കട്ടിയുള്ള കാർഡ്ബോർഡുകൊണ്ടും മരംകൊണ്ടും പാട്ടകൊണ്ടും ഉള്ള പെട്ടികളിലാക്കിയാണ് അയക്കുന്നത്. പെട്ടികൾ ഈർപ്പമുള്ള ചീഞ്ഞ തൊലികൾ കൊണ്ടു നിറയ്ക്കുന്നു. കാററുകടക്കുന്നതിനു പെട്ടികൾക്കു ദ്വാരങ്ങൾ ഉണ്ടാക്കുകയും അവയിൽ ആവശ്യമുള്ള തീററിസാധനങ്ങൾ വയ്ക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ ഞാഞ്ഞൂളുകൾ ചത്തുപോകുമെന്നു ഭയന്ന് ഓബ്രിയൻസ് മുട്ടകൾ മാത്രമേ അയച്ചിരുന്നുള്ളു.

വളർച്ച എത്തിയ എല്ലാ ഞാഞ്ഞൂളും മുട്ടയിടും. മുട്ടകൾ ശേഖരിക്കുന്ന ജോലി വളരെ പ്രയാസമുള്ളതാണ്. ജോലിക്കാർ മുട്ടകൾ പെറുക്കി എടുത്ത് അവയിൽ പററിയിരിക്കുന്ന മണ്ണ് വിരലുകൾക്കിടയിൽക്കൂടി കിഴോട്ടു കളയുന്നു. ഒരു നല്ല ജോലിക്കാരൻ എട്ടുമണിക്കൂർകൊണ്ട് അയ്യായിരംമുതൽ എണ്ണായിരം മുട്ടവരെ ശേഖരിക്കുന്നു. ഈ ജോലി വളരെ പ്രയാസമുള്ളതാണെങ്കിലും ഇതു ഓബ്രിയൻ കുടുംബത്തിന്റെ പല അയൽക്കാർക്കും ജീവസന്ധാരണമാർഗ്ഗമായിരിക്കുന്നു. ശരിയായി ജോലിചെയ്യുന്ന ഒരാൾക്കു ഒരു മണിക്കൂറിൽ ഒരു ഡോളർ സമ്പാദിക്കുവാൻ സാധിക്കും.

ഓബ്രിയൻ കുടുംബക്കാർ വളരെ മതതീക്ഷ്ണതയുള്ള കത്തോലിക്കരാണ്. തങ്ങളുടെ കുട്ടികൾക്കു കത്തോലിക്കാ വിദ്യാഭ്യാസം നൽകുന്ന വിഷയത്തിൽ അവർ ദത്താവധാനരായിരിക്കുന്നു. ഞാഞ്ഞൂൽ വളർത്തൽ കേന്ദ്രത്തിന്റെ സ്ഥാപകയായ മിസ്സിസ് ഓബ്രിയൻ വിശുദ്ധ അന്തോനീസിന്റെ ഒരു പ്രത്യേക ഭക്തയാണ്. ഈ മഹതി ഞാഞ്ഞൂൽ വളർത്തലിൽ അതീവ ശ്രദ്ധാലുവാണെങ്കിലും ആ ശ്രദ്ധ കുടുംബകാര്യത്തിൽ അവശ്യം പ്രദർശിപ്പിക്കേണ്ട താല്പര്യത്തിനു ലോപം വരുത്തുവാൻ അവർ സമ്മതിച്ചില്ല. തന്റെ ഒൻപതു കുട്ടികളെ ശരിയായി വളർത്തേണ്ടതു ജീവിതത്തിന്റെ പ്രധാനലക്ഷ്യമായി അവർ എപ്പോഴും കരുതിയിരുന്നു. കർത്തവ്യനിരതരായ കത്തോലിക്കാ മാതാക്കൾക്കു ഉത്തമമാതൃകയാണ് മിസ്സിസ് ഓബ്രിയൻ.

(Adapted from "St. Antony Messenger", America)

A. V. T.



തൃശ്ശൂർ സെൻറ് മേരീസ് അനാഥശാലയോടനുബന്ധിച്ച് ശ്രീ കവലക്കാട്ട് കുഞ്ഞിപ്പാലു ഫ്രാൻസീസിന്റെ വകയായി പണികഴിപ്പിച്ചിട്ടുള്ള കപ്പേള.

## യഥാർത്ഥതയിൽ *

(തിരുമംഗലം)

പ്രലോഭനം:—
അചരനീലാഭയതോടിട്ടമംബരം
സ്വച്ഛരയായ് സൗഖ്യസമത്വസമ്പൂർണ്ണയായ്
ഭാനുവും തിങ്കളും സപ്തഗ്രഹങ്ങളും
ഭരിച്ചു സന്തുഷ്ടർ മന്ദഹാസാഞ്ചിതർ
ഭീതിയും തീണ്ടാതെ ചുംബിച്ചുപായുമീ
പാതിരാപ്പൂക്കളിതാരങ്ങൾ മോഹനം
ഹാ! ഹാ! യുവതേ! കൺകളിൽമിന്നുമീ
മോഹന പ്രത്യാത്മരൂപം പൂണ്ടിടാം.
ഭാവിയിൽ ഭാസുരനാകം ധരിത്രിയിൽ
ഭാവനാരൂപം ചമയ്ക്കുന്നിയംബരാ
മാടിവിളിക്കുമീ മാധുര്യഭാവന
മായാത്ത മാറാത്ത രൂപം "കമ്യൂണിസം."
അന്തഃകരണം:—
ക്ഷോഭിച്ചലകളടിച്ചുടരാടവെ
ക്ഷീണിച്ചുയാഴിയും തൃപ്തയാകുന്നിദം
പൊങ്ങുന്നുവക്ത്രം പിളർന്നിതാമന്നിനെ
സംഗമിച്ചിടുവാനാഴി; നിരാശയായ്;
മായാത്ത ബീഭത്സരൂപം ധരിക്കുവാൻ
മാടിവിളിക്കയോ കാഞ്ചനധാരിയെ.
ഭീതിതൻ ബീഭത്സപാശകൾ പാരിനു
ആദരവേറുമാ കാലം കഴിഞ്ഞുപോയ്.
കവി:—
മിന്നുമീ സൗഹാർദ്ദം മന്നിനു തൂമലർ
മാധുര്യസാമ്രാജ്യം വാഴട്ടെ സോദരാ!
നാകം ചമയ്ക്കുവാൻ നായകനാകുവാൻ
നാടിനെ ഭൂഷണംചെയ്തുദയാസോദരാ!
പാരതന്ത്ര്യത്തിന്റെ ഭാരിച്ച ശൃംഖല
പാരമ്യമെത്താതെ ചിന്തിച്ചിതാവെ
സത്യം, സഹിഷ്ണുത, സ്വാതന്ത്ര്യബോധവും
സംസ്കാരമേററട്ടെ ഹാ! ജന്മനാടിനെ

* തയ്യാറായിവരുന്ന "രക്തവീഥിയിൽ" എന്ന കവിതാസമാഹാരത്തിൽനിന്നു്.

## ലഘുലേഖാപരമ്പര

മണപ്പുറം മാർത്തോമ്മാദാസസംഘത്തിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യപ്രശ്നങ്ങളെ അധികരിച്ച് പുരോഗമനപരമായ രീതിയിൽ ഒരു ലഘുലേഖാപരമ്പര പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്നു. ഇതിന്റെ പ്രതികൾക്ക് "പ്രസിദ്ധീകരണക്കമ്മററി സെക്രട്ടറി, മണപ്പുറം മാർത്തോമ്മാദാസസംഘം, തൈക്കാട്ടുശേരി" എന്ന വിലാസത്തിൽ ആവശ്യപ്പെടുക.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam